I ഇ.ബി. XII-കേരള നിയമസഭ /V-21

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നിയമസഭാ നടപടികൾ - സംഗ്രഹം
(ചോദ്യോത്തരങ്ങൾ ഒഴികെ)

2007 ജൂലായ് 24, ചൊവ്വ

നിയമസഭ രാവിലെ 8.30- ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## അടിയന്തിര പ്രമേയം

### ടൈറ്റാനിയം സ്പോഞ്ച് പ്ളാന്റ് ടെൻഡറില്ലാതെ റഷ്യൻ ആയുധ കമ്പനിക്ക് നൽകാൻ ധാരണയായത് സംബന്ധിച്ച്

**മി. സ്പീക്കർ** : പൊതുമേഖലാസ്ഥാപനമായ കേരള മിനറൽസ് ആന്റ് മെറ്റൽസിന് മാത്രം സ്വന്തമായ ക്ളോറൈഡ് ഗ്രൂപ്പിലെ സാങ്കേതിക വിദ്യ കൈമാറാനും 1200 കോടി രൂപ ചെലവ് വരുമെന്ന് കണക്കാക്കിയ ടൈറ്റാനിയം സ്പോഞ്ച് പ്ളാന്റ് റഷ്യൻ ആയുധ കമ്പനിക്ക് ടെണ്ടർ ഇല്ലാതെ നൽകാനുമുള്ള തീരുമാനംമൂലം കെ.എം.എം.എൽ.ന്റെയും തീരപ്രദേശത്തെ ജനങ്ങളുടെയും താല്പര്യങ്ങൾക്ക് വിഘാതമാകുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ വി.ഡി.സതീശൻ, കെ. കുട്ടി അഹമ്മദ് കുട്ടി, ജോസഫ് എം. പുതുശ്ശേരി, കെ.ബി. ഗണേഷ് കുമാർ, കെ.കെ. ഷാജു എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

**വ്യവസായ വകുപ്പുമന്ത്രി (ശ്രീ.എളമരം കരീം)**: 1200 കോടി രൂപ ചെലവ് വരുന്ന ടൈറ്റാനിയം സ്പോഞ്ച് പ്ളാന്റ് 1500 കോടി രൂപയ്ക്ക് റഷ്യൻ കമ്പനിക്ക് നൽകാൻ ടെണ്ടർ ഇല്ലാതെ ധാരണയായിയെന്നു പറയുന്ന ആരോപണം അടിസ്ഥാനരഹിതമാണ്. കേരളത്തിലെ ഏറ്റവും പ്രമുഖ പൊതു മേഖലാസ്ഥാപനമായ കേരള മിനറൽസ് ആന്റ് മെറ്റൽസിൽ 2000-ൽ അന്നത്തെ എൽ.ഡി.എഫ്. സർക്കാരിന്റെ അംഗീകാരത്തോടെ 782 കോടി രൂപയുടെ വികസന പദ്ധതി തയ്യാറാക്കിയിരുന്നു. എന്നാൽ 2001-ൽ അധികാ രത്തിൽ വന്ന യു.ഡി.എഫ്. ഗവൺമെന്റ് ഈ പദ്ധതിയിൽ കാര്യമായ മാറ്റ ങ്ങൾ വരുത്തി, 760 കോടി രൂപയുടെ മറ്റൊരു പദ്ധതിയാക്കി മാറ്റി. ഈ പദ്ധതി നടപ്പിലാക്കുന്നതിന് ടെണ്ടർ ചെയ്ത് യോഗ്യതയുള്ളവരെ തെരഞ്ഞെ ടുക്കണമെന്ന ബോർഡ് തീരുമാനത്തെ മാനിക്കാതെ, എഞ്ചിനീയേഴ്സ് ഇൻഡ്യാ ലിമിറ്റഡ് പോലുള്ള അംഗീകൃത ഗവൺമെന്റ് ഓഫ് ഇൻഡ്യയുടെ സ്ഥാപനങ്ങളെ മറികടന്ന് 'മെക്കോൺ'എന്ന കമ്പനിയെ കൺസൾട്ടന്റായി തെരഞ്ഞെടുക്കുകയാണ് അന്ന് ചെയ്തത്. മെക്കോണിന് പദ്ധതികൾ നടപ്പി ലാക്കുന്നതിന് പ്രോജക്ട് തയ്യാറാക്കാൻ മാത്രമല്ല, ഈ പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് വിവിധ സ്ഥാപനങ്ങളുമായി കരാറിൽ ഏർപ്പെടു ന്നതിനും പൂർണ്ണമായ പവർ ഓഫ് അറ്റോർണി നൽകിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ മെക്കോൺ 1142 കോടി രൂപയ്ക്കുള്ള. ഡീറ്റെയിൽഡ് പ്രോജക്ട് തയ്യാറാക്കി. 760 കോടി രൂപയുടെ ഗവൺമെന്റിന്റെ അംഗീകാരം ഉണ്ടായിരുന്ന പ്രോജക്ട് നിലവിലിരിക്കെ പവർ ഓഫ് അറ്റോർണി ലഭിച്ച മെക്കോൺ 1142 കോടി രൂപയുടെ പ്രോജക്ടാക്കി അതിനെ മാറ്റിയതിന് ഗവൺമെന്റിന്റെ അനുമതിയില്ല; ക്യാബിനറ്റിന്റെ അംഗീകാരവുമില്ല. 2006-ലെ

തെരഞ്ഞെടുപ്പിന് തൊട്ടുമുമ്പ് 458 കോടി രൂപയുടെ ഒരു കരാർ ധൃതിപിടിച്ച് മെക്കോൺ ഒപ്പിട്ടു. കെ.എം.എം.എൽ.-നുവേണ്ടി മെക്കോൺ എന്നുപറയുന്ന കൺസൾട്ടൻസി ഒപ്പിട്ട ഈ കരാറിൽ ബോർഡിന്റെയോ ഗവൺമെന്റിന്റെയോ യാതൊരു തരത്തിലുള്ള ഒപ്പും കാണുന്നില്ല. ടെണ്ടർ ചെയ്തപ്പോൾ വിദേശ കമ്പനികൾ ഉൾപ്പെടെ നൽകിയ ക്വട്ടേഷനുകൾ സെലക്ട് ചെയ്ത രീതി എന്താണെന്ന് പരിശോധിക്കാൻ ഒന്നേകാൽ വർഷത്തോളം ശ്രമം നടത്തിയെങ്കിലും ഒരു റിക്കോർഡും കമ്പനിയിൽ കാണുന്നില്ല. എല്ലാം മെക്കോണിന്റെ കയ്യിലാണ്. ഇവിടെ റഷ്യൻ കമ്പനിക്ക് കരാർ കൊടുത്തുവെന്ന് ആക്ഷേപിക്കുന്നവർ മെക്കോൺ കെ.എം.എം.എൽ. .നുവേണ്ടി കരാർ ഒപ്പിട്ട കമ്പനികളെക്കുറിച്ച് മൗനം ദീക്ഷിക്കുകയാണ്. 'അവിസ്മ' എന്ന് പറയുന്ന കമ്പനി റഷ്യയുടെ പ്രതിരോധ സ്ഥാപനമായ 'റോസോബറോൺ എക്സ്പോർട്ടേഴ്സ്' എന്ന സ്ഥാപനത്തിന് 60 ശതമാന ത്തിലധികം ഷെയറുള്ള സ്ഥാപനമാണ്. ആ സ്ഥാപനവുമായി ഗവൺമെന്റ് യാതൊരുവിധത്തിലുള്ള കരാറിലും ഏർപ്പെട്ടിട്ടില്ല. സംയുക്ത മേഖലയിൽ ഖനനം ആകാമെന്ന യു.ഡി.എഫ്. ഗവൺമെന്റിന്റെ നയം റദ്ദ് ചെയ്ത് പൊതു മേഖലയിൽ മാത്രമേ ഖനനം അനുവദിക്കൂവെന്ന നയം ഈ ഗവൺമെന്റ് അംഗീകരിച്ചു. സെൻസിറ്റീവായ രീതിയിൽ ഖനനം പാടില്ലായെന്ന് തീരുമാനി ച്ചു. ടൈറ്റാനിയത്തിന്റെ വിവിധ ലോഹങ്ങൾ ഉല്പാദിപ്പിക്കുന്ന അതിസ ങ്കീർണ്ണമായ സാങ്കേതിക വിദ്യ ഇൻഡ്യയിൽ ലഭ്യമല്ലാത്തതുകൊണ്ട് ആ സാങ്കേതിക വിദ്യയുള്ള സ്വകാര്യ സ്ഥാപനങ്ങളുമായി സഹകരിച്ച് പ്രവർത്തി ക്കുമെന്ന് ഗവൺമെന്റ് നയത്തിൽ വ്യക്തമാക്കുകയും അതനുസരിച്ച് വിവിധ കമ്പനികളുമായി ചർച്ച നടത്തിക്കൊണ്ടിരിക്കുകയുമാണ്. റഷ്യ, ചൈന

കമ്പനികളുമായോ ടാറ്റയുമായോ ഗവൺമെന്റ് ഒരു കരാറിലും ഏർപ്പെട്ടിട്ടില്ല. ഐ.എസ്.ആർ.ഒ. 100 കോടി രൂപ ചെലവ് വരുന്ന ഒരു സ്പോഞ്ച് അയൺ പ്ളാന്റ് സ്ഥാപിക്കുന്നതിനുവേണ്ടി 4 വർഷങ്ങൾക്കുമുമ്പ് കെ.എം.എം.എൽ. -നെ ഏല്പിച്ചിരുന്നെങ്കിലും കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അത് ആരംഭിച്ചില്ല. ആ പദ്ധതിയുടെ പ്രവർത്തനം ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്. ഐ.എസ്.ആർ.ഒ. നൽകിയ 100 കോടി രൂപയിൽ 5 കോടി രൂപ ഒരു ഓക്സിജൻ പ്ളാന്റ് സ്ഥാപിക്കാൻ ഇന്ററസ്റ്റ് ഫ്രീ ലോണായി മെക്കോൺ ശുപാർശ ചെയ്ത ഒരു കമ്പനിക്ക് യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് കൊടുത്തു. ഓക്സിജൻ പ്ളാന്റ് കമ്പനി നേരിട്ട് സ്ഥാപിക്കണമെന്നായിരുന്നു ബോർഡിന്റെ തീരുമാനം. എന്നാൽ മെക്കോൺ ശുപാർശ ചെയ്ത ഡൽഹി ആസ്ഥാനമായി പ്രവർത്തിക്കുന്ന ഒരു സ്വകാര്യ കമ്പനിക്ക് കരാർ കൊടുത്തു. ആ കരാറിന്റെ അടിസ്ഥാനത്തിൽ ക്യാപ്പിറ്റൽ അസിസ്റ്റൻസ് എന്ന പേരിൽ എല്ലാ മാസവും 95 ലക്ഷം രൂപ കമ്പനിക്ക് നൽകണമെന്ന് കരാറിൽ ഒപ്പു വച്ചു. ആ കരാർ പ്രകാരം കമ്പനിക്ക് ആവശ്യമുള്ള ഓക്സിജൻ എടുത്താൽ ഒരു ടണ്ണിന് 12 രൂപ ചെലവ് വരും. ആ കരാർ നടപ്പിലാക്കേണ്ടതില്ലായെന്ന് ഈ ഗവൺമെന്റ് തീരുമാനിച്ചു. ബിൽട്ട്, ഓൺ ആന്റ് ഓപ്പറേറ്റ് എന്ന വ്യവസ്ഥയിലാണ് ആ കരാർ. ഇപ്പോൾ ആ കമ്പനി അതിനെക്കാൾ റേറ്റ് കുറച്ച് ഓക്സിജൻ തരാൻ സന്നദ്ധമാണെന്ന് പറഞ്ഞ് സമീപിച്ചിരിക്കുകയാണ്. ശുദ്ധജല വിതരണത്തിനുള്ള ഡീസാലിനേഷൻ പ്ളാന്റിന്റെ കാര്യത്തിൽ നേരത്തെ ബി.എച്ച്.ഇ.എൽ. ഉൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ ഏകദേശം 20 കോടി രൂപയ്ക്ക് ആ പ്രവർത്തി ചെയ്യാമെന്ന് പറഞ്ഞിരുന്നുവെങ്കിലും മെക്കോൺ, ദോഷി അയൺ എന്ന കമ്പനിക്ക് 42 കോടി രൂപയ്ക്ക് കരാർ ഉറപ്പിക്കുകയും 25 ശതമാനം തുക അഡ്വാൻസ്

നൽകുകയും ചെയ്തു. ഈ നിലയിലെല്ലാമുള്ള കരാറുകൾ കമ്പനിക്ക് സാമ്പത്തിക പ്രയാസം വരുത്തുമെന്ന് കണ്ടപ്പോൾ ഗവൺമെന്റ് അത് പുനഃപരിശോധിക്കാൻ തീരുമാനിച്ചു. ഇതിനെതിരായി ട്രേഡ് യൂണിയനുകൾ ആക്ഷേപങ്ങൾ ഉന്നയിച്ചു. ഇന്നത്തെ മുഖ്യമന്ത്രി അന്ന് പ്രതിപക്ഷ നേതാവായിരുന്നപ്പോൾ കമ്പനി സന്ദർശിക്കുകയും ഈ ഇടപാടുകളെക്കുറിച്ച് അന്വേഷിക്കണമെന്ന് പരസ്യമായി ആവശ്യപ്പെടുകയും ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ അവിടത്തെ ട്രേഡ് യൂണിയൻ ലോക് ആയുക്തക്ക് പരാതി കൊടുക്കുകയും ലോക് ആയുക്ത ഇത് ഗുരുതരമായ ആക്ഷേപമാണെന്ന് കണ്ടെത്തുകയും വിജിലൻസ് അന്വേഷണം നടത്താൻ ഉത്തരവിടുകയും ചെയ്തു. അതിന്റെയടിസ്ഥാനത്തിൽ ഈ ഗവൺമെന്റ് ഒരു വിജിലൻസ് അന്വേഷണത്തിന് ഉത്തരവിട്ടു; അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്. ഈ പശ്ചാത്തലത്തിൽ അവിടെയുള്ള എക്സ്പാൻഷൻ പ്രോജക്ട് റിവ്യൂ ചെയ്യാൻ ബോർഡ് ഒരു സബ് കമ്മിറ്റിയെ വച്ചു. ആ സബ് കമ്മിറ്റി കമ്പനിയുടെ ഇന്നത്തെ സാമ്പത്തിക സ്ഥിതിയിൽ ഇത്തരം വലിയൊരു കരാർ ഏറ്റെടുക്കാൻ കഴിയുകയില്ലെന്നും ഇതിൽ ധാരാളം ദുരൂഹത ഉണ്ടെന്നും അതുകൊണ്ട് ഇതിലെ മേജർ കരാറുകൾ ഒഴിവാക്കേണ്ടതാണെന്നും ബോർഡിനോട് ശുപാർശ ചെയ്തു. ബോർഡ് അത് അംഗീകരിച്ച് ഗവൺമെന്റിൽ ശുപാർശ ചെയ്തു. ഗവൺമെന്റ് അത് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ഇതു സംബന്ധിച്ച് ഒരു ദുരൂഹതയും ഇല്ലെന്നു മാത്രമല്ല ഒരു വിദേശ കമ്പനിക്കും കരിമണൽ അടിയറ വയ്ക്കാനോ കെ.എം.എം.എൽ. -ന്റെ ഏതെങ്കിലും വിധത്തിലുള്ള പ്രോസസ്സിൽ മറ്റാരെങ്കിലുമായി പങ്കുചേരാനോ ഈ ഗവൺമെന്റ് ഉദ്ദേശിക്കുന്നില്ല. ഒരു ആശങ്കയും ആർക്കും വേണ്ട.

**<u>ശ്രീ. വി. ഡി. സതീശൻ</u>:** കെ.എം.എം.എൽ. വളരെയധികം പ്രതിസന്ധി നേരിടുന്ന കാലഘട്ടത്തിൽ പൊതുമേഖലാസ്ഥാപനങ്ങളെ സംബന്ധിച്ചുള്ള രണ്ട് നിയമസഭാ സമിതികൾ ഈ അടിസ്ഥാന നവീകരണ പ്രക്രിയ കെ.എം.എം.എൽ. നടത്തിയില്ലെങ്കിൽ ഗുരുതരമായ നഷ്ടത്തിലേയ്ക്ക് വഴുതിവീഴുമെന്നും പ്രൊഡക്ഷൻ കുറവായതുകാരണം കോസ്റ്റ് എഫക്ടീവായി കമ്പനി നടത്തിക്കൊണ്ടുപോകാൻ കഴിയില്ലെന്നും പറഞ്ഞു. മാത്രമല്ല എക്സൈസ് ഡ്യൂട്ടി 140 ശതമാനം ഉണ്ടായിരുന്നപ്പോഴാണ് കമ്പനി ലാഭത്തിലായത്. കോസ്റ്റ് എഫക്ടീവായ ടൈറ്റാനിയം പിഗ്മെന്റ് വിതരണം ചെയ്യാൻ കഴിയാതെ കമ്പനി അടച്ചുപൂട്ടേണ്ട ഗതിവരുമെന്ന് കണ്ടപ്പോഴാണ് നായനാർ ഗവൺമെന്റ് 2000-ത്തിൽ അടിസ്ഥാന നവീകരണ പ്രക്രിയയ്ക്ക് അംഗീകാരം നൽകിയത്. സുപ്രീം കോടതിയുടെ പാരിസ്ഥിതിക പ്രശ്നങ്ങൾ പഠിക്കുന്ന മോണിറ്ററിംഗ് കമ്മിറ്റി പരിശോധിച്ചപ്പോൾ ഇപ്പോഴുള്ള ബെനലൈറ്റ് പ്രോസസ്സ് വളരെ പൊള്യൂട്ടിംഗായ പ്രൊസീഡ്യുവറാണെന്നും അത് നടത്തിക്കൊണ്ടുപോകാൻ കഴിയില്ലെന്നും അതുകൊണ്ട് അടുത്ത വർഷം കമ്പനി അടച്ചുപൂട്ടണമെന്നും പറഞ്ഞു. 2009 ആകുമ്പോൾ എക്സൈസ് ഡ്യൂട്ടി സീറോ ശതമാനമായി മാറുന്നതോടുകൂടി ഈ കമ്പനി നിലനിർത്താൻ കഴിയാത്ത സാഹചര്യം ഉണ്ടാകും. 35000 ടൺ പിഗ്മെന്റ് ഉൽപ്പാദനമുള്ളത് ഒരു ലക്ഷം ടണ്ണായി വർദ്ധിപ്പിക്കാൻ കഴിയുമെന്നുള്ളതാണ് അടിസ്ഥാന നവീകരണ പ്രക്രിയ നടപ്പിലാക്കാനുണ്ടായ പ്രധാനപ്പെട്ട കാരണം. യു.ഡി.എഫ്. ഗവൺമെന്റ് കൊണ്ടുവന്ന 782 കോടി രൂപയുടെ പ്രോജക്ട് പിന്നീട് വന്ന എൽ.ഡി.എഫ്. ഗവൺമെന്റ് കുറച്ചുകൂടി ചുരുക്കി 700 കോടി രൂപയ്ക്ക് നടപ്പിലാക്കാനുള്ള തീരുമാനവുമായി മുന്നോട്ടുപോകുകയും അതിനുള്ള എഗ്രിമെന്റ് വയ്ക്കുകയും ചെയ്തു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന

ശേഷം ഒരു സബ് കമ്മിറ്റിയെ വച്ച് അടിസ്ഥാന നവീകരണ പ്രക്രിയ നിറുത്തി വയ്ക്കാൻ ഡയറക്ടർ ബോർഡ് തീരുമാനമെടുത്തു. എക്സ്പാൻഷൻ പ്രോജക്ട് നിലച്ചാൽ ടൈറ്റാനിയം പിഗ്മെന്റിന്റെ മാർക്കറ്റ് പൂർണ്ണമായും ടാറ്റ യുടെ സ്വന്തമാകും. ടാറ്റായുടെ തൂത്തുക്കുടിയിലെ പ്ളാന്റ് തുടങ്ങാനുള്ള എല്ലാ സൗകര്യവും ഈ ഗവൺമെന്റ് ചെയ്തുകൊടുത്തു. പാരിസ്ഥിതിക പ്രശ്നമുള്ള ബനറൈൽ പ്രോസസ് മാറ്റി ബച്ചർ പ്രോസസ് ആക്കുന്നതിനു വേണ്ടി ഇവിടെ ജർമൻ ടെക്നോളജി ആട്ടോകാമ്പു എന്ന കമ്പനിയെയാണ് ഏൽപ്പിച്ചത്. ഇവിടെ ഈ പ്രക്രിയ നിർത്തലാക്കിയപ്പോൾ ആട്ടോകാമ്പു തൂത്തുക്കുടിയിലെ ടാറ്റയുമായി സന്ധി ചെയ്ത് ബച്ചർ ടെക്നോളജി പൂർണ്ണ മായും ടാറ്റയ്ക്ക് കൈമാറുന്നു. ടാറ്റയ്ക്കുവേണ്ടി സംസ്ഥാനത്തിന്റെ പിഗ്മെന്റ് പ്രൊഡക്ഷൻ പൂർണ്ണമായി നിർത്തിയിരിക്കുന്നു. ഇതെല്ലാമാണ് ഈ സർക്കാർ ചെയ്തുകൊടുത്തിരിക്കുന്നത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് വിദേശ സഹയത്തോടെ ടൈറ്റാനിയം സ്പോഞ്ച് അയേൺ പ്ളാന്റ് സ്ഥാപിക്കാനുള്ള ശ്രമങ്ങൾ നടത്തുകയുണ്ടായി. 2005 അവസാനം 1200 കോടി രൂപയുടെ ഗ്ളോബൽ ടെൻഡറില്ലാതെ ആർക്കും കൊടുക്കണ്ട എന്ന് കെ.എം.എം.എൽ. ഡയറക്ടർ ബോർഡ് തീരുമാനമെടുത്തു. ആ തീരുമാനം കാറ്റിൽപ്പറത്തി ഈ സർക്കാരും ഡയറക്ടർ ബോർഡും 2007 മേയ് 17-ന് റഷ്യയിലെ റോസോബറോൺ എക്സ്പോർട്ടേഴ്സുമായി ധാരണാപത്രം ഒപ്പു വച്ചു. റോസോബറോൺ ആയുധ കയറ്റുമതി നടത്തുന്ന സ്ഥാപനമാണ് ടൈറ്റാനിയം ഇൻഡസ്ട്രിയുമായി അവർക്ക് യാതൊരു ബന്ധവുമില്ല. റഷ്യ യിലെ മാഫിയകളുടെ നിയന്ത്രണത്തിലുള്ള അവിസ്മ കോർപ്പറേഷനുവേണ്ടി 1200 കോടി രൂപയുടെ ഓഫർ 1500 കോടി രൂപയാക്കി കൈമാറാനുള്ള ഗൂഢാലോചനയാണുള്ളത്. 40000 ടൺ പിഗ്മെന്റ് ഉൽപ്പാദിപ്പിക്കുന്നുവെ

ങ്കിൽ 50000 ടൺ ടെട്രാ ക്ളോറൈഡ് ഉണ്ടാക്കണം. റോസോബറോൺ കമ്പനിയുമായുള്ള എം.ഒ.യു.വിൽ പറഞ്ഞിരിക്കുന്നത്, 50000 ടൺ ടെട്രാ ക്ളോറൈഡ് അവർക്ക് കൊടുക്കാമെന്നാണ്. സംസ്ഥാനത്ത് ഉൽപ്പാദിപ്പി ക്കുന്ന ടെട്രാ ക്ളോറൈഡ് കൊടുത്താൽ പിഗ്മെന്റ് പ്രൊഡക്ഷൻ പൂർണ്ണ മായും നിലയ്ക്കുകയും കെ.എം.എം.എൽ. അടച്ചുപൂട്ടുകയും ചെയ്യേണ്ട സ്ഥിതി വരും. തീരദേശത്തുള്ള അമൂല്യമായ കരിമണൽ വളഞ്ഞ വഴികളി ലൂടെ റോസോബറോൺ കമ്പനിയെ മുന്നിൽ നിർത്തിക്കൊണ്ട് അവിസ്മ കോർപ്പറേഷൻ എന്ന റഷ്യൻ കമ്പനിക്ക് കൊടുക്കാനും ടാറ്റയെ സഹായി ക്കാനും നടത്തുന്ന ഗൂഢാലോചനയാണ് ഇവിടെ നടക്കുന്നത്. ടണ്ണൊന്നിന് ഒരു ലക്ഷം രൂപയെങ്കിലും ടൈറ്റാനിയം പിഗ്മെന്റിന് കൊടുക്കേണ്ടി വരികയും മാർക്കറ്റ് ചെയ്യാൻ കഴിയാത്ത സാഹചര്യമുണ്ടാകുകയും ചെയ്യും. ലോക നിലവാരമുള്ള കെ.എം.എം.എൽ.ന് മാത്രം സ്വന്തമായ ക്ളോറൈഡ് റൂട്ടിലെ ടെക്നോളജി മറിച്ച് നൽകുകയും റോസോബറോൺ എക്സ്പോർട്ടേഴ്സ് എന്ന ആയുധക്കമ്പനിയുമായി കരാർ ഒപ്പുവയ്ക്കുകയും തൂത്തുക്കുടിയിൽ ടാറ്റയ്ക്ക് പ്ളാന്റ് തുടങ്ങാനുള്ള സൗകര്യം ചെയ്തുകൊ ടുക്കുകയുമാണ് ഈ ഗവൺമെന്റ് ചെയ്തത്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

**വ്യവസായ വകുപ്പുമന്ത്രി (<u>ശ്രീ. എളമരം കരീം</u>):** കേരള സർക്കാരിന്റെ ഫ്ളാറ്റ്ഷിപ് കമ്പനികളിലൊന്നായ കെ.എം.എം.എൽ.-ന് 1995-96 കാലഘട്ടത്തിൽ 100 കോടി രൂപയിലധികം രൂപയുടെ നെറ്റ് പ്രോഫിറ്റ് ഉണ്ടായിരുന്നതാണ്. ടൈറ്റാനിയം ഡയോക്സൈഡിന്റെ ഇറക്കുമതി ചുങ്കത്തിൽവന്ന കുറവുമൂലം അതിന് ആഭ്യന്തര കമ്പോളത്തിൽ വിലയിടിവുണ്ടാവുകയും 2002 മുതൽ കമ്പനിയുടെ ലാഭം

കുറഞ്ഞുതുടങ്ങുകയും 2005-06-ൽ ലാഭം 10 കോടി രൂപയ്ക്കുതാഴെ യാകുകയും ചെയ്തു. 2000-ത്തിൽ 752 കോടി രൂപയുടെ വികസന പദ്ധതി തയ്യാറാക്കുമ്പോൾ കമ്പനിയുടെ റിസർവ്വ് ഫണ്ട് 300 കോടി രൂപയുണ്ടായിരുന്നത് 78 കോടി രൂപയായി കുറഞ്ഞു. അതിൽ 40 കോടിയിൽപ്പരം രൂപ കിട്ടാക്കടവുമായിരുന്നു. ഈ അവസ്ഥയിലാണ്. 1142 കോടി രൂപയുടെ പദ്ധതി നടപ്പാക്കാൻ 700 കോടി രൂപ ലോൺ എടുക്കുന്നതിനും 400 കോടി രൂപ ഇക്വിറ്റിയായി നിക്ഷേപിക്കുന്നതിനുമുള്ള ഒരു പ്രോജക്ട് മെക്കോണിനെ ഏൽപ്പിച്ച് പൗവർ ഓഫ് അറ്റോർണിയുടെ പേരിൽ കമ്പനിയെ അടിച്ചേൽപ്പിക്കാൻ ശ്രമം നടത്തിയത്. മെക്കോൺ എന്ന കമ്പനിയാണ് ടി.ടി.പി.യെയും കുഴപ്പത്തിലാക്കിയത്. അതും പരിശോധിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. 500 കോടി രൂപയുടെ വികസന പദ്ധതിയാണ് ടി.ടി.പി.യ്ക്കുവേണ്ടി നിർദ്ദേശിച്ചിട്ടുള്ളത്. 500 കോടി രൂപയുണ്ടെങ്കിൽ ടി.ടി.പി.യെപ്പോലെ പുതിയൊരു കമ്പനിയുണ്ടാക്കാൻ കഴിയും. ഈ പ്രോജക്ടുകൾക്കെല്ലാം ഇടനിലക്കാരായി പ്രവർത്തിക്കുന്നത് ഒരേ കമ്പനിയാണ്. വികസന പദ്ധതി നടപ്പിലാക്കിയാൽ കെ.എം.എം.എൽ.നെ മെക്കോണിനും കൂട്ടർക്കും ഏൽപ്പിച്ചുകൊടുക്കേണ്ടിവരും. ദോഷി അയൺ എഞ്ചിനീയറിംഗ് കമ്പനിയിൽനിന്നും 6 ലക്ഷം രൂപയ്ക്ക് വാങ്ങിയ പൈപ്പുകൾ 18 ലക്ഷം രൂപയ്ക്ക് ചവറ കെ.എം.എം.എൽ.-ന് മറിച്ചുവിറ്റതു സംബന്ധിച്ച് അന്വേഷണം നടത്തണമെന്ന് ലോക് ആയുക്ത നിർദ്ദേശിച്ചിരിക്കുകയാണ്. എയർ ക്രാഫ്റ്റിന് ആവശ്യമായ ലോഹം ഉൽപ്പാദിപ്പിച്ചു നൽകുന്നതിന് റോസോബറോൺ എന്ന കമ്പനിക്ക് താൽപര്യമുണ്ട്. അത് സംബന്ധിച്ച് ചർച്ച നടത്താനുള്ള എം.ഒ.യു. പത്രക്കാരുടെയും റഷ്യൻ പ്രതിനിധികളുടെയും സാന്നിദ്ധ്യത്തിലാണ്

പരസ്യമായി ഗവൺമെന്റ് ഒപ്പുവച്ചത്. മറ്റൊരു കരാറിലും ഗവൺമെന്റ് ഒപ്പുവച്ചിട്ടില്ല. കെ.എം.എം.എൽ. ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾക്കായി യാതൊരു കരാറും റഷ്യൻ കമ്പനിയുമായി ഉണ്ടാക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നില്ല. ഫോർവേഡ് ഇന്റഗ്രേഷൻ ടെക്നോളജി ഇൻഡ്യയിൽ ലഭ്യമല്ലാത്തതുകൊണ്ട് അത് ലഭ്യമാക്കുന്നതിന് മറ്റ് ഏജൻസിയെ സമീപിക്കുന്നതിന് ഗവൺമെന്റ് ആഗ്രഹിക്കുന്നുണ്ട്. തൂത്തുക്കുടിയിൽ ടാറ്റായ്ക്ക് കമ്പനി നൽകുന്നതിന് കേരള സർക്കാരിന്റെ ഒത്താശ ആവശ്യമില്ല. ധാതു വിഭവങ്ങൾ ഖനനം ചെയ്ത് വിദേശ രാജ്യത്തേയ്ക്ക് കയറ്റുമതി ചെയ്യാൻ അനുമതി കൊടുക്കണമെന്നാണ് കേന്ദ്ര ഗവൺമെന്റ് നയം. കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഐ.ആർ.ഇ. ധാതു വിഭവം ഖനനം ചെയ്ത് ഇത്തരത്തിൽ വിറ്റിരുന്നത് ഈ ഗവൺമെന്റ് നിർത്തലാക്കുകയും കേരളത്തിലെ കമ്പനികൾക്ക് അത് സപ്ളൈ ചെയ്യുമെന്ന് അവരെക്കൊണ്ട് സമ്മതിപ്പിക്കുകയും ചെയ്തു. കെ.എം.എം.എൽ. പോലുള്ള സ്ഥാപനങ്ങളെ മെച്ചപ്പെടുത്തണമെന്നാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. മലബാർ സിമന്റ്സിൽ ചാക്ക്, ക്ളിങ്കർ ട്രാൻസ്പോർട്ട്, കോൾ ട്രാൻസ്പോർട്ട് എന്നീ ഇനങ്ങളിൽ നിലവിലുണ്ടായിരുന്ന കരാർ പുതുക്കി നിശ്ചയിച്ചതുമൂലം ഒരു വർഷംകൊണ്ട് 24 കോടി രൂപ ലാഭിക്കാൻ കമ്പനിക്ക് കഴിഞ്ഞിട്ടുണ്ട്. അഴിമതിക്ക് കൂട്ടുനിന്ന ഡെപ്യൂട്ടി ജനറൽ മാനേജരെ സസ്പെന്റ് ചെയ്ത് അന്വേഷണം നടത്തിവരികയാണ്. ഈ ഗവൺമെന്റ് നിയമിക്കുന്ന ഉദ്യോഗസ്ഥർ ഗവൺമെന്റ് നയങ്ങൾക്കനുസരിച്ച് പ്രവർത്തിക്കും. കെ.എം.എം.എൽ.-ഉം ആയി ബന്ധപ്പെട്ട ഇടപെടൽ സംബന്ധിച്ച് സംസ്ഥാന പരിധിക്കുള്ളിൽ നിന്നുകൊണ്ട് അന്വേഷിച്ചാൽ മതിയാകാത്ത സാഹചര്യം നിലനിൽക്കുന്നതിനാൽ അനുയോജ്യമായ മറ്റ് ഏജൻസിയെക്കൊണ്ട്

അന്വേഷിപ്പിക്കാൻ കൂട്ടായ പരിശ്രമം ആവശ്യമാണ്. ഈ കമ്പനിയുടെ സുതാര്യമായ പ്രവർത്തനങ്ങൾക്കാവശ്യമായ തീരുമാനം ഗവൺമെന്റ് കൈക്കൊള്ളും. അതുകൊണ്ട് സഭാനടപടികൾ നിർത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തിരപ്രമേയത്തിന് അനുമതി നിഷേധിച്ചു.)

അടിയന്തിരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് സർവ്വശ്രീ ഉമ്മൻചാണ്ടി, സി.എഫ്. തോമസ്, സി.ടി.അഹമ്മദ് അലി എന്നീ പ്രതിപക്ഷ കക്ഷിനേതാക്കന്മാർ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭവിട്ടു പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം വീണ്ടും സഭയിൽ ഹാജരാകുകയും ചെയ്തു.

## ശ്രദ്ധക്ഷണിക്കൽ

(1). <u>തിരുവനന്തപുരം-കാസർകോട് ദേശീയജലപാത നിർമ്മാണം</u>.

<u>**ശ്രീ. കെ. കുഞ്ഞിരാമൻ:**</u> ദശലക്ഷക്കണക്കിന് ദേശീയ, വിദേശീയ സഞ്ചാരികൾ കേരളത്തിലേയ്ക്ക് വരുന്നതിനനുസൃതമായി കേരളത്തിലെ ഗതാഗതസൗകര്യം വർദ്ധിക്കുന്നില്ല. റോഡ്-റെയിൽവേ വഴിയുള്ള യാത്രയും ചരക്കുഗതാഗതവും പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണ്. ഈ സാഹചര്യത്തിൽ ചുരുങ്ങിയ ചെലവിൽ യാത്രാസൗകര്യം വർദ്ധിപ്പിക്കാനും ചരക്ക് കടത്ത് മുമ്പോട്ടുകൊണ്ടുപോകാനും കഴിയുന്നവിധത്തിൽ ജലഗതാഗതം ശക്തിപ്പെടുത്തേണ്ടത് അത്യാവശ്യമാണ്. പാറശ്ശാല മുതൽ കാസർകോട് വരെയുള്ള 590 കിലോമീറ്റർ ജലപാത നിർമ്മിക്കുന്നതുവഴി വികസന-സാമ്പത്തിക രംഗങ്ങളിൽ ഒരു കുതിച്ചുചാട്ടം തന്നെ ഉണ്ടാക്കാൻ കഴിയുന്നതാണ്. കൊല്ലം-കോട്ടപ്പുറം 168 കിലോമീറ്റർ ദേശീയ പാതയായി

കേന്ദ്ര ഗവണ്മെന്റ് അംഗീകരിച്ചു. അടുത്ത മാർച്ച് മാസത്തിൽ പണി പൂർത്തിയാക്കാൻ കഴിയുന്നതാണ്. കോട്ടപ്പുറം - നീലേശ്വരം 354 കിലോമീറ്ററും കോവളം-പാറശ്ശാല 74 കിലോമീറ്ററും പൂർത്തിയാകുന്നതോടെ നിർദ്ദിഷ്ട ജലപാത യാഥാർത്ഥ്യമാകുകയും ഇതിന്റെ ഓരങ്ങളിൽ പുതിയ പട്ടണങ്ങൾ രൂപം കൊള്ളുകയും ചെയ്യുന്നതാണ്. അതിനാവശ്യമായ രീതിയിലുള്ള പ്രവർത്തനങ്ങൾ നടത്തണം. ടൂറിസം മേഖലയിൽ ഇതിന്റെ അനന്തസാധ്യതകൾ പ്രയോജനപ്പെടുത്താനും വ്യാവസായിക-വാണിജ്യ-തൊഴിൽ മേഖലകളിൽ പുരോഗതിയുണ്ടാക്കാനും കഴിയുന്നവിധത്തിൽ ഈ ജലപാതയുടെ പണി അടിയന്തിരമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കണം.

**മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ):** കൊല്ലം-കോട്ടപ്പുറം ദേശീയപാത 3-ന്റെ തുടർച്ചയായി തെക്ക് കോവളം വരെയും വടക്ക് നീലേശ്വരം വരെയും ഉള്ള സംസ്ഥാന ജലപാത വികസിപ്പിക്കുന്നതിന് 12-ാം ധനകാര്യ കമ്മീഷന്റെ ധനസഹായമായി 225 കോടി രൂപ അനുവദിച്ചുകിട്ടിയിട്ടുണ്ട്. 2006-07 മുതൽ 2009-2010 വരെയുള്ള സാമ്പത്തികവർഷംകൊണ്ട് പണികൾ പൂർത്തീകരിക്കാൻ കഴിയുന്ന വിധത്തിൽ ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. കൊല്ലം-കോട്ടപ്പുറം ദേശീയ പാതയുടെ വികസനപ്രവർത്തനങ്ങൾ ഇൻലാൻഡ് വാട്ടർ വേയ്സ് അതോറിറ്റി ഓഫ് ഇൻഡ്യ എന്ന കേന്ദ്രസർക്കാർ ഏജൻസിയാണ് നടപ്പിലാക്കുന്നത്. ഇതിന്റെ പണി ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു. കനാലുകളിൽ അടിഞ്ഞുകിടക്കുന്ന മാലിന്യങ്ങളും മണ്ണും നീക്കി ആവശ്യമായ ഭാഗങ്ങളിൽ ഇരു കരകളിലും ഭിത്തി കെട്ടി സംരക്ഷിച്ച് ജലപാത ഗതാഗത യോഗ്യമാക്കുകയാണ് പ്രധാനപ്പെട്ട പണി. ജലപാതയുടെ

പ്രാധാന്യം അവഗണിച്ചതുമൂലം ജലപാതയുടെ ഇരുകരകളിലും കയ്യേറ്റങ്ങളുണ്ടായിട്ടുണ്ട്. കുടിൽ കെട്ടി താമസിക്കുന്നവരെ പുനരധിവസിപ്പിക്കാനുള്ള നടപടികൾ എടുത്തുവരികയാണ്. ജലപാതയുടെ പ്രവർത്തനം സമയബന്ധിതമായി പൂർത്തിയാക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. ഈ ജലപാത പൂർത്തിയാകുന്നതുവഴി കുറഞ്ഞ ചെലവിൽ യാത്രാസൗകര്യവും ചരക്കുഗതാഗതവും സാധ്യമാക്കാനും സംസ്ഥാനത്തെ വരുമാനം വർദ്ധിപ്പിക്കത്തക്ക തരത്തിൽ വൻതോതിൽ ടൂറിസം വികസിപ്പിക്കാനും കഴിയുന്നതാണ്. കയ്യേറ്റങ്ങൾ, മൽസ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾ, മലിനീകരണം എന്നിവ സംബന്ധിച്ച് പരിശോധിച്ച് പരിഹാരം കാണുന്നതിന് അതാത് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. തടസ്സങ്ങൾ നീക്കുന്നതിന് അവർ നിരന്തര പരിശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്.

## (2). <u>വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഇടപെടൽ</u>

**<u>ശ്രീ. തോമസ് ഉണ്ണിയാടൻ</u>:** വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ അമിതമായ ഇടപെടൽമൂലം സ്ക്കൂൾ മേഖല രാഷ്ട്രീയവൽക്കരിക്കപ്പെടുകയും അദ്ധ്യാപകരുടെയും രക്ഷകർത്താക്കളുടെയും താൽപ്പര്യങ്ങൾ അട്ടിമറിക്കപ്പെടുകയും ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ കവർന്നെടുക്കപ്പെടുകയും ചെയ്തുകൊണ്ടിരിക്കുകയാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ അനാവശ്യമായി ഇടപെടുകയില്ലെന്ന സംസ്ഥാന മുഖ്യമന്ത്രിയുടേയും വിദ്യാഭ്യാസ-തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിമാരുടേയും പ്രസ്താവന

ഉണ്ടെങ്കിലും വ്യാപകമായി വിവിധ പഞ്ചായത്തുകൾ സ്ക്കൂളുകളുടെ പ്രവർത്തനം നിയന്ത്രിക്കുകയും അക്കാഡമിക് കാര്യങ്ങളിൽ ഇടപെടുകയും അനിയന്ത്രിതമായ അധികാരങ്ങൾ ഉപയോഗിക്കുകയും ചെയ്യുന്നു. അക്കാദ മിക് കാര്യങ്ങളിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ കൈകടത്തിത്തുടങ്ങി എന്നാണ് ഇത് കാണിക്കുന്നത്. മാതൃകാപരമായി പല സ്കൂളുകളുടേയും ചുക്കാൻ പിടിച്ചുകൊണ്ടിരുന്ന അധ്യാപക രക്ഷാകർതൃ സമിതികളുടെ പ്രസക്തിയും അധികാരവും ഇല്ലാതാകുന്നു. രാഷ്ട്രീയ പകപോക്കലിനുള്ള അവസരമായി ഇതിനെ കാണുന്നതിൽ അധ്യാപകരും വിദ്യാർത്ഥികളും രക്ഷകർത്താക്കളും വളരെ ആശങ്കാകുലരാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങളെ നിയന്ത്രിക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അധികാരമുണ്ടെന്ന് വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇവിടെ അറിയിച്ചിരുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങ ളുടെ നിയന്ത്രണം പൂർണ്ണമായും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറി ക്കൊണ്ട് കേരള വിദ്യാഭ്യാസ ചട്ടത്തിൽ ഭേദഗതി വരുത്തണമെന്നാണ് ശ്രീ. സി.പി.നായർ അധ്യക്ഷനായ കമ്മീഷനോട് ഗവൺമെന്റ് ആവശ്യപ്പെട്ടിട്ടു ള്ളത്. 1990-ൽ പാസ്സാക്കിയ നിയമം 17 വർഷങ്ങൾക്കുശേഷം പരിഷ്ക്കരി ക്കുന്നത് എയിഡഡ് സ്കൂളുകളിലും അൺഎയിഡഡ് സ്കൂളുകളിലും സാമ്പത്തിക അക്കാദമിക് നിയന്ത്രണങ്ങൾ കൊണ്ടുവരുന്നതിലും അധ്യാപ കരുടെ നിയമനത്തിലും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വിപുലമായ അധികാരങ്ങൾ നൽകാൻ വേണ്ടിമാത്രമാണ്. വിദ്യാഭ്യാസ മേഖല രാഷ്ട്രീയ വൽക്കരിക്കുന്ന നടപടിയാണ് ഇവിടെ നടക്കുന്നത്.

**വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി):** ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അധികാരാവകാശങ്ങൾ സംബന്ധിച്ച് യാതൊരു

ഉത്തരവും പുറപ്പെടുവിച്ചിട്ടില്ല. 73, 74 ഭരണഘടനാ ഭേദഗതിയെത്തുടർന്ന് 1994-ൽ കേരള പഞ്ചായത്ത്‌രാജ് ആക്ടും കേരള മുനിസിപ്പാലിറ്റീസ് ആക്ടും നിലവിൽ വന്നപ്പോൾ കുറേ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ത്രിതല പഞ്ചായത്ത് സ്ഥാപനങ്ങൾക്ക് നൽകുകയുണ്ടായി. പഠനസഹായികൾ അച്ചടിച്ചിറക്കുന്നതിന് ത്രിതല പഞ്ചായത്ത് സ്ഥാപനങ്ങൾക്ക് അവകാശമുണ്ട്. എന്നാൽ പാഠപുസ്തകമെന്ന പേരിൽ പഠനസഹായി അച്ചടിക്കുന്നത് തിരുത്തണമെന്ന് നിർദ്ദേശം നൽകിക്കഴിഞ്ഞു. ചില പഞ്ചായത്തുകൾ അവർക്ക് നൽകിയതിനേക്കാൾ കൂടുതൽ അധികാരം പ്രയോഗിക്കാൻ ശ്രമിക്കുന്നതായി ഉയർന്നുവന്നിട്ടുള്ള വിമർശനം ഗവൺമെന്റ് വളരെ ഗൗരവ മായി പരിശോധിക്കുന്നതാണ്. പൊതു വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിനുവേണ്ടി അധ്യാപക- രക്ഷാകർതൃ സമിതി കളുമായി സഹകരിച്ച് ത്രിതല പഞ്ചായത്തുകൾ വളരെ ശ്ലാഘനീയമായ പ്രവർത്തനമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഇപ്പോൾ നൽകിയിട്ടുള്ള അവകാശങ്ങളെല്ലാം വളരെ വ്യക്തമായി സർക്കാർ ഉത്തരവുകളിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

## സബ്മിഷൻ

### (1) <u>പുല്ലഴി 66 കെ.വി. സബ്സ്റ്റേഷൻ 110 കെ.വി. ആക്കേണ്ടതിന്റെ ആവശ്യകത</u>

**<u>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:</u>** തൃശ്ശൂർ പുല്ലഴിയിലെ 66 കെ.വി. സബ്സ്റ്റേഷൻ 110 കെ.വി. സബ്സ്റ്റേഷനാക്കി ഉയർത്തുന്നതിന് ക്രിയാത്മക നടപടിയുണ്ടാകണം.

**പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ):** തൃശ്ശൂർ പുല്ലഴിയിലെ 66 കെ.വി. സബ്സ്റ്റേഷൻ 110 കെ.വി. സബ്സ്റ്റേഷനാക്കി ഉയർത്തുന്നതിനുള്ള പണി ആരംഭിച്ചുകഴിഞ്ഞു. 2007 സെപ്റ്റംബർ മാസത്തോടുകൂടി പണി പൂർത്തീകരിക്കാൻ കഴിയുന്ന വിധത്തിൽ സർക്കാരിന്റെ ശക്തമായ ഇടപെടലുണ്ടാകുന്നതാണ്.

**(2) തൃശ്ശൂർ മെഡിക്കൽ കോളേജിനോടനുബന്ധിച്ച് ആർ.സി.സി.**

**പ്രൊഫ. സി. രവീന്ദ്രനാഥ്:** തൃശ്ശൂർ മെഡിക്കൽ കോളേജിനോടനുബന്ധിച്ച് നിലവിലുള്ള സംവിധാനത്തെ ആധുനിക ചികിത്സാ സംവിധാനമുള്ള ഒരു ക്യാൻസർ ചികിത്സാ കേന്ദ്രമാക്കി മാറ്റാനാവശ്യമായ നടപടികൾ സ്വീകരിക്കണം.

**ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ):** സംസ്ഥാനത്തെ 5 മെഡിക്കൽ കോളേജുകളിലും ക്യാൻസർ രോഗത്തിന് റേഡിയോ തെറാപ്പിയുൾപ്പെടെയുള്ള ആധുനിക ഉപകരണങ്ങളുടെ സഹായത്തോടെ ഫലപ്രദമായ ചികിത്സ നൽകിവരുന്നുണ്ട്. ഇതുകൂടാതെ അത്യാധുനിക ഉപകരണമായ ലീനിയർ ആക്സിലറേറ്റർ കൂടി വാങ്ങി രോഗികൾക്ക് ഫലപ്രദമായ ചികിത്സ നൽകണമെന്ന് ഉദ്ദേശിക്കുന്നു. എന്നാൽ തൃശ്ശൂരിൽ പെട്ടെന്ന് ഒരു റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന് കഴിയില്ല. ഇതുസംബന്ധിച്ച് കേന്ദ്രഗവൺമെന്റിലേയ്ക്ക് എഴുതി ആവശ്യമായ സഹായം തേടുന്നതാണ്.

**(3) അടൂർ ചൂരക്കോട് സുബ്രഹ്മണ്യസ്വാമി ക്ഷേത്രത്തിൽ നടന്ന അക്രമം**

**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:** അടൂർ ചൂരക്കോട് സുബ്രഹ്മണ്യസ്വാമി ക്ഷേത്രത്തിൽ നിരന്തരമായുണ്ടാകുന്ന ആക്രമണത്തിൽ

കുറ്റക്കാരായവരെ അടിയന്തിരമായി കണ്ടുപിടിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

**ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ):** അടൂർ ചൂരക്കോട് സുബ്രഹ്മണ്യസ്വാമി ക്ഷേത്രത്തിൽ നിരന്തരമായുണ്ടാകുന്ന ആക്രമണത്തോടനുബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്യുകയും അമ്പല പരിസരത്ത് പോലീസ് പിക്കറ്റിംഗ് ഏർപ്പെടുത്തുകയും പത്തനംതിട്ട ഡി.വൈ.എസ്.പി.യുടെ നേതൃത്വത്തിൽ സ്പെഷ്യൽ സ്ക്വാഡ് രൂപീകരിച്ച് അന്വേഷണം ഊർജ്ജിതപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പൊതുജനപങ്കാളിത്തത്തോടുകൂടി ജനജാഗ്രതാ സമിതികൾ രൂപീകരിക്കുകയും പത്തനംതിട്ട എസ്.പി.യുടെ നേതൃത്വത്തിൽ ഒരു സ്ക്വാഡ് രൂപീകരിച്ച് പ്രസ്തുത സ്ഥലത്ത് സൂക്ഷ്മവും സമഗ്രവുമായ അന്വേഷണം നടത്തി ആവശ്യമായ നടപടി സ്വീകരിക്കാൻ നിർദ്ദേശം കൊടുക്കുകയും
ചെയ്തിട്ടുണ്ട്. കൂടാതെ അവിടം സന്ദർശിച്ച് അന്വേഷണ നടപടി ഊർജ്ജിതപ്പെടുത്തുന്നതിന് തിരുവനന്തപുരം റേഞ്ച് ഐ.ജി.യെ അയയ്ക്കുകയും ചെയ്യുന്നതാണ്.

## (4) വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതി അനുസരിച്ച് പൂർത്തീകരിച്ച പ്രവൃത്തികളുടെ തുക

**ശ്രീ. കെ.കെ. ജയചന്ദ്രൻ:** വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയനുസരിച്ച് പൂർത്തീകരിച്ച പ്രവൃത്തികളുടെ പണം രണ്ട് വർഷമായി കോൺട്രക്ടർമാർക്കും ഗുണഭോക്തൃ കമ്മിറ്റികൾക്കും കൊടുക്കാത്തതു കാരണം 2006-ൽ എം.എൽ.എ. മാർക്ക് അനുവദിക്കുകയും നിർദ്ദേശിക്കുകയും ചെയ്യപ്പെട്ടിട്ടുള്ള പ്രവൃത്തികൾ ഏറ്റെടുക്കാൻ കോൺട്രക്ടർമാരും ഗുണഭോക്തൃ കമ്മിറ്റികളും തയ്യാറാകാത്തതുകൊണ്ട്

ഗ്രാമീണമേഖലയിൽ വലിയ ബുദ്ധിമുട്ട് അനുഭവപ്പെടുകയാണ്. അടിയന്തിരമായി കോൺട്രക്ടർമാർക്കും ഗുണഭോക്തൃ കമ്മിറ്റികൾക്കും കൊടുക്കാനുള്ള പണം കൊടുത്ത് പ്രശ്നപരിഹാരത്തിനുള്ള നടപടികൾ സ്വീകരിക്കണം

**റവന്യൂ വകുപ്പുമന്ത്രി <u>(ശ്രീ. കെ.പി. രാജേന്ദ്രൻ):</u>** 14 ജില്ലകളിൽ 31-3-2007 വരെ ചെയ്ത ജോലി ഇനത്തിൽ കോൺട്രക്ടർമാർക്കും ഗുണഭോക്തൃ കമ്മിറ്റികൾക്കും 93,80,97,473 രൂപ കൊടുക്കണം. അതിൽ ഇടുക്കി ജില്ലയിൽ കൊടുത്തുതീർക്കേണ്ട കുടിശ്ശിക 4,41,35,858 രൂപയാണ്. ഈ ആവശ്യത്തിലേയ്ക്ക് 14 ജില്ലകൾക്കുംകൂടി ആകെ 15 കോടി രൂപ ഇന്നലെ അനുവദിക്കുകയുണ്ടായി.

### (5) <u>വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മതതീവ്രവാദ പ്രസ്ഥാനങ്ങളുടെ വളർച്ച</u>

**<u>ശ്രീ. വി.എസ്. സുനിൽ കുമാർ:</u>** ഒരു കാലത്ത് കേരളത്തിലെ കോളേജ് കാമ്പസ്സുകൾ പുരോഗമന ചിന്തയുടെയും മതേതര മൂല്യങ്ങളുടെയും പ്രബുദ്ധകേന്ദ്രങ്ങളായിരുന്നെങ്കിൽ ഇന്ന് പല പ്രൊഫഷണൽ കോളേജുകളും പല മതതീവ്രവാദ സംഘടനകളുടെയും പിടിയിലമർന്നിരിക്കുകയാണ്. മെഡിക്കൽ കോളേജുകളും എൻജിനീയറിംഗ് കോളേജുകളും കേന്ദ്രീകരിച്ചുകൊണ്ടാണ് മതതീവ്രവാദ സംഘടനകൾ കോച്ചിംഗ് ക്യാമ്പുകളും മതപഠനക്ലാസ്സുകളും നടത്തിക്കൊണ്ടിരിക്കുന്നത്. ഇത് വിദ്യാർത്ഥികളുടെ ഇടയിൽ തീവ്രവാദം വളർത്തുന്നതിനിടയാക്കും. വിദ്യാഭ്യാസ വകുപ്പും ആഭ്യന്തര വകുപ്പും സജീവമായി ഇക്കാര്യത്തിൽ ഇടപെടണം.

**വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി <u>(ശ്രീ. എം.എ. ബേബി):</u>** വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മതതീവ്രവാദ സംഘടനകൾ പ്രവർത്തിക്കുന്നതായി രേഖാമൂലമുള്ള ആക്ഷേപങ്ങളോ വിവരങ്ങളോ ഇതുവരെ ഗവൺമെന്റിന് ലഭിച്ചിട്ടില്ല. മതേതരമൂല്യങ്ങൾ സംരക്ഷിക്കാൻ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്. ഇന്ത്യൻ ഭരണഘടനയുടെ 30 (1) വകുപ്പ് മതന്യൂനപക്ഷങ്ങൾക്ക് ഇച്ഛാനുസരണം വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കാനും നടത്താനുമുള്ള അവകാശങ്ങൾ നൽകിയിട്ടുള്ളത് ശ്രദ്ധാപൂർവ്വം പരിരക്ഷിക്കേണ്ടതാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മതതീവ്രവാദ സംഘടനകൾ പ്രവർത്തിക്കുന്നുണ്ടോ എന്ന് പരിശോധിച്ച് അത് തടയുന്നതിന് സാദ്ധ്യമായ നടപടികൾ സ്വീകരിക്കും. ആഭ്യന്തര വകുപ്പും ഇത് തടയാനാവശ്യമായ നടപടികൾ സ്വീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

### (6) <u>സർവ്വീസ് പെൻഷൻകാരുടെ പ്രശ്നങ്ങൾ</u>

**<u>ശ്രീ. എം. മുരളി</u>:** സംസ്ഥാനത്തെ സർവ്വീസ് പെൻഷൻകാർക്കും കുടുംബ പെൻഷൻകാർക്കും ഒരു മാസത്തെ പെൻഷൻ തുക ഉത്സവബത്തയായി അനുവദിക്കുകയും പെൻഷൻകാരുടെ മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി റിവൈവ് ചെയ്യുകയും നിർത്തിവച്ചിരിക്കുന്ന ക്ഷേമനിധി പുനരാരംഭിക്കുകയും വൺ റാങ്ക് വൺ പെൻഷൻ പദ്ധതി നടപ്പിലാക്കാനുള്ള നടപടി ത്വരിതപ്പെടുത്തുകയും പഴയകാല പെൻഷൻകാർക്ക് വെയിറ്റേജ് അനുവദിക്കുകയും വേണം.

**ധനകാര്യ വകുപ്പുമന്ത്രി <u>(ഡോ. തോമസ് ഐസക്):</u>** സംസ്ഥാന സർവ്വീസ് പെൻഷൻകാർക്കും കുടുംബ പെൻഷൻകാർക്കും മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിന് ത്വരിതഗതിയിൽ നടപടികൾ സ്വീകരിക്കും. സംസ്ഥാനത്തെ സർവ്വീസ് പെൻഷൻകാർക്കും കുടുംബ

പെൻഷൻകാർക്കും ഒരു മാസത്തെ പെൻഷൻ തുക ഉത്സവബത്തയായി അനുവദിക്കുന്ന കാര്യത്തിൽ സാമ്പത്തികബുദ്ധിമുട്ട് പരിഗണിച്ചു മാത്രമേ തീരുമാനമെടുക്കാൻ കഴിയൂ. സംസ്ഥാന പെൻഷൻകാർക്ക് വെയിറ്റേജ് അനുവദിക്കുന്നത് സംബന്ധിച്ച് ശമ്പള കമ്മിഷൻ റിപ്പോർട്ടിൽ ശുപാർശ ചെയ്തിട്ടില്ലാത്തിനാൽ വെയിറ്റേജ് അനുവദിക്കാൻ നിർവ്വാഹമില്ല.

## (7) കെട്ടിട നിർമ്മാണച്ചട്ടങ്ങളിലെ വ്യവസ്ഥകൾ

**ശ്രീ. കെ.പി. മോഹനൻ:** . 1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണച്ചട്ടം അതേപടി പഞ്ചായത്തുകളിൽ അടിച്ചേല്പിക്കുന്നതും മുൻകാല പ്രാബല്യത്തോടുകൂടി നടപ്പിലാക്കുന്നതും ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതിനാൽ കെട്ടിട നിർമ്മാണച്ചട്ടങ്ങളെ സംബന്ധിച്ച് ജനങ്ങളിൽ ബോധവൽക്കരണം നടത്തുന്നതിനും ചട്ടം ലഘൂകരിച്ച് നടപ്പിലാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണം.

**തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി):** 1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണച്ചട്ടം എല്ലാ പഞ്ചായത്തുകൾക്കും ബാധകമാക്കിക്കൊണ്ട് ഉത്തരവിറക്കിയിട്ടുണ്ട്. കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണച്ചട്ടങ്ങൾ പ്രാബല്യത്തിൽ വരുന്നതുവരെയാണ് ഈ നിയമം. നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന കെട്ടിടങ്ങൾക്കനുവർത്തിക്കേണ്ടുന്ന നടപടി ക്രമങ്ങളെക്കുറിച്ച് 20-6-2007-ലെ സർക്കാർ ഉത്തരവിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. പൊതുജനങ്ങളുടെ അറിവിലേയ്ക്കായി ഇതു നഗരാസൂത്രണ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് പഞ്ചായത്തുകളിലെ സെക്രട്ടറിമാർക്കും ഓവർസിയർമാർക്കും എൻജിനീയർമാർക്കും

ജില്ലാതലത്തിൽ നഗര-ഗ്രാമ ആസൂത്രണ വകുപ്പ് ട്രെയിനിംഗ് നൽകുന്നുണ്ട്. ഈ വിഷയം സംബന്ധിച്ച സംശയങ്ങൾക്ക് ടൗൺ പ്ലാനർമാരിൽ നിന്നും മറുപടി ലഭിക്കുന്നതാണ്. ഈ നിയമം ലഘൂകരിക്കുന്നതിനാവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കുന്നതാണ്.

**(8) <u>മലയിൻകീഴ് പി.എച്ച്.സി. സി.എച്ച്.സി. ആയി ഉയർത്തേണ്ടതിന്റെ ആവശ്യകത</u>**

**<u>ശ്രീ. എൻ. ശക്തൻ:</u>** ദിനംപ്രതി 600-ഓളം രോഗികൾ ചികിത്സയ്ക്ക് എത്തുന്ന മലയിൻകീഴ് പി.എച്ച്.സി. യെ സി.എച്ച്.സി. ആയി ഉയർത്തണം.

**ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി <u>(ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ):</u>** ഒരു മലയോര പ്രദേശമെന്നുള്ള നിലയിൽ മലയിൻകീഴ് ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന മിനി പി.എച്ച്.സി.യെ സി.എച്ച്.സി. ആയി ഉയർത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**(9) <u>റാന്നി താലൂക്കാശുപത്രിയിൽ പുതിയ തസ്തിക അനുവദിക്കേണ്ടതിന്റെ ആവശ്യകത</u>**

**<u>ശ്രീ. രാജു എബ്രഹാം:</u>** റാന്നി താലൂക്കാശുപത്രിയിൽ ഡോക്ടർമാരുടെ അഞ്ച് തസ്തികകളുള്ളതിൽ ഒരു സ്ഥിരം ഡോക്ടർ മാത്രമാണുള്ളത്. അവിടെ ഓപ്പറേഷൻ തീയേറ്റർ ഇല്ല. ശബരിമല തീർത്ഥാടകർകൂടി ആശ്രയിക്കുന്ന ഈ താലൂക്കാശുപത്രിയിൽ പുതിയ തസ്തികകൾ അനുവദിക്കുകയും വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യണം.

**ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി <u>(ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ):</u>** പല താലൂക്കാശുപത്രികളിലും വേണ്ടത്ര

സൗകര്യങ്ങളില്ലാത്തതുകൊണ്ട് .1961-ലെ സ്റ്റാഫ് പാറ്റേൺ മാറ്റേണ്ടത് അത്യാവശ്യമാണ്. ശബരിമലയുടെ തൊട്ടടുത്ത് കിടക്കുന്ന ആശുപത്രിയെന്നുള്ള നിലയിലും മലയോര മേഖലയിലെ വളരെ പ്രാധാന്യമർഹിക്കുന്ന ഒരു ആശുപത്രി എന്നുള്ള നിലയിലും റാന്നി താലൂക്കാശുപത്രിക്കുവേണ്ടി ഒരു പുതിയ കെട്ടിടം നിർമ്മിക്കാനുള്ള പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കാൻ പി.ഡബ്ല്യൂ.ഡി. യോട് ആവശ്യപ്പെട്ടിട്ടുണ്ട് റാന്നി താലൂക്കാശുപത്രിയുടെ വികസനം യാഥാർത്ഥ്യമാക്കുന്നതിനും സ്റ്റാഫിനെ നിയമിക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങൾക്കും ആവശ്യമായ നടപടികൾ ഈ വർഷം തന്നെ സ്വീകരിക്കുന്നതാണ്.

### (10) വൊക്കേഷണൽ ഹയർ സെക്കന്ററി കോഴ്സ് പോളിടെക്നിക്കിലെ ത്രിവൽസര കോഴ്സിനു തുല്യമാക്കൽ

**ശ്രീ. വി.ഡി. സതീശൻ:** വൊക്കേഷണൽ ഹയർ സെക്കന്ററി കോഴ്സ് പോളിടെക്നിക്കിലെ ത്രിവൽസര കോഴ്സിന് തുല്യമാക്കിക്കൊണ്ട് ഗവൺമെന്റ് ഉത്തരവിറക്കിയിരിക്കുകയാണ്. ഈ രണ്ട് കോഴ്സുകളുടെയും സിലബസ്സുകൾ തമ്മിൽ വലിയ വ്യത്യാസമുണ്ട്. പോളിടെക്നിക്കിൽ പഠിപ്പിക്കുന്ന ത്രിവൽസര കോഴ്സുകൾക്ക് എ.ഐ.സി.ടി.ഇ. യുടെ അംഗീകാരമുണ്ട്. എൻജിനീയറിംഗ് ഡിപ്ളോമാ കോഴ്സിന് തുല്യമായി പ്ലസ് ടൂ കോഴ്സിനെ മാറ്റുന്നത് ശരിയായ നടപടിയല്ല. ആ ഉത്തരവ് പിൻവലിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

**വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി):** ഈ പ്രശ്നം പരിഹരിക്കുന്നതിനാവശ്യമായ ഉത്തരവ് 17-7-2007-ൽ ഗവൺമെന്റ് പുറപ്പെടുവിച്ചിട്ടുണ്ട്.

## (11) <u>കളരി അക്കാഡമിയുടെ പ്രവർത്തനം</u>

<u>**ശ്രീ. എം.കെ. പ്രേംനാഥ്**</u>: വടകര മുനിസിപ്പാലിറ്റിയിലെ കളരി അക്കാഡമിയുടെ പ്രവർത്തനം ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

**നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി <u>(ശ്രീ. എം. വിജയകുമാർ)</u>**: 2005-ൽ വടകരയിൽ ആരംഭിച്ച കളരി അക്കാഡമിക്ക് രണ്ട്ലക്ഷത്തിഅറുപത്തിയാറായിരം രൂപ സർക്കാർ രണ്ട് ഗഡുക്കളായി കൊടുത്തു. അതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കാത്തതുകൊണ്ട് തുടർനടപടികൾ നിന്നുപോയി. എന്നിരുന്നാലും തനത് കലയായ കളരിപ്പയറ്റ് പ്രോൽസാഹിപ്പിക്കാൻ ഈ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്. ഈ അക്കാഡമിയുടെ പ്രവർത്തനം ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇവിടെ 43 കുട്ടികൾ പരിശീലനം നടത്തിവരുന്നു. ആവശ്യമെങ്കിൽ ഇത് പുന:സംഘടിപ്പിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

## (12) <u>കോൾ നിലങ്ങളിലെ വികസന പ്രവർത്തനങ്ങൾ</u>

<u>**ശ്രീ. എ.സി. മൊയ്തീൻ**</u> : തൃശ്ശൂർ ജില്ല ഉൾപ്പെട്ട പൊന്നാനി കോൾ വികസന ഏജൻസിക്ക് മറ്റ് കൃഷി വികസന ഏജൻസികളെ അപേക്ഷിച്ച് വളരെ കുറച്ച് തുകമാത്രം അനുവദിക്കുന്നതുകൊണ്ട് കഴിഞ്ഞ പത്ത് വർഷമായി ബണ്ടുകളുടേയും തോടുകളുടേയും നിർമ്മാണപ്രവർത്തനങ്ങൾ നടത്താൻ സാധിക്കുന്നില്ല. ഇക്കാരണത്താൽ വളരെ വ്യാപകമായ കൃഷി നാശം സംഭവിച്ചുകൊണ്ടിരിക്കുകയാണ്. മലപ്പുറം ജില്ലാ കളക്ടർ ചെയർമാനും പ്രിൻസിപ്പൽ കൃഷി ആഫീസർ സെക്രട്ടറിയുമായി കോൾ

വികസന ഏജൻസി പുന:സംഘടിപ്പിച്ചുവെങ്കിലും. അതിൽ തൃശ്ശൂർ ജില്ലയിലെ ബന്ധപ്പെട്ട വകുപ്പിലെ ഉദ്യോഗസ്ഥരോ തൃശ്ശൂർ ജില്ലയിൽപ്പെടുന്ന മൂന്ന് നിയോജകമണ്ഡലങ്ങളിലെ പാടശേഖര സമിതിയിലെ പ്രതിനിധികളോ ജില്ലാ പഞ്ചായത്ത് പ്രതിനിധികളോ ഇല്ല. അതുകൊണ്ട് മറ്റ് വികസന ഏജൻസികൾക്ക് നൽകുന്നതുപോലെ ഫണ്ട് ലഭ്യമാക്കാനും ഒരു ഉദ്യോഗസ്ഥ കോ-ഓർഡിനേഷൻ ഉണ്ടാക്കാനും നടപടി സ്വീകരിക്കണം.

**കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ) :** തൃശ്ശൂർ ജില്ലയിലെ ചാവക്കാട്, വടക്കേക്കാട് മുനിസിപ്പാലിറ്റികൾ ഉൾപ്പെട്ട പൊന്നാനി കോൾ വികസന ഏജൻസിയിൽ തൃശ്ശൂർ ജില്ലയിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഇല്ലാത്തതിന്റെ കുറവ് പരിഹരിക്കുന്നതിനെക്കുറിച്ചും അവിടെ അടിയന്തിരമായി നടത്തേണ്ട പ്രവർത്തനങ്ങളെക്കുറിച്ചും ചർച്ച നടത്തി ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. തൃശ്ശൂർ ജില്ലയിലെ ഉദ്യോഗസ്ഥരേയും പഞ്ചായത്ത് പ്രതിനിധികളേയും കോൾനില വികസന ഏജൻസിയിൽ ഉൾപ്പെടുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## (13) കൃഷി ഭവനുകളിലെ കൃഷി അസിസ്റ്റന്റുമാരുടെ ഒഴിവുകൾ

**ശ്രീ. എ.പി. അനിൽ കുമാർ:** കഴിഞ്ഞ കാലവർഷക്കെടുതിയിൽ വ്യാപകമായ കൃഷി നാശമുണ്ടായപ്പോൾ അതിന്റെ നഷ്ടങ്ങൾ കണക്കാക്കാൻപോലും കഴിയാത്ത സ്ഥിതിയാണ് കൃഷി വകുപ്പിനുണ്ടായത്. പല കൃഷി ഭവനുകളിലും ഒന്നോ രണ്ടോ ഉദ്യോഗസ്ഥരാണുള്ളത്. മലപ്പുറം ജില്ലയിൽമാത്രം അൻപതിലേറെ കൃഷി അസിസ്റ്റന്റുമാരുടെ തസ്തിക ഒഴിഞ്ഞുകിടക്കുകയാണ്. എത്രയും പെട്ടെന്ന് നിലവിലുള്ള പി.എസ്.സി

ലിസ്റ്റിൽ നിന്നും കൃഷി അസിസ്റ്റന്റുമാരെ നിയമിക്കാൻ നടപടി സ്വീകരിക്കണം.

**കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ)** ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 378 കൃഷി അസിസ്റ്റന്റുമാരുടെ ഒഴിവുകളാണുണ്ടായിരുന്നത്. ഇതിൽ 78 ഒഴിവുകൾ മലപ്പുറം ജില്ലയിലായിരുന്നു. ഈ ഗവൺമെന്റ് 506 കൃഷി അസിസ്റ്റന്റുമാരുടെ ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യുകയും 505 പേർക്ക് പി..എസ്.സി നിയമന ശുപാർശ നൽകുകയും ചെയ്തു. അവരെ സംസ്ഥാനത്തെ വിവിധ കൃഷി ഭവനുകളിൽ നിയമിച്ചുകൊണ്ട് ഉത്തരവ് നൽകിയിട്ടുണ്ട്. 69 കൃഷി അസിസ്റ്റന്റുമാരേയും മലപ്പുറം ജില്ലയിലാണ് നിയമിച്ചത്. ഇപ്പോൾ സംസ്ഥാനത്ത് 207 കൃഷി അസിസ്റ്റന്റുമാരുടെ ഒഴിവുകളുണ്ട്. മലപ്പുറം ജില്ലയിൽ 48 തസ്തികകളാണ് ഒഴിഞ്ഞുകിടക്കുന്നത്. പട്ടികജാതി/ പട്ടിക വർഗ്ഗ വിഭാഗത്തിന് 238 തസ്തികകൾ സംവരണം ചെയ്തുകൊണ്ട് ഉത്തരവായിട്ടുണ്ട്. 31-12-2007 വരെ പ്രതീക്ഷിക്കുന്ന 233 ഒഴിവുകളിൽ സ്പെഷ്യൽ റിക്രൂട്ടുമെന്റ് വഴി എസ്.സി/എസ്.ടി വിഭാഗത്തിൽ നിന്ന് നിയമന ശുപാർശയ്ക്ക് പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി-യിൽനിന്ന് ആളെ കിട്ടിയില്ലെങ്കിൽ എംപ്ളോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമിക്കുന്നതാണ്. മലപ്പുറം ജില്ലയിൽ കൃഷി അസിസ്റ്റന്റുമാരുടെ ഒഴിവുകൾ നികത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കുന്നതാണ്.

### (14) മൺപാത്ര തൊഴിലാളികളുടെ അവശതകൾ

**ശ്രീമതി ജെ. അരുന്ധതി:** മൺപാത്ര തൊഴിലാളികളുടെ ജീവിത ശോച്യാവസ്ഥയെപ്പറ്റി ശ്രീ. കടകംപള്ളി സുരേന്ദ്രൻ ചെയർമാനായ കമ്മിറ്റി പഠനം നടത്തുകയും ഗവൺമെന്റിന് റിപ്പോർട്ട് കൊടുക്കുകയും

ചെയ്തിട്ടുണ്ട്. അതിൽ പ്രധാനമായും പറയുന്നത് വിദ്യാഭ്യാസം, തൊഴിൽ എന്നീ രംഗങ്ങളിൽ ഈ വിഭാഗത്തിലെ ജനങ്ങൾക്ക് മുന്നേറാൻ സാധിച്ചിട്ടില്ലെന്നാണ്. ഉന്നത വിദ്യാഭ്യാസം ഈ വിഭാഗക്കാർക്ക് നിഷേധിച്ചിരിക്കുകയാണ്. സംവരണം കൊടുത്തുകൊണ്ടുമാത്രമേ ഇത് മാറ്റിയെടുക്കാൻ സാധിക്കുകയുള്ളു. ഇവർക്ക് ഒ.ഇ.സി. യുടെ സൗജന്യമാണ് ഇപ്പോൾ കിട്ടിക്കൊണ്ടിരിക്കുന്നത്. വിദ്യാഭ്യാസാനുകൂല്യങ്ങൾ തക്ക സമയത്ത് കിട്ടുന്നില്ല. ഇക്കാര്യങ്ങളിൽ അനുകൂല നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം.

**പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ):** പരമ്പരാഗതമായ കളിമൺപാത്ര നിർമ്മാണം കുലത്തൊഴിലായി സ്വീകരിച്ചിട്ടുള്ള പിന്നോക്ക സമുദായമായ കുശവൻ, കുമ്പാരൻ, ഓടൻ തുടങ്ങിയ വ്യത്യസ്ത പേരുകളിലായി മൂന്ന്ലക്ഷത്തി എൺപതിനായിരത്തോളം ആളുകൾ വരും. മൺപാത്ര നിർമ്മാണം കുലത്തൊഴിലായി സ്വീകരിച്ചിട്ടുള്ളവരുടെ സാമൂഹിക-സാമ്പത്തിക ശോച്യാവസ്ഥ പരിഹരിക്കുന്നതിന് ശ്രീ. കടകംപള്ളി സുരേന്ദ്രൻ ചെയർമാനായ പിന്നോക്ക സമുദായക്ഷേമ സമിതി 1999 ഏപ്രിൽ 12-ന് വിശദമായ ഒരു റിപ്പോർട്ട് സമർപ്പിച്ചിരുന്നു. പ്രസ്തുത റിപ്പോർട്ടിലെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഗവൺമെന്റ് കുറേ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ വിഭാഗത്തിലെ ആളുകൾക്ക് സംസ്ഥാനത്തെ മറ്റർഹ ലിസ്റ്റിൽ ഉൾപ്പെടുത്തി പട്ടികജാതിക്കാർക്കർഹമായ ആനുകൂല്യങ്ങൾ നൽകി വരുന്നു. ഐ.ഐ.ടി യിലേയും അംഗീകൃത യൂണിവേഴ്സിറ്റികളുമായി അഫിലിയേഷനുള്ള സ്ഥാപനങ്ങളിലേയും അംഗീകൃത കോഴ്സുകൾ

പൂർത്തിയാക്കുന്നതിനാവശ്യമായ വിദ്യാഭ്യാസാനുകൂല്യങ്ങളും ഒ.ഇ.സി ആനുകൂല്യവും ഇപ്പോൾ ഈ വിഭാഗത്തിന് ലഭിക്കുന്നുണ്ട്.

## (15) <u>മാനന്തവാടി ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്</u>

**<u>ശ്രീ. കെ.സി. കുഞ്ഞിരാമൻ</u>** : ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കാര്യത്തിൽ ഏറ്റവും പിന്നോക്കംനിൽക്കുന്ന വയനാട് ജില്ലയിലെ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിൽ ഒഴിഞ്ഞു കിടക്കുന്ന പ്രിൻസിപ്പാൾ, പ്രൊഫസർ, നോൺ-ടീച്ചിംഗ് സ്റ്റാഫ് തുടങ്ങിയ തസ്തികകളിൽ അടിയന്തിരമായി ജീവനക്കാരെ നിയമിക്കാൻ നടപടി സ്വീകരിക്കണം.

**വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി <u>(ശ്രീ. എം..എ. ബേബി):</u>** മികവ് മെച്ചപ്പെടുത്തൽ പദ്ധതിയനുസരിച്ച് കുറേ അദ്ധ്യാപകരെ മികച്ച കേന്ദ്രങ്ങളിൽ പരിശീലനത്തിന് അയയ്ക്കുന്ന സംവിധാനം ഇവിടെ നിലവിലുണ്ട്.. എഞ്ചിനീയറിംഗ് കോളേജുകളിൽ അഖിലേന്ത്യാ കൗൺസിൽ ഫോർ ടെക്നിക്കൽ എഡ്യൂക്കേഷൻ വച്ചിട്ടുള്ള നിബന്ധനകൾ അനുസരിച്ചുവേണം അദ്ധ്യാപകരെ നിയമിക്കാനും അവർക്ക് സ്ഥാനക്കയറ്റം കൊടുക്കാനും. കാലാകാലങ്ങളിൽ സെലക്ഷൻ കമ്മിറ്റി യോഗം ചേർന്ന് എടുക്കുന്ന തീരുമാനമനുസരിച്ച് മാത്രമേ ഒഴിവുകൾ നികത്താൻ കഴിയുകയുള്ളൂ. താൽക്കാലികമായി ഉണ്ടാകുന്ന ഒഴിവുകൾ നികത്താൻ അതാത് കോളേജിലെ പ്രിൻസിപ്പാൾമാർക്ക് അധികാരം കൊടുത്തിട്ടുണ്ട്. മാനന്തവാടി എഞ്ചിനീയറിംഗ് കോളേജിനെ സംബന്ധിച്ച് അവിടത്തെ പ്രിൻസിപ്പാളിന് അദ്ധ്യാപകരെ നിയമിക്കാനുള്ള അധികാരം

കൊടുത്തിട്ടുണ്ട്. അവിടെയുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ വളരെ വേഗം തീരുമാനമെടുക്കുന്നതാണ്.

### (16) എൻട്രൻസ് പരീക്ഷയിൽ എസ്.സി ആനുകൂല്യം

**ശ്രീ. എസ്. രാജേന്ദ്രൻ**: ലിംഗ്വിസ്റ്റിക് മൈനോറിറ്റിയുമായി ബന്ധപ്പെട്ട് സംസ്ഥാനത്തുടനീളം 1951-ന് മുൻപ് വന്നിട്ടുള്ള ആളുകളുടെ ബർത്ത് സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ മാത്രമേ അവർക്ക് സംവരണവും ഉന്നത വിദ്യാഭ്യാസത്തിനുള്ള ആനുകൂല്യവും ലഭിക്കുകയുള്ളു. ഇക്കാരണത്താൽ അവസരങ്ങൾ നിഷേധിക്കപ്പെടുന്ന സാഹചര്യം നിലവിലുള്ളതുകൊണ്ട് സർക്കാർ എത്രയും പെട്ടെന്ന് അനുകൂല നടപടി സ്വീകരിക്കണം.

**പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ)** : ദേവികുളം താലൂക്കിൽ തോട്ടം മേഖലയിൽ കുടിയേറിയവരുടെ പിൻതലമുറയിലെ വിദ്യാർത്ഥികൾക്ക് എസ്.സി/എസ്.ടി ആനുകൂല്യം നഷ്ടപ്പെടുന്നുണ്ട്. നിലവിലുള്ള നിയമപ്രകാരം 1950-ന് മുൻപ് കേരളത്തിൽ സ്ഥിരമായി താമസമാക്കിയിരുന്നു എന്നത് തെളിയിക്കുന്നപക്ഷം അവരുടെ അവകാശം അംഗീകരിച്ചിട്ടുണ്ട്. ഇത്തരം രേഖകൾ ഹാജരാക്കാൻ കഴിയാതെ വരുന്നവരെ സംബന്ധിച്ച് സംസ്ഥാനത്തിന് മാത്രമായി ഒരു തീരുമാനമെടുക്കാൻ കഴിയില്ല. ഇൻഡ്യൻ പാർലമെന്റ് പാസ്സാക്കിയ നിയമം എല്ലാ സംസ്ഥാനങ്ങൾക്കും ബാധകമാണ്. രേഖകൾ സമർപ്പിക്കാൻ കഴിയുന്ന എല്ലാപേർക്കും സർട്ടിഫിക്കറ്റ് കൊടുക്കാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്.

### (17) <u>ആലുവയിൽ എം.എ.സി.ടി കോടതി</u>

<u>**ശ്രീ. എ.എം. യൂസഫ്:**</u> ഏറ്റവും കൂടുതൽ വാഹനങ്ങളുള്ളതും രജിസ്റ്റർ ചെയ്യുന്നതും എറണാകുളം ജില്ലയിലാണ്. എറണാകുളം ജില്ലയിൽ അപകടങ്ങളുണ്ടാകുമ്പോൾ അത് കൈകാര്യം ചെയ്യുന്നതിന് കോടതിയില്ലാത്തതിനാൽ ആലുവ കേന്ദ്രമായി ഒരു എം.എ.സി.ടി. കോടതി സ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കണം.

**ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി <u>(ശ്രീ. കോടിയേരി ബാലകൃഷ്ണൻ)</u>:** സംസ്ഥാനത്ത് എം.എ.സി.ടി. സ്ഥാപിക്കുന്നതിന് 19-7-1996-ൽ ആഭ്യന്തര വകുപ്പിൽനിന്ന് അഞ്ച് കോടതികളുടെ മുൻഗണനാ പട്ടിക തയ്യാറാക്കിയതിൽ തൃശ്ശൂർ, പത്തനംതിട്ട, കൽപ്പറ്റ എന്നിവിടങ്ങളിൽ കോടതി പ്രവർത്തനം തുടങ്ങിക്കഴിഞ്ഞു. എം.എ.സി.ടി കോടതികൾ തുടങ്ങാനുള്ള മുൻഗണനാ പട്ടിക ഹൈക്കോടതിയാണ് പ്രസിദ്ധീകരിച്ചു കൊണ്ടിരിക്കുന്നത്. ഈ പ്രശ്നം ഹൈക്കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

### (18) <u>യൂത്ത് കോൺഗ്രസ് പ്രവർത്തകർ നടത്തിയ മാർച്ച്</u>

<u>**ശ്രീ. പി.സി. വിഷ്ണുനാഥ്:**</u> മാഫിയാ ബന്ധത്തിനെതിരെയും കൊച്ചിയിലെ മാലിന്യ നിക്ഷേപംമൂലം ഇരുന്നൂറിലധികം കുട്ടികൾക്ക് ഛർദ്ദിയുണ്ടായതിനെ സംബന്ധിച്ചും യൂത്ത് കോൺഗ്രസ് നടത്തിയ മാർച്ചിനുനേരെ പോലീസ് ഭീകരാന്തരീക്ഷം സൃഷ്ടിച്ചതിന്റെ ഫലമായി നേതാക്കൻമാർക്ക് ഗുരുതരമായ പരിക്കുപറ്റി ആശുപത്രിയിലാണ്. അടിയന്തിരമായി അന്വേഷണം നടത്തി ഉത്തരവാദികളായ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കണം.

(ഈ വിഷയം സംബന്ധിച്ച് ശ്രീ. കെ. ബാബുവും നോട്ടീസ് നൽകിയിട്ടുണ്ട്)

**ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>)** : കെട്ടിടനികുതി വർദ്ധനവ് പിൻവലിക്കുക, മാലിന്യങ്ങൾ ശരിയായ രീതിയിൽ സംസ്ക്കരിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചു കൊണ്ട് 500-ലധികം യൂത്ത് കോൺഗ്രസ് പ്രവർത്തകർ കൊച്ചി കോർപ്പറേഷൻ ഓഫീസിലേയ്ക്ക് തള്ളിക്കയറി. പ്രകടനക്കാർ പോലീസിനുനേരെ നടത്തിയ കല്ലേറിൽ 2 എസ്.ഐ.യ്ക്കും 3 പോലീസുകാർക്കും പരിക്കുപറ്റി. പ്രകടനക്കാരെ പോലീസ് വിരട്ടി ഓടിക്കുകയും ഇന്ത്യൻ ശിക്ഷാനിയമത്തിലെ വിവിധ വകുപ്പുകൾ പ്രകാരം എറണാകുളം സെൻട്രൽ പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവിലും കെട്ടിടനികുതി വർദ്ധനവിലും പ്രതിഷേധിച്ച് കാസർഗോഡ് ജില്ലയിൽ യൂത്ത് കോൺഗ്രസ് പ്രവർത്തകർ 23-ാം തീയതി കളക്ടറേറ്റ് മാർച്ച് നടത്തി. പ്രകടനക്കാർ കെ.എസ്.ആർ.ടി.സി. ബസ്സിനും ജില്ലാ പഞ്ചായത്ത് ഓഫീസിന് സമീപമുള്ള കാന്റീനുനേരെയും കല്ലേറ് നടത്തി. കളക്ടറേറ്റിനു മുമ്പിലെത്തിയ പ്രകടനക്കാരും പോലീസും തമ്മിൽ ഉന്തും തള്ളുമുണ്ടായി. അക്രമാസക്തരായ പ്രകടനക്കാരെ പോലീസ് വിരട്ടി ഓടിച്ചു. പ്രകടനക്കാർ നടത്തിയ കല്ലേറിൽ ഒരു എ.എസ്.ഐ.യ്ക്കും 2 ഹെഡ് കോൺസ്റ്റബിൾമാർക്കും പരിക്കുപറ്റിയിട്ടുണ്ട്. ഇതുസംബന്ധിച്ച് കാസർഗോഡ് പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. സംഭവസ്ഥലത്തുവച്ച് 12 പേരെ പോലീസ് അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കി. അവരെ കോടത് റിമാന്റ് ചെയ്തിട്ടുണ്ട്. പൊതുമുതൽ നശിപ്പി

ക്കുന്ന തരത്തിലുള്ള ബോധപൂർവ്വമായ അക്രമ സമരത്തിന് ഒരു കാരണവശാലും ഗവൺമെന്റ് സമ്മതിക്കുകയില്ല.

### (19) കശുമാവ് കൃഷിക്ക് സർക്കാർ ഭൂമി ലഭ്യമാക്കൽ

**ശ്രീ. എ.എ. അസീസ്:** സംസ്ഥാനത്ത് 760 കശുവണ്ടി ഫാക്ടറികളിലായി പണിയെടുക്കുന്ന. 3 ലക്ഷം തൊഴിലാളികൾക്ക് എല്ലാ ദിവസവും തൊഴിൽ ലഭ്യമാക്കുന്നതിനാവശ്യമായ കശുവണ്ടി ലഭ്യമാക്കേണ്ടതുണ്ട്. കശുവണ്ടി ഉൽപ്പാദിപ്പിച്ചിരുന്ന അന്യ രാജ്യങ്ങളിൽ പ്രോസ്സസിംഗ് യൂണിറ്റ് ആരംഭിച്ചതോടെ കശുവണ്ടിയുടെ ഇറക്കുമതി കുറഞ്ഞു. ഈ പ്രതിസന്ധിക്ക് പരിഹാരം കാണുന്നതിന് ഇവിടെ കശുമാവ് കൃഷി വികസിപ്പിക്കുന്നതിനായി രൂപീകരിച്ച ഏജൻസിയുടെ പ്രവർത്തനം ആരംഭിക്കുകയും കശുമാവ് കൃഷിക്ക് തരിശുഭൂമി ലഭ്യമാക്കുകയും ചെയ്യണം.

**റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ):** കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനുള്ള പദ്ധതി സംസ്ഥാന സർക്കാർ വിപുലമായി ആവിഷ്ക്കരിച്ചിട്ടുണ്ട്. അതിലേയ്ക്കുവേണ്ടി രൂപീകരിച്ച ഏജൻസിയുടെ പ്രവർത്തനങ്ങളും നടന്നുകൊണ്ടിരിക്കുകയാണ്. കശുമാവ് കൃഷി പ്രോൽസാഹിപ്പിക്കാനായി കുറേ ഭൂമി നീക്കിവയ്ക്കണമെന്നുള്ളത് ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്.

### (20) ഭൂകമ്പ ഭീതി

**ശ്രീ. എ.കെ. ശശീന്ദ്രൻ:** ബാലുശ്ശേരി നിയോജകമണ്ഡലത്തിൽ കാന്തലാട് വില്ലേജിലെ തോറോട് മലയെ ഭൂകമ്പബാധിതപ്രദേശമായി പ്രഖ്യാപിച്ചിരിക്കുകയാണ്. 64 കുടുംബങ്ങളെ മാറ്റിപ്പാർപ്പിച്ചിരിക്കുന്നു. ഇതേ വില്ലേജിലെ മറ്റൊരു പ്രദേശത്തും ഭൂമിയിൽ വിള്ളൽ ഉണ്ടായിട്ടുണ്ട്. ഭൂകമ്പ സാധ്യതയെക്കുറിച്ച് വിദഗ്ദ്ധ പഠനം നടത്തി തദ്ദേശവാസികളുടെ ആശങ്ക

അവസാനിപ്പിക്കണം. അതോടൊപ്പം അവരെ പുനരധിവസിപ്പിക്കാനും നടപടി സ്വീകരിക്കണം.

**റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ):** കോഴിക്കോട് ജില്ലയിൽ പനങ്ങാട് പഞ്ചായത്തിൽ കാന്തലാട് വില്ലേജിൽപ്പെട്ട തോറോട് മലയിൽ ഭൂകമ്പമുണ്ടാകുന്നതിനും മണ്ണിടിച്ചിലിനും സാധ്യതയുണ്ടെന്ന റിപ്പോർട്ടുകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത മലയിൽ ഏകദേശം 400 മീറ്ററോളം നീളത്തിൽ വിള്ളൽ വീണിട്ടുണ്ട്. സംഭവത്തിന്റെ ഗൗരവം കണക്കിലെടുത്ത് പരിസരവാസികളായ 70-ലധികം കുടുംബങ്ങളെ മാറ്റിപ്പാർപ്പിച്ചിരിക്കുകയാണ്. ഇതേ വില്ലേജിലെ മറ്റുചില പ്രദേശങ്ങളിലും അപകടഭീഷണി നിലനിൽക്കുന്നുണ്ട്. ഇതുസംബന്ധിച്ച് വിശദമായ പഠനം നടത്തുന്നതിന് ദേശീയ ദുരന്ത നിവാരണ സേന, സെസ്സ്, ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ, സോയിൽ കൺസർവേഷൻ, മൈനിംഗ് ആന്റ് ജിയോളജി, കാർഷിക സർവ്വകലാശാല എന്നിവയുടെ പ്രതിനിധികളടങ്ങുന്ന വിദഗ്ദ്ധ സംഘം ജില്ലാ കളക്ടറുടേയും ആർ.ഡി.ഒ.യുടേയും നേതൃത്വത്തിൽ ഈ മാസം 25-ാം തീയതി സ്ഥലം പരിശോധിക്കുന്നതും അവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അനന്തര നടപടികൾ കൈക്കൊള്ളുന്നതുമാണ്.

## (21) പനവൂർ ബ്ലോക്കിലെ പി.എച്ച്.സി., സി.എച്ച്.സി. ആയി ഉയർത്തേണ്ടതിന്റെ ആവശ്യകത

**ശ്രീ. മാങ്കോട് രാധാകൃഷ്ണൻ:** നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ പനവൂർ കേന്ദ്രീകരിച്ചുള്ള പി.എച്ച്.സി. യെ സി.എച്ച്.സി. ആയി ഉയർത്തണം.

**ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (<u>ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ</u>)**: നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ കന്യാകുളങ്ങര സി. എച്ച്.സി.യുടെ കീഴിലാണ് പനവൂർ പി.എച്ച്. സി. പ്രവർത്തിക്കുന്നത്. ഒരു ഡോക്ടർ ഉൾപ്പെടെ 9 സ്റ്റാഫാണ് പ്രസ്തുത ആശുപത്രിയിലുള്ളത്. 10 കി. മീറ്റർ അകലെ ആനാട് പി.എച്ച്.സിയും 12 കി.മീറ്റർ അകലെ നെടുമങ്ങാട് താലൂക്കാശുപത്രിയും ഉണ്ട്. മിനി പി.എച്ച്.സി. ഐ.പി. ആക്കുന്നതിന് ഇന്നത്തെ സാഹചര്യത്തിൽ സാധ്യമല്ല. ഒരു ഡോക്ടറുടെ സേവനം കൂടി ലഭ്യമാക്കാൻ സാധിക്കുമോയെന്ന് പരിശോധിക്കുന്നതാണ്.

### (22) <u>കണ്ണൂരിൽ കണ്ടെയ്നർ ടെർമിനൽ ഫ്രെയിറ്റ് സ്റ്റേഷന് സ്ഥലം ലഭ്യമാക്കൽ</u>

**<u>ശ്രീ. എം. പ്രകാശൻ മാസ്റ്റർ:</u>** സെൻട്രൽ വെയർഹൗസിംഗ് കോർപ്പറേഷന് കണ്ണൂരിൽ കണ്ടെയ്നർ ഫ്രെയിറ്റ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് 5 ഏക്കർ ഭൂമി എത്രയും വേഗം അനുവദിക്കണം.

**വ്യവസായ വകുപ്പുമന്ത്രി (<u>ശ്രീ. എളമരം കരീം</u>)**: സെൻട്രൽ വെയർഹൗസിംഗ് കോർപ്പറേഷൻ കണ്ണൂരിൽ ഒരു കണ്ടെയ്നർ ഫ്രെയിറ്റ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് മങ്ങാട്ടുപറമ്പ് എന്ന സ്ഥലം അനുയോജ്യമായി കണ്ടെത്തിയിട്ടുണ്ട്. ഈ സ്ഥലം ഇപ്പോൾ കണ്ണൂർ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, റവന്യൂ വകുപ്പ്, കല്യാശ്ശേരി ഗ്രാമ പഞ്ചായത്ത് എന്നിവരുടെ കൈവശമാണ്. കൈവശക്കാരുടെ സമ്മതപത്രം വാങ്ങുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുന്നതാണ്.

### (23) <u>മൈലാട്ടി ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിലുണ്ടായിരുന്ന സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച്</u>

**<u>ശ്രീ. കെ. വി. കുഞ്ഞിരാമൻ:</u>** ഉദുമ നിയോജകമണ്ഡലത്തിലെ മൈലാട്ടിയിൽ സ്പിന്നിംഗ് മില്ലും, സെറിഫെഡിന്റെ സിൽക്ക് റീലിംഗ്

യൂണിറ്റും പ്രവർത്തിക്കുന്നിടത്ത് തരിശായി കിടക്കുന്ന സ്ഥലം വ്യവസായ വകുപ്പ് മുൻകയ്യെടുത്ത് ഏതെങ്കിലും വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. അതോടൊപ്പം സെറിഫെഡിന്റെ കൈവശമുള്ള സ്ഥലം കൂടുതൽ ഫലപ്രദമായി ഉപയോഗപ്പെടുത്തുകയും വേണം.

**വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം):** കാസർകോട് ജില്ലയിലെ മൈലാട്ടിയിൽ കേരള ടെക്സ്റ്റൈൽ കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള 23.23 ഏക്കർ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബ ന്ധിച്ച് സെറിഫെഡ്ഡും കെ. എസ്. ടി. സി.യുമായി നിലനിന്നിരുന്ന തർക്കം പരിഹരിച്ച് സ്ഥലം രണ്ട് സ്ഥാപനങ്ങൾക്കുമായി വീതിച്ച് നൽകി വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുന്നതിന് ധാരണയായിട്ടുണ്ട്. കെ. എസ്. ടി.സി.ക്ക് നൽകുന്ന 10 ഏക്കർ സ്ഥലത്ത് വീവിംഗ് പ്രോജക്ട്, ഹൈ-ടെക്ക് എയർ ജെറ്റ്ലൂം എന്നിവ തുടങ്ങുന്നതിനും സെറിഫെഡ്ഡിന് നൽകുന്ന 13.23 ഏക്കർ സ്ഥലത്ത് കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയ ത്തിന്റെ സാമ്പത്തിക സഹായത്തോടുകൂടി സംസ്ഥാന സാമൂഹ്യക്ഷേമ വിക സന വകുപ്പിന്റെ കീഴിലുള്ള പദ്ധതിക്ക് രൂപം നൽകി സെറിക്കൾച്ചർ ഗ്രാമം എന്ന വിപുലമായ ആശയം നടപ്പിലാക്കാനുമാണ് ഉദ്ദേശിക്കുന്നത്. മേൽപ്പ റഞ്ഞ രണ്ട് പ്രോജക്ടുകളും പ്രാരംഭ ദിശയിലാണ്. പ്രോജക്ടുകൾ യാഥാർത്ഥ്യമാകുമ്പോൾ ഈ സ്ഥലം പൂർണ്ണമായി ഉപയോഗിക്കാൻ കഴിയു മെന്നും ഈ പ്രദേശത്തിന്റെ മുഖഛായ തന്നെ മാറുമെന്നുമാണ് പ്രത്യാശിക്കുന്നത്.

## (24) <u>സി. എച്ച്. സി. കളുടെ ശോച്യാവസ്ഥ</u>

**<u>ശ്രീമതി ഇ. എസ്. ബിജി മോൾ</u>**: പീരുമേട് നിയോജകമണ്ഡലത്തിലെ വണ്ടിപ്പെരിയാർ, ഉപ്പുതറ സി. എച്ച്. സി. കൾ, പീരുമേട് താലൂക്ക് ആശുപത്രി എന്നിവയുടെ ശോച്യാവസ്ഥ പരിഹരിക്കണം. പീരുമേട് താലൂക്ക് ആശുപത്രിയിൽ യഥാർത്ഥ സ്റ്റാഫ് പാറ്റേൺ അനുസരിച്ചുള്ള സ്റ്റാഫിനെ നൽകണം.

**ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (<u>ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ</u>)**: ഇടുക്കി, വയനാട് തുടങ്ങിയ ജില്ലകളിലുള്ള ആശുപത്രികളിൽ ഡോക്ടർമാരെ നിയമിച്ചാൽ അവർ പോകാത്ത അവസ്ഥ വളരെ പ്രയാസം സൃഷ്ടിക്കുകയാണ്. ഇക്കാരണത്താൽ വണ്ടിപ്പെരിയാർ, പീരുമേട്, രാജാക്കാട്, അടിമാലി, നെടുങ്കണ്ടം തുടങ്ങിയ സി. എച്ച്. സി. കൾ വേണ്ട വിധത്തിൽ പ്രവർത്തിപ്പിക്കുവാൻ സംവിധാനമില്ല. പീരുമേട് താലൂക്കാശുപത്രിയിൽ മൂന്ന് ഡോക്ടർമാരുണ്ടെങ്കിലും അവരെക്കൊണ്ട് എല്ലാം മാനേജ് ചെയ്യാൻ സാധിക്കുന്നില്ല. ഡോക്ടർമാരുടെ തസ്തിക വർദ്ധിപ്പിച്ച് കൊടുത്താൽ പല പ്രദേശങ്ങളിലും ഡോക്ടർമാർ ജോയിൻ ചെയ്യുന്നില്ല. ഇടുക്കി, വയനാട്, കണ്ണൂർ, കാസർകോട്, പാലക്കാട് തുടങ്ങിയ മലയോര മേഖലകളെയെല്ലാം under served ആയി പ്രഖ്യാപിച്ചുകൊണ്ട് അവിടെ പോകുന്ന ഡോക്ടർമാർക്ക് കൂടുതൽ ആനുകൂല്യം കൊടുത്ത് നിയമിക്കുന്നതിനെക്കുറിച്ച് സർക്കാർ ആലോചിച്ചു വരികയാണ്. പീരുമേട് താലൂക്കാശുപത്രിയുടെ ഇന്നത്തെ നില മാറ്റിയെടുക്കുന്നതിന് സർക്കാർ ശ്രദ്ധിക്കുന്നതാണ്.

## (25) <u>കൊച്ചിയിലെ മാലിന്യ സംസ്ക്കരണ പ്രവർത്തനം</u>

<u>പ്രൊഫ. കെ. വി. തോമസ്</u>: കൊച്ചി കോർപ്പറേഷനിലെ ഗുരുതരമായ മാലിന്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ജിഡയുടെ കൈവശമുള്ള ചാത്തിയാത്തിന് സമീപം ഒഴിഞ്ഞുകിടക്കുന്ന പ്രദേശത്ത് ജില്ലാ അഡ്മിനിസ്ട്രേഷൻ നേരിട്ട് മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ ആരംഭിച്ചെങ്കിലും ചാത്തിയാത്ത് പ്രദേശത്തുള്ള കോൺവെന്റ് സ്കൂളിലും അനാഥാലയത്തിലുമായി 80 ഓളം കുട്ടികൾ ഇന്നലെ (23-07-2007) ബോധംകെട്ട് വീഴുകയും ഛർദ്ദിക്കുകയും ആശുപത്രിയിലാവുകയും ചെയ്തതിനെത്തുടർന്ന് ജനകീയ പ്രക്ഷോഭമുണ്ടാവുകയും പോലീസ് ഇടപെടുകയും മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ പരിപൂർണ്ണമായി നിർത്തിവച്ചിരിക്കുകയുമാണ്. മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുന്നതിന് കുറച്ച് വർഷങ്ങളായി കൊച്ചിയിൽ ഒരു വലിയ മാഫിയാ പ്രവർത്തിച്ചുവരികയാണ്. അതിനെതിരെ ശക്തമായ നടപടിയെടുക്കാൻ സർക്കാർ തയ്യാറാകണം. കഴിഞ്ഞ കുറെ വർഷങ്ങളായി വെല്ലിംഗ്ടൺ ഐലൻഡിൽ നടന്നുകൊണ്ടിരുന്ന നിർമ്മാർജ്ജന പ്രവർത്തനങ്ങൾ നേവി ഒബ്ജക്ട് ചെയ്തതിനാൽ ഇപ്പോൾ നിറുത്തി ച്ചിരിക്കുകയാണ്. അതുകൊണ്ട് അടിയന്തിരമായി ചെയ്യേണ്ട നിർമ്മാർജ്ജന പ്രവർത്തനങ്ങൾ നടത്തുന്നതിനും ബ്രഹ്മപുരത്തെ മാലിന്യ സംസ്ക്കരണ പ്ലാന്റിന്റെ പ്രവർത്തനം സമയബന്ധിതമായി ആരംഭിക്കുന്നതിനും സർക്കാർ നടപടി സ്വീകരിക്കണം.

**തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (<u>ശ്രീ. പാലോളി മുഹമ്മദ് കുട്ടി</u>)**: കൊച്ചിയിലെ മാലിന്യ സംസ്ക്കരണ പ്രശ്നം ദീർഘനാളായി പ്രാദേശിക പ്രതിഷേധങ്ങൾക്ക് ഇടയാക്കിക്കൊണ്ടിരിക്കുകയാണ്. ബ്രഹ്മപുരത്ത് പണിയാരംഭിച്ചിട്ടുള്ള മാലിന്യ സംസ്ക്കരണ പ്ളാന്റ്

പ്രവർത്തനക്ഷമമാകുന്നതോടെ മാത്രമേ ഈ പ്രശ്നത്തിന് ശാശ്വത പരിഹാരമുണ്ടാകവുകയുള്ളൂ. അതുവരെ മാലിന്യം സംസ്ക്കരിക്കുന്നതിനുള്ള താൽക്കാലിക സംവിധാനങ്ങളാണ് ഏർപ്പെടുത്തിവരുന്നത്. ജിഡയുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് മലിനീകരണ നിയന്ത്രണ ബോർഡിന്റെ മേൽനോട്ടത്തിൽ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ മാലിന്യ സംസ്ക്കരണം നടത്തുന്നതിന് ബഹുമാനപ്പെട്ട ഹൈക്കോടതി താൽക്കാലിക അനുമതി നൽകി പ്രവർത്തനങ്ങൾ ആരംഭിച്ചെങ്കിലും തിങ്കളാഴ്ച ഉച്ചയോടെ സമീപത്തുള്ള ചാത്തിയാത്ത് എൽ. എം. സി. സി. ഗേൾസ് ഹൈസ്ക്കൂളിലെ കുട്ടികൾക്ക് തലചുറ്റലും മറ്റ് അസ്വസ്ഥതകളും അനുഭവപ്പെട്ടതായ പരാതിയെത്തുടർന്ന് മാലിന്യ സംസ്ക്കരണം നിർത്തിവച്ചിരിക്കുകയാണ്. ബഹുമാനപ്പെട്ട ഹൈക്കോടതി നൽകിയ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ മലിനീകരണ നിയന്ത്രണ ബോർഡ് ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ തികച്ചും ശാസ്ത്രീയമായാണ് മാലിന്യ സംസ്ക്കരണ പ്രവർത്തനങ്ങൾ അവിടെ നടത്തിയിരുന്നത്. എന്നിട്ടും കുട്ടികൾക്ക് അസ്വസ്ഥതയുണ്ടാകാനും പ്രാദേശികമായ എതിർപ്പ് വർദ്ധിക്കാനും ഇടയായ സാഹചര്യം പരിശോധനാ വിധേയമാക്കിയ ശേഷം മറ്റ് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. മാലിന്യ നിർമ്മാർജ്ജനപ്രവർത്തനങ്ങളെ ബോധപൂർവ്വം തടസ്സപ്പെടുത്തുന്ന ചില പ്രവർത്തനങ്ങൾ അവിടെ നടന്നുവരുന്നു. അത് കണ്ടെത്തി ശക്തമായ നടപടി സ്വീകരിക്കുന്നതിന് സർക്കാർ ശ്രദ്ധിക്കുന്നതാണ്.

## റിപ്പോർട്ട് സമർപ്പണം

പൊതുമേഖലാ സ്ഥാപനങ്ങൾ സംബന്ധിച്ച സമിതിയുടെ മുപ്പത്തിരണ്ടു മുതൽ മുപ്പത്തിയഞ്ചു വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

**ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന**

**ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ):** സംസ്ഥാനത്തെ ഹവാല ഇടപാടുകളും അതുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങളും സംബന്ധിച്ച് ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന നടത്തി.

## ക്രമപ്രശ്നം

**നിയമസഭാ സമ്മേളനം നടന്നുകൊണ്ടിരിക്കുമ്പോൾ എം.എൽ.എ.മാർ പങ്കെടുക്കുന്ന യോഗങ്ങൾ കൂടുന്നത് സംബന്ധിച്ച്**

**ശ്രീ. കെ.സി. വേണുഗോപാൽ:** നിയമസഭ സമ്മേളിച്ചുകൊണ്ടിരിക്കുമ്പോൾ സഭാംഗങ്ങൾ പങ്കെടുക്കേണ്ട ഔദ്യോഗിക കോൺഫറൻസുകൾ വിളിച്ചുകൂട്ടരുതെന്ന് വ്യക്തമായ റൂളിംഗ് നിലവിലുണ്ടായിട്ടും ആലപ്പുഴയിൽ 24-ാം തീയതി ഭക്ഷ്യ വകുപ്പുമായി ബന്ധപ്പെട്ട് എം.എൽ.എ.മാർ പങ്കെടുക്കേണ്ട മീറ്റിംഗും 26-ാം തീയതി കുട്ടനാട് വികസന ഏജൻസിയുടെ യോഗവും സംഘടിപ്പിച്ചിരിക്കുകയാണ്.

## റൂളിംഗ്

**മി. സ്പീക്കർ:** ഇക്കാര്യത്തിൽ ചെയർ മുമ്പ് റൂളിംഗ് നൽകിയിരുന്നതാണ്. ഇനി റൂളിംഗ് നൽകുന്നില്ല. ശ്രീ. വി.എൻ. വാസൻ കോട്ടയം ജില്ലയിൽ യോഗം നടക്കുന്നതായി എഴുതിത്തന്നിട്ടുണ്ട്. കോട്ടയം,

ആലപ്പുഴ ജില്ലാ കളക്ടർമാരോട് വിശദീകരണം ചോദിച്ചുകൊണ്ട് ആവശ്യമായ മേൽ നടപടികൾ സ്വീകരിക്കുന്നതാണ്.

## അറിയിപ്പ്

**മി. സ്പീക്കർ**: ഇന്ന് ചേർന്ന കാര്യോപദേശക സമിതിയുടെ തീരുമാനമനുസരിച്ച് 2007-ലെ കേരള ഒഴിപ്പിക്കൽ നടപടികൾ താൽക്കാലിക നിർത്തിവയ്ക്കൽ ബിൽ ഇന്നത്തെ ധനകാര്യ ബില്ലുകളിന്മേലുള്ള ചർച്ചയ്ക്കുശേഷം സഭ പരിഗണിക്കുന്നതും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കുന്നതുമാണ്.

## നിയമനിർമ്മാണകാര്യം

### സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2007-ലെ കേരള ധനകാര്യ ബില്ലും 2007-ലെ കേരള ധനകാര്യ (രണ്ടാം നമ്പർ) ബില്ലും പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തര ഘട്ടങ്ങളും

**ധനകാര്യ വകുപ്പുമന്ത്രി (ഡോ : തോമസ് ഐസക്):** സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2007-ലെ കേരള ധനകാര്യബില്ലും 2007-ലെ കേരള ധനകാര്യ (രണ്ടാം നമ്പർ) ബില്ലും പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

**ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ)**: പ്രമേയത്തെ പിന്താങ്ങുന്നു.

**ശ്രീ. ആര്യാടൻ മുഹമ്മദ്:** വിയോജിപ്പ് രേഖപ്പെടുത്തുന്നു. ജനങ്ങൾക്ക് താങ്ങാൻ കഴിയാത്തവിധം നികുതി വർദ്ധിപ്പിച്ചിരിക്കുകയാണ്. പെർക്യാപ്പിറ്റ നികുതി ഏറ്റവും കൂടുതൽ കൊടുക്കുന്ന വ്യാവസായികേതര സംസ്ഥാനമാണ് കേരളം. ഇതുകൊണ്ട് സംസ്ഥാനത്തിനു പ്രയോജനമുണ്ടാകുന്നില്ല. പെർസെന്റേജ് ഓഫ് ഡവലപ്മെന്റ്

എക്സ്പെൻഡിച്ചർ കുറവാണ്. 2005-06-ൽ ഡെവലപ്മെന്റ് എക്സ്പെൻഡിച്ചർ 52.92 ശതമാനമായിരുന്നത് 2006-07-ൽ 47.62 ശതമാനമായി കുറഞ്ഞു. 2007-08-ൽ അത് 46.79 ശതമാനമായി കുറയും. നോൺ ഡെവലപ്മെന്റ് എക്സ്പെൻഡിച്ചർ ഓരോ വർഷവും കൂടിവരുന്നു. നികുതി വരുമാനം കൂടുമ്പോൾ ഡെവലപ്മെന്റ് എക്സ്പെൻഡിച്ചർ കുറയുന്ന സ്ഥിതിയാണുള്ളത്. കേന്ദ്രാവിഷ്കൃത പദ്ധതികൾക്കാവശ്യമായ വിഹിതം വകയിരുത്താത്തതും തക്കസമയത്ത് പദ്ധതികൾ തയ്യാറാക്കി സമർപ്പിക്കാത്തതും വകുപ്പുകൾ തമ്മിൽ കോ-ഓർഡിനേഷൻ ഇല്ലാത്തതും കാരണം കേന്ദ്ര ഗവൺമെന്റ് അനുവദിക്കുന്ന പണം വാങ്ങി വിനിയോഗിക്കാൻ കഴിയുന്നില്ല. കേരള സ്റ്റാമ്പ് ആക്ടിലെ സെക്ഷൻ 10 (എ) പ്രകാരം കിട്ടുന്ന തുക എങ്ങനെ അക്കൗണ്ട് ചെയ്യുമെന്ന് ബില്ലിൽ പറയുന്നില്ല. അതിന് വ്യക്തതയുണ്ടാകണം. As may be prescribed എന്നെങ്കിലും പറയണം. റബ്ബർ, കുരുമുളക്, ഏലം തുടങ്ങിയ കാർഷികോൽപ്പന്നങ്ങളെ നികുതി വർദ്ധനവിൽനിന്ന് ഒഴിവാക്കണം. കേരള ജനറൽ സെയിൽസ് ടാക്സ് ആക്ട് പ്രകാരം അസസ്സ്മെന്റ് റീ-ഓപ്പൺ ചെയ്യാനുള്ള കാലാവധി നിശ്ചയിക്കണം. 'മൂന്ന് മാസത്തിനകം' എന്നോ 'As may be prescribed' എന്നോ ചേർക്കണം. കേരള ചിട്ടീസ് ആക്ടിൽ സർവ്വീസ് ചാർജ്ജിന്റെ പരിധിയിൽനിന്നും സഹകരണ സംഘങ്ങളെ ഒഴിവാക്കണം അന്യ സംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്തിട്ട് ഇവിടെ പ്രവർത്തിക്കുന്ന ചിട്ടിക്കമ്പനികളെ സർവ്വീസ് ചാർജ്ജിന്റെ പരിധിയിൽ കൊണ്ടുവരണം. മോട്ടോർ ബൈക്ക്, ത്രീ വീലർ, വികലാംഗർ ഉപയോഗിക്കുന്ന വാഹനങ്ങൾ, ചരക്ക് വാഹനങ്ങൾ എന്നിവയെ നികുതിയിൽനിന്നും ഒഴിവാക്കണം. പ്രതിദിന വാടക 30,000 രൂപ വരെയുള്ള

കല്യാണമണ്ഡപങ്ങൾക്കും കൺവെൻഷൻ ഹാളുകൾക്കും ഏർപ്പെടുത്തിയിട്ടുള്ള നികുതിയിൽ ഇളവ് വരുത്തുകയും 20,000 രൂപയ്ക്ക് മുകളിലുള്ളതിന് അഞ്ച് ശതമാനം നികുതി വർദ്ധിപ്പിക്കുകയും ചെയ്യുന്നതിൽ തെറ്റില്ല. ഇരട്ടിയായി വർദ്ധിപ്പിച്ച സ്റ്റോൺ ക്രഷർ യൂണിറ്റുകളുടെ നികുതി കുറയ്ക്കണം. സാധാരണ ജനങ്ങളെ ബാധിക്കുമെന്നതിനാൽ വഴിയോരക്കച്ച വടക്കാരെ നികുതിയിൽനിന്നും ഒഴിവാക്കണം. റിട്ടേൺസ് ആഡിറ്റഡ് ഫിഗറിനേക്കാൾ കൂടുതലാണെങ്കിൽ പലിശസഹിതം തിരിച്ച്കൊടുക്കാനും കുറവാണെങ്കിൽ സെറ്റോഫ് ചെയ്യാനുമുള്ള വ്യവസ്ഥകൾ ഉണ്ടാകണം. ബീഡി ഇലയെ ഷെഡ്യൂൾ 1-ൽ ഉൾപ്പെടുത്തി നികുതിയിൽനിന്ന് ഒഴിവാക്കണം. ഹാൻഡ്‌ലൂം ക്ലോത്തിന്റകൂടെ ഹാൻഡ്‌ലൂം ഗാർമെന്റ്സ്കൂടി ഉൾപ്പെടുത്തണം. 24 ഇനം ജീവൻരക്ഷാ മരുന്നുകളെ നികുതി ഒഴിവാക്കി ഷെഡ്യൂൾ (1)-ൽ ഉൾപ്പെടുത്തണം. കോടീശ്വരന്മാരിൽനിന്ന് നികുതി പിരിക്കാനും പാവപ്പെട്ടവനെ പരമാവധി ഒഴിവാക്കാനുമുള്ള നിർദ്ദേശങ്ങൾ കൊണ്ടുവരണം.

**<u>ശ്രീ. കെ. ബാബു</u>** : വിയോജിപ്പ് രേഖപ്പെടുത്തുന്നു. ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിലെ ജനങ്ങളെ ഈ നികുതി നിർദ്ദേശങ്ങൾ പ്രതികൂലമായി ബാധിക്കുകയും വിലക്കയറ്റം ഉണ്ടാക്കുകയും ചെയ്യുമെന്ന കാര്യത്തിൽ സംശയമില്ല. നികുതി കുടിശ്ശിക പിരിച്ചെടുക്കാൻ ഗവണ്മെന്റിന്റെ ഭാഗത്തുനിന്നും ഫലപ്രദമായ യാതൊരു നടപടിയും ഉണ്ടാകുന്നില്ല. ലോട്ടറിയിൽനിന്നുള്ള നികുതി പിരിച്ചെടുക്കാൻ സാധിച്ചിട്ടില്ലെന്ന് മാത്രമല്ല അതു സംബന്ധിച്ച കേസുകളിന്മേൽ ഗവൺമെന്റ് പരാജയപ്പെട്ടുകൊണ്ടിരിക്കുകയുമാണ്. നടപ്പ് സാമ്പത്തിക വർഷത്തെ പദ്ധതിത്തുക മുഴുവൻ ചെലവാക്കാൻ കഴിയുമോയെന്ന് വ്യക്തമാക്കണം. സംസ്ഥാനത്ത്

അഡ്വാൻസ് ടാക്സ് പിരിക്കാനുള്ള തീരുമാനം ഫലപ്രദമാകുമോയെന്ന് പരിശോധിക്കണം. സ്വർണ്ണത്തിന് ഏർപ്പെടുത്തിയ നികുതി പിരിച്ചെടുക്കണം. കഴിഞ്ഞ ഗവൺമെന്റ് പ്രഖ്യാപിച്ച ഇളവുകൾ പുന:സ്ഥാപിച്ച് ചെറുകിട വ്യവസായങ്ങളെ സംരക്ഷിക്കണം. ക്രഷർ മെറ്റൽ യൂണിറ്റുകൾക്ക് ടാക്സ് വർദ്ധിപ്പിച്ചത് പുന:പരിശോധിക്കണം. എം.എൽ.എ.ഫണ്ട് ഒരു കോടി രൂപയായി വർദ്ധിപ്പിക്കുകയും അതിന്മേലുള്ള നികുതി പിൻവലിക്കുകയും ചെയ്യണം. ജീവൻരക്ഷാ മരുന്നുകൾക്ക് ഏർപ്പെടുത്തിയ നികുതിയും തീറാധാരത്തിനുള്ള സ്റ്റാമ്പ് ഡ്യൂട്ടിയും പിൻവലിക്കണം. 1978-ലെ Prize Chits and Money Circulation Barring Act-ൽ ആവശ്യമായ ഭേദഗതി വരുത്തണം. ബമ്പർ ഭാഗ്യക്കുറിയുടെ നറുക്കെടുപ്പിനുള്ള ടാക്സ് 25 ലക്ഷം രൂപയായി വർദ്ധിപ്പിക്കണം. നിർമ്മാണത്തിന്റെ മൊത്തം മൂല്യം കണക്കാക്കി സ്റ്റാമ്പ് ഡ്യൂട്ടി നിശ്ചയിക്കുന്നതിനെക്കുറിച്ച് പുനർവിചിന്തനം നടത്തണം. മാധ്യമങ്ങൾക്കെതിരെയും കലാസാംസ്ക്കാരിക പ്രവർത്തകർക്കെതിരെയുമുള്ള ദുഷ്പ്രചരണങ്ങൾ അവസാനിപ്പിക്കണം. മൂന്നാർ അനധികൃത ഭൂമി കയ്യേറ്റമൊഴിപ്പിക്കുന്ന തിനുള്ള ദൗത്യസംഘത്തിന്റെ പ്രവർത്തനം മന്ദഗതിയിലാണ്.

<u>**ശ്രീ. കെ.സി. വേണുഗോപാൽ**</u>: വിയോജിപ്പ് രേഖപ്പെടുത്തുന്നു. ഒരു ബഡ്ജറ്റ് അവതരിപ്പിച്ചുകഴിഞ്ഞാൽ ബഡ്ജറ്റിനകത്ത് നികുതി നിർദ്ദേശങ്ങൾക്ക് നിയമത്തിന്റെ ഭദ്രത കൊടുക്കുന്നതിനുവേണ്ടിയാണ് ഫിനാൻസ് ബിൽ അവതരിപ്പിക്കുന്നത്. ഇഫക്ടീവായി ടാക്സ് വെട്ടിപ്പ് തടയുന്നതിനുള്ള മാർഗ്ഗങ്ങൾ ഇല്ല എന്നതാണ് ഈ ബില്ലിന്റെ ഒരു ന്യൂനതയായി പറയാനുള്ളത്. സ്റ്റോക്ക് എക്സ്ചേഞ്ചിനും കമ്മോഡിറ്റി എക്സ്ചേഞ്ചിനും പർചേസ്

ഓഫ് സെയിൽസിന്റെ സമയത്ത് നടക്കാവുന്ന ടാക്സ് വെട്ടിപ്പ് തടയാനുള്ള പ്രൊവിഷൻ ബില്ലിൽ ഇല്ല. ഏതെങ്കിലും ഒരു പഴുത് കിട്ടിയാൽ നികുതിദായ കനെ ഉപദ്രവിക്കുന്ന രീതിയാണ് സാധാരണ നിലനിൽക്കുന്നത്. അസസ്മെന്റ് നടത്തുന്നതിന് വ്യക്തമായ ഗൈഡ്‌ലൈൻസ് ഇല്ലെങ്കിൽ അത് അഴിമതിക്ക് വഴിവയ്ക്കും. അതുകൊണ്ട് വ്യക്തമായ ഗൈഡ്‌ലൈൻസ് കൊടുക്കാനുള്ള വ്യവസ്ഥ സ്റ്റാമ്പ് ആക്ടിൽ ഉണ്ടാകണം. പ്രാഥമിക സഹകരണ സംഘങ്ങളെ ചിട്ടി സർവ്വീസ് ചാർജ്ജിൽ നിന്നൊഴിവാക്കണം. ടൂ-വീലർ, ത്രീ-വീലർ കാറ്റഗറികളിലുള്ള വാഹനങ്ങളെ വൺടൈം ടാക്സ് ക്വാർട്ടർലി ടാക്സ് എന്നിവയിൽ നിന്ന് ഒഴിവാക്കണം. 5 ലക്ഷം രൂപ വരെ യുള്ള ഫ്ളാറ്റുകളെ സ്റ്റാമ്പ് ഡ്യൂട്ടിയിൽ നിന്നും ഒഴിവാക്കിയതിനെ അംഗീകരി ക്കുന്നു. 3000 രൂപ മുതൽ 10,000 രൂപ വരെ പ്രതിദിനം വാടക വാങ്ങുന്ന വിവാഹമണ്ഡപങ്ങൾക്കും കൺവെൻഷൻ സെന്ററുകൾക്കുമുള്ള ടാക്സ് വർദ്ധിപ്പിച്ച നടപടി പിൻവലിച്ച് 20,000 രൂപയ്ക്ക് മുകളിൽ വാങ്ങുന്നവയ്ക്ക് കൂടുതൽ ടാക്സ് ഈടാക്കാനുള്ള നടപടി സ്വീകരിക്കണം. കൺസ്ട്രക്ഷൻ മേഖലയിൽ ഉപയോഗിക്കുന്ന ചെറിയ ക്രഷറുകൾക്ക് നികുതി ഏർപ്പെടുത്തി യത് പുനരവലോകനം ചെയ്യണം. ചെറുകിട വ്യവസായ സംരംഭകരെ പ്രോൽസാഹിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. കൈത്തറി വസ്ത്രവുമായി ബന്ധപ്പെട്ട റെഡിമെയ്ഡ് സാധനങ്ങൾക്കുള്ള ടാക്സ് ഒഴി വാക്കണം. എം.ആർ.പി. ടാക്സ് കൺസ്യൂമറിൽ നിന്ന് ഈടാക്കുകയും ഗവൺമെന്റിൽ ലഭിക്കാതിരിക്കുകയും ചെയ്യുന്ന അവസ്ഥയുണ്ട്. വഴിയോര കച്ചവടക്കാരെ നികുതിയിൽ നിന്നൊഴിവാക്കണം. ജീവൻരക്ഷാ മരുന്നുകൾക്കുള്ള ടാക്സ് ഒഴിവാക്കണം. ലോട്ടറി മാഫിയകളെ കർശനമായി നിയന്ത്രിക്കുന്നതിന് ടാക്സേഷൻ ശക്തിപ്പെടുത്തുകയും അവരിൽ നിന്ന്

കൂടുതൽ ടാക്സ് ഈടാക്കുകയും വേണം. മാധ്യമസ്വാതന്ത്ര്യത്തെ ഹനിക്കുന്ന നടപടിയാണ് ഈ ഗവണ്മെന്റ് സ്വീകരിക്കുന്നത്. ചില്ലറവ്യാപാര രംഗത്ത് റിലയൻസ് പോലുള്ള ബഹുരാഷ്ട്ര കുത്തകകൾ കടന്നുവരുന്നതിനെ ശക്തമായി എതിർക്കുമെന്ന് പറയുന്ന ഗവണ്മെന്റ് അവർക്ക് ആധിപത്യം സ്ഥാപിക്കാനുള്ള നയമാണ് സ്വീകരിക്കുന്നത്. അതിനായി അനുവാദം കൊടുത്ത തദ്ദേശഭരണ സ്ഥാപനങ്ങൾക്കെതിരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ന്യൂനപക്ഷ സമുദായങ്ങളെ വേട്ടയാടുന്ന നടപടിയിൽനിന്ന് പ്രതിപക്ഷം പിന്തിരിയണം.

<u>**ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി:**</u> ബില്ലിനോടുള്ള വിയോജിപ്പ് രേഖപ്പെടുത്തുന്നു. ഇക്കണോമിക് ബോയൻസിയുടേയും വാറ്റ് സമ്പ്രദായം നടപ്പാക്കിയതിന്റേയും എസ്.ഡി.പി.-യുടെ വർദ്ധനവിന്റേയും ഫലമായി ഇൻഡ്യയിൽ എല്ലായിടത്തും നികുതി കളക്ഷനിൽ ഉണ്ടായ വർദ്ധനവിന്റെ ഫലമായാണ് കേരളത്തിലും നികുതി വർദ്ധനവുണ്ടായത്. വാറ്റ് സമ്പ്രദായം നടപ്പാക്കിയതുകൊണ്ടുണ്ടായ അനുകൂല സാഹചര്യം നികുതി കൂടുതൽ പിരിക്കുന്നതിന് സഹായകരമായിട്ടുണ്ട്. വ്യാപാരി-വ്യവസായി സമൂഹത്തിന്റെ ഇഷ്ടാനിഷ്ടങ്ങൾക്ക് അനുസൃതമായി നികുതി പരിഷ്ക്കരണം നടത്തിയതുകൊണ്ടാണ് നികുതിയിനത്തിൽ 70 കോടി രൂപ പിരിക്കാൻ കഴിഞ്ഞത്. ട്രേഡിലുള്ള വർദ്ധനവനുസരിച്ച് സ്വർണ്ണത്തിന്മേൽ ചുമത്തിയ നികുതി പിരിക്കാൻ കഴിഞ്ഞിട്ടില്ല. മെറ്റൽ ഉൽപ്പാദനത്തിനായി സിംഗിൾ ക്രഷറുകൾ ഉപയോഗിക്കുന്നവരെ വാറ്റ്-ൽ നിന്ന് ഒഴിവാക്കണം. ചെറുകിട വ്യവസായ സ്ഥാപനങ്ങൾക്ക് നികുതി ഇളവ് പ്രഖ്യാപിച്ച് അവ അയൽ സംസ്ഥാനങ്ങളിലേയ്ക്ക് പോകുന്ന അവസ്ഥയ്ക്ക് പരിഹാരമുണ്ടാക്കണം. അധിക നികുതിഭാരം അടിച്ചേൽപ്പിച്ച് സ്വയം തൊഴിൽ

കണ്ടെത്തുന്ന സ്ഥാപനങ്ങളെ ഇല്ലാതാക്കുന്ന സ്ഥിതിക്ക് മാറ്റം വരുത്തണം. കല്യാണമണ്ഡപങ്ങൾക്കും ആംബുലൻസിനും ഏർപ്പെടുത്തിയിരിക്കുന്ന നികുതി പുന:പരിശോധിക്കണം. ജനറൽ സെയിൽസ് ടാക്സ് നടപ്പാക്കുമ്പോൾ ഉണ്ടാകുന്ന ബുദ്ധിമുട്ട് ഒഴിവാക്കാനായി ഓഫ്സെറ്റ് പ്രൊവിഷൻ വയ്ക്കാനുള്ള നടപടി സ്വീകരിക്കണം. 2005-06-ൽ ഫിസ്ക്കൽ ഡെഫിസിറ്റ് 4182 കോടി രൂപയായിരുന്നത് 2006-07-ൽ 8332 കോടി രൂപയായി വർദ്ധിച്ചു. പിരിക്കുന്ന നികുതി ജനങ്ങളുടെ ക്ഷേമത്തിനും വളർച്ചയ്ക്കും വേണ്ടി ഉപയോഗിക്കണം. പൊതുമരാമത്ത്, ആരോഗ്യം, വിദ്യാഭ്യാസം എന്നീ മേഖലകൾക്ക് കൂടുതൽ തുക അനുവദിക്കണം. വിദ്യാഭ്യാസത്തിനും ആരോഗ്യത്തിനുമുള്ള ചെലവ് സർവ്വീസ് സെക്ടറിലാണ് വരുന്നത്. അത് മനുഷ്യവിഭവശേഷിയുടെ ഉല്പാദനമേഖലയാണ്. പിരിക്കുന്ന നികുതി ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ ചെലവഴിക്കാൻ കഴിയണം.

**പ്രൊഫ. എൻ. ജയരാജ്**: ബില്ലിനോടുള്ള വിയോജിപ്പ് രേഖപ്പെടുത്തുന്നു. മാറിമാറിവരുന്ന ഗവൺമെന്റുകൾക്ക് സംസ്ഥാനത്തിന്റെ താത്പര്യം സംരക്ഷിക്കുന്നതിനുള്ള ദിശാബോധവും വികസനത്തിന്റെ കാര്യത്തിൽ ദീർഘമായ കാഴ്ചപ്പാടുമുണ്ടാകണം. തനത് സാമ്പത്തിക സ്ഥിതിയിൽ ചെലവ് ചുരുക്കി വരുമാനം വർദ്ധിപ്പിച്ചുകൊണ്ട് കടബാധ്യത കുറച്ച് സംസ്ഥാനത്തെ മുന്നോട്ടുനയിക്കുകയാണ് വേണ്ടത്. എന്നാൽ കേരളത്തിന്റെ സാമ്പത്തികസ്ഥിതി വളരെ ആശങ്കാജനകമായതിനാൽ അതിന് ബുദ്ധിമുട്ടാണ്. റിസർവ് ബാങ്കിന്റെ കണക്കനുസരിച്ച് 2006-07-ലെ സംസ്ഥാനത്തെ റവന്യൂ കമ്മി 5310 കോടി രൂപയും ധനക്കമ്മി 7430 കോടി രൂപയും പൊതുകടം 57,000-ത്തോളം കോടി രൂപയുമാണ്. വികസനത്തിന്റെ കാര്യത്തിൽ തുടർച്ചയായിട്ടുള്ള പ്രവർത്തനങ്ങളുണ്ടാകണം. ധനകാര്യ വകുപ്പു

മന്ത്രിയുടെ ബഡ്ജറ്റ് പ്രസംഗത്തിൽ 2010-ൽ സംസ്ഥാനത്തിന്റെ ധനക്കമ്മിയും റവന്യൂ കമ്മിയും കുറച്ചുകൊണ്ടുവരുമെന്ന് പറയുന്നുണ്ടെങ്കിലും റവന്യൂ വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ അപര്യാപ്തമാണ്. മുൻ വർഷത്തേക്കാൾ ഈ വർഷം റവന്യൂ വരുമാനം 10.2% ആയി വർദ്ധിപ്പിക്കുന്നതിനും റവന്യൂ ചെലവ് 9.2% ആയി കുറയ്ക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. എന്നാൽ പെൻഷൻ കുടിശ്ശിക ഉൾപ്പെടെയുള്ള സാമ്പത്തിക ബാദ്ധ്യത കൂടി കണക്കാക്കുമ്പോൾ ഇവിടെ പറയുന്ന രൂപത്തിൽ ധനക്കമ്മിയിൽ കുറവുണ്ടായിട്ടുണ്ടോ എന്ന് പരിശോധിക്കണം. 2001-02-ലെ സംസ്ഥാനത്തിന്റെ പൊതുകടം 19,959.7 കോടി രൂപയായിരുന്നത് 2007-08-ൽ 5346.7 കോടി രൂപയായി. റവന്യൂ കമ്മി നികത്താനും ക്യാപിറ്റൽ എക്സ്പെൻഡിച്ചറിനുവേണ്ടിയുള്ള കടമെടുപ്പ് തുടരാനുമുള്ള പ്രക്രിയയിലേയ്ക്കാണ് സംസ്ഥാനം പോകുന്നത്. 2007-08-ലെ ധനക്കമ്മി ജി.ഡി.പി.യുടെ 4.3% ആണ്. അത് രണ്ട് ശതമാനത്തിൽ താഴെ കൊണ്ടുവരിക എന്നുള്ളതാണ് കേന്ദ്ര നിയമത്തിന്റെ കാതൽ. 2007-08-ലെ റവന്യൂ കമ്മിയും മൂലധന കമ്മിയും കുറയ്ക്കാൻ കഴിഞ്ഞാലും ആ ലക്ഷ്യത്തിലെത്താൻ കഴിയില്ല. സംസ്ഥാനത്ത് കടം വാങ്ങുകയും കമ്മി വർദ്ധിക്കുകയും ചെയ്യുമ്പോൾ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കാൻ ക്രിയാത്മകമായി ഒന്നും ചെയ്യാൻ കഴിയുന്നില്ല. അതിനാൽ 2006-07-ലെ ആഭ്യന്തര ഉല്പാദന വളർച്ച 8 ശതമാനവും പലിശ തുകയിലെ വളർച്ച 13.2 ശതമാനവുമാണെന്നുള്ള യാഥാർത്ഥ്യം നിലനിൽക്കുകയാണ്. കേരളത്തിൽ ധൃതഗതിയിൽ നികുതി നിർണ്ണയിക്കുന്നതിനുള്ള അധികാരം വാണിജ്യ നികുതി കമ്മീഷൻ രൂപീകരിക്കുന്ന ഉദ്യോഗസ്ഥരുടെ ടീമിന് നൽകുന്നുവെങ്കിൽ വളരെ വ്യക്തമായ ഒരു മാർഗ്ഗ നിർദ്ദേശം ഇക്കാര്യത്തിലുണ്ടാകണം. മോട്ടോർ വെഹിക്കിൾസ്

ടാക്സ് വർദ്ധിപ്പിക്കുമ്പോൾ ശാരീരികമായി വൈകല്യമുള്ളവരെ ഒഴിവാക്കുന്നതിനെക്കുറിച്ച് ആലോചിക്കണം. 3000 രൂപയ്ക്കും 10,000 രൂപയ്ക്കുമിടയ്ക്കുള്ള വിവാഹമണ്ഡപങ്ങളുടെ ടാക്സ് 5% ആയി കുറയ്ക്കണം. ജീവൻ രക്ഷാ മരുന്നുകളെ ഒന്നാം ഷെഡ്യൂളിൽ നിലനിർത്തുന്നതിന് നടപടി സ്വീകരിക്കണം. 7 ലക്ഷം രൂപവരെയുള്ള ഫ്ളാറ്റിന് നികുതി കുറച്ചാൽ മാത്രമേ കൂടുതൽ ആളുകൾക്ക് ഇതിന്റെ പ്രയോജനം കിട്ടൂ. കൈതച്ചക്ക കൃഷിചെയ്യുന്ന മേഖലകളിലാണ് പകർച്ചപ്പനി പരത്തുന്ന കൊതുകുകൾ കൂടുതലായി കണ്ടുവരുന്നത്. അതുകൊണ്ട് കൊതുക് പരത്തുന്ന വൈറസുകൾക്ക് ജനിതകമാറ്റം സംഭവിക്കുന്നതു സംബന്ധിച്ച കാര്യങ്ങളെക്കുറിച്ച് പഠനം നടത്തുന്നതിന് ഗവേഷണകേന്ദ്രം ആരംഭിക്കുന്നതിന് നടപടിയെടുക്കണം.

**ശ്രീ. കെ.ടി. ജലീൽ**: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2007-ലെ കേരള ധനകാര്യ ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കേരളത്തിൽ സാമ്പത്തിക ഘടനയുടെ നട്ടെല്ലായ കാർഷിക വ്യാവസായിക മേഖലകളിലെ സംഭാവനകൾ വളരെ പരിമിതമാണ്. ഈ പരിമിതികൾ ഉൾക്കൊണ്ടുകൊണ്ടുള്ള സമത്വാധിഷ്ഠിത ലക്ഷ്യത്തിലേയ്ക്കുള്ള പ്രയാണമാണ് ഈ ഗവൺമെന്റ് നടത്തുന്നത്. 2010-2011 ആകുമ്പോൾ റവന്യൂ കമ്മി ഒരു ശതമാനത്തിൽ താഴെയാക്കാനുള്ള പരിശ്രമമാണ് ഗവൺമെന്റ് നടത്തുന്നത്. 2006-07-ൽ തനതു നികുതി വരുമാനം വർദ്ധിപ്പിക്കാൻ കഴിഞ്ഞു. പാവപ്പെട്ടവർക്ക് അർഹതപ്പെട്ട അവകാശങ്ങൾ നിഷേധിച്ചുകൊണ്ട് റവന്യൂ കമ്മി കുറച്ചുകൊണ്ടുവരാൻ ഗവൺമെന്റ് ആഗ്രഹിക്കുന്നില്ല. 12 മാസത്തിനുള്ളിൽ 21 മാസത്തെ ക്ഷേമ പെൻഷനുകൾ വിതരണം ചെയ്തതും സർക്കാർ ജീവന

ക്കാർക്ക് ക്ഷാമബത്ത അനുവദിച്ചതും ഏറ്റവും താഴ്ന്ന വേതനംപറ്റുന്ന സർക്കാർ സർവ്വീസിലെ ഒന്നരലക്ഷത്തോളം വരുന്ന ജീവനക്കാരുടെ 6 ശമ്പള സ്കെയിലുകൾ ഉയർത്തിയതും റവന്യൂ കമ്മി കൂടുന്നതിന് കാരണമായി. സമൂഹത്തിലെ അടിസ്ഥാനവർഗ്ഗത്തിന് പ്രയോജനകരമായ നിരവധി പദ്ധതികൾക്ക് രൂപം നൽകുന്നതിന് പണം നീക്കിവയ്ക്കണം. കർഷക കടാശ്വാസത്തിന് 100 കോടിരൂപ മാറ്റിവയ്ക്കുകയും നെല്ലുസംഭരണത്തിന് ക്വിന്റലിന് 850 രൂപ നിരക്കിൽ നൽകുകയും ചെയ്തിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിൽ നിലനിന്നിരുന്ന അഴിമതിയും കെടുകാര്യസ്ഥതയും നിയന്ത്രിക്കുന്നതിന് ചില കർശന നടപടികൾ സ്വീകരിക്കുമ്പോൾ അതിനെ സ്വാഗതം ചെയ്യുകയാണ് വേണ്ടത്. എല്ലാ വർഷവും പി.ഡബ്ലിയു.ഡി. നിരക്കുകൾ പരിഷ്ക്കരിക്കുന്നതിനുള്ള നയപരമായ തീരുമാനം കൈക്കൊണ്ടു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഭീമമായ സംഖ്യ ചെലവഴിച്ച് അറ്റകുറ്റപ്പണികൾ നടത്തിയ റോഡുകളുടെ ക്വാളിറ്റി മെയിന്റയിൻ ചെയ്യാനുള്ള വ്യക്തമായ മാനദണ്ഡങ്ങൾ ഉണ്ടാക്കാത്തതിന്റെ ദുരന്തഫലമാണ് സംസ്ഥാനം ഇന്ന് അനുഭവിച്ചുകൊണ്ടിരിക്കുന്നത്. ഈ ഗവൺമെന്റിന്റെ ധനകാര്യ മാനേജ്മെന്റിന്റെ ഫലമായി 2006-07-ൽ വാറ്റ് നികുതിയിനത്തിൽ 51.46 ശതമാനത്തിന്റെ വർദ്ധനവുണ്ടാക്കിയെടുക്കാൻ കഴിഞ്ഞു. ഒൻപത് ഇനം ചരക്കുകൾക്ക് 20 ശതമാനം നികുതി ഏർപ്പെടുത്തിയെങ്കിലും അതിൽ ഏഴ് ഇനങ്ങൾക്ക് 12.5 ശതമാനമായി നികുതി കുറയ്ക്കാൻ തീരുമാനിച്ചത് സ്വാഗതാർഹമാണ് നാളികേരത്തിനും നെല്ലുല്പന്നങ്ങൾക്കും ഈ വർഷവും നികുതിയിളവ് പ്രഖ്യാപിച്ചത് കർഷകരോടുള്ള ഗവൺമെന്റിന്റെ പ്രതിബദ്ധത വ്യക്തമാക്കുന്നതാണ്. ചെക്കുപോസ്റ്റുകളിൽ സമൂലമായ നവീകരണം നടത്തിക്കൊണ്ട് ധനച്ചോർച്ച തടയാൻ പ്രഗത്ഭരായ ഉദ്യോഗസ്ഥരെ

ചെക്കുപോസ്റ്റുകളിൽ നിയോഗിക്കുവാൻ തീരുമാനിച്ച ധനകാര്യ വകുപ്പുമന്ത്രിയുടെ നടപടി അങ്ങേയറ്റം പ്രശംസനീയമാണ്. കേരളത്തിൽ ഭാവിയിൽ അധികാരത്തിൽ വരുന്ന എല്ലാ ഗവൺമെന്റുകൾക്കും ഈ പുതിയ സംവിധാനത്തിലൂടെ പിരിച്ചെടുക്കുന്ന നികുതിയുടെ ഗുണം ലഭ്യമാകും. വ്യാപാരി സമൂഹത്തോട് സൗഹാർദ്ദപരവും ഉദാരവുമായ സമീപനമാണ് ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. മരിച്ചുപോയ വ്യാപാരികളുടെ ആശ്രിതർക്ക് കൊടുക്കാനുള്ള ധനസഹായത്തിന്റെ മുഴുവൻ കുടിശ്ശികയും ഗവൺമെന്റ് കൊടുത്തുതീർത്തു. അധികമായി പിരിഞ്ഞുകിട്ടുന്ന വാറ്റ് നികുതി വരുമാനത്തിന്റെ ഒരു ശതമാനം വ്യാപാരികളുടെ ക്ഷേമനിധിക്ക് നൽകാൻ തീരുമാനിച്ചതും സ്വാഗതാർഹമാണ്. നികുതി വെട്ടിപ്പുകാർക്കും വൈദ്യുതി മോഷണക്കാർക്കുമെതിരെ ശക്തമായ നിലപാടുകൾ സ്വീകരിച്ചു. അതിസമ്പന്നർക്ക് കൂടുതൽ നികുതി ചുമത്തിക്കൊണ്ട് സാധാരണക്കാരുടെയും പാവപ്പെട്ടവരുടെയും താല്പര്യങ്ങൾ സംരക്ഷിക്കാൻ വേണ്ടിയുള്ള പോരാട്ടമാണ് ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. ഈ ഗവൺമെന്റ് ന്യൂനപക്ഷ വിരുദ്ധ നിലപാടാണ് സ്വീകരിച്ചിരുന്നതെങ്കിൽ പ്രൊഫഷണൽ സ്ഥാപനങ്ങളിലേയ്ക്കുള്ള പ്രവേശനത്തെ സംബന്ധിച്ച കരാറിൽ മുസ്ലീം ന്യൂനപക്ഷ മാനേജുമെന്റുകൾ ഒപ്പിടില്ലായിരുന്നു. ഈ ഗവൺമെന്റിന്റെ നയ സമീപനങ്ങൾ കൊണ്ട് ന്യൂനപക്ഷങ്ങളുടെ അവകാശം ധ്വംസിക്കപ്പെട്ടു എന്നു പറയാൻ ആർക്കും കഴിയില്ല. ഈ ഗവൺമെന്റ് കൊണ്ടുവന്ന സ്വാശ്രയ വിദ്യാഭ്യാസ ബിൽ ന്യൂനപക്ഷ വിരുദ്ധമാണെങ്കിൽ അപ്പുറത്തിരിക്കുന്ന മുസ്ലീം ലീഗിലെ അംഗങ്ങൾ ഈ ബില്ലിനെതിരായി സഭയിൽ വോട്ടു രേഖപ്പെടുത്തുമായിരുന്നു. കേരളീയ സമൂഹത്തിന്റെ

പൊതുവികാരങ്ങൾ മാനിച്ചുകൊണ്ട് എല്ലാ വിഭാഗം ആളുകളും വിട്ടുവീഴ്ചയ്ക്കു തയ്യാറാകണം. കേരളത്തിൽ ഒരു സൗഹൃദാന്തരീക്ഷം വളർത്തിയെടുക്കാൻ ശ്രമിക്കണം.

**ശ്രീ. ബാബു പോൾ:** സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2007-ലെ കേരള ധനകാര്യ ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കഴിഞ്ഞ ഒരു വർഷമായി സംസ്ഥാനത്തെ ധനക്കമ്മി മെച്ചപ്പെടുത്താനുള്ള പ്രവർത്തനങ്ങളാണ് ധനകാര്യ വകുപ്പ് നടത്തിക്കൊണ്ടിരിക്കുന്നത്. 2010-11-ൽ ധനക്കമ്മി ഒരു ശതമാനമാക്കി മാറ്റുമെന്ന പ്രഖ്യാപനം നടപ്പിലാക്കാനുള്ള ശ്രമത്തിലാണ് ഗവൺമെന്റ്. സാധാരണക്കാരുടെ ക്ഷേമനിധി ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ തടഞ്ഞുവച്ചും ജീവനക്കാർക്കുള്ള ആനുകൂല്യങ്ങൾ നിഷേധിച്ചും വികസനപ്രവർത്തനങ്ങൾ മുരടിപ്പിച്ചും ധനക്കമ്മി കുറയ്ക്കുന്ന നടപടികൾ യു.ഡി.എഫ്. സർക്കാർ സ്വീകരിച്ചിട്ടും ധനക്കമ്മി കുറയ്ക്കാൻ കഴിഞ്ഞില്ല. എന്നാൽ എല്ലാ ക്ഷേമപദ്ധതികളുടെയും ആനുകൂല്യങ്ങൾ കുടിശ്ശിക തീർത്തു കൊടുക്കാൻ ഈ ഗവൺമെന്റ് തീരുമാനിച്ചു. താഴെത്തട്ടിലുള്ള ജീവനക്കാരുടെ 6 ശമ്പളസ്കെയിലുകൾ വർദ്ധിപ്പിച്ച് പുതുക്കി നിശ്ചയിച്ചു. തനതു വരുമാനം വർദ്ധിപ്പിച്ചും നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും ധനക്കമ്മി നികത്തുന്നതിനുള്ള പരിശ്രമങ്ങളാണ് ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. നികുതി പിരിച്ചെടുക്കുന്നതിൽ സർവ്വകാല റിക്കോർഡ് സൃഷ്ടിക്കാൻ ഈ ഗവൺമെന്റിനു കഴിഞ്ഞു. വാറ്റിൽ നിന്നുള്ള വരുമാനത്തിൽ 51 ശതമാനവും മൊത്തം നികുതി വരുമാനത്തിൽ 23.17 ശതമാനവും വർദ്ധനവുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. 2005-06-ൽ വാറ്റിനത്തിൽ 2949 കോടി

രൂപ പിരിച്ച സ്ഥാനത്ത് കഴിഞ്ഞ വർഷം 4469 കോടി രൂപ സമാഹരിക്കുവാൻ കഴിഞ്ഞു. ആഡംബര നികുതി വരുമാനത്തിന്റെ കാര്യത്തിൽ 84 ശതമാനത്തിന്റെ വർദ്ധനവ് നേടാൻ കഴിഞ്ഞു. മൊത്തം നികുതി പിരിവ് 7038 കോടി രൂപയിൽ നിന്നും കഴിഞ്ഞ വർഷം 8669 കോടി രൂപയായി ഉയർത്താൻ കഴിഞ്ഞു.. ചെറുകിട സമ്പാദ്യ പദ്ധതിയിൽ നിന്നും വായ്പയിനത്തിൽ ആയിരം കോടി രൂപ പ്രതീക്ഷിച്ചെങ്കിലും വ്യക്തികൾ മാത്രമേ ചെറുകിട സമ്പാദ്യ പദ്ധതിയിൽ നിക്ഷേപിക്കാൻ പാടുള്ളൂവെന്ന കേന്ദ്രഗവൺമെന്റിന്റെ പുതിയ നയം സംസ്ഥാനത്തെ പ്രതികൂലമായി ബാധിച്ചു. ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന ചില നികുതി നിർദ്ദേശങ്ങളിൽ ഇളവുകൾ വരുത്താൻ ഗവൺമെന്റ് തയ്യാറായത് സ്വാഗതാർഹമാണ്. കാർഷിക മേഖലയിലെ മൂല്യവർദ്ധിത ഉല്പന്നങ്ങൾക്ക് ചുമത്തിയിട്ടുള്ള 12 ശതമാനം വാറ്റ് നികുതി 4 ശതമാനമാക്കി കുറയ്ക്കാൻ നടപടി സ്വീകരിക്കണം. കൃഷിക്കാർക്ക് 70 ശതമാനവും ഗവൺമെന്റിനു 30 ശതമാനവും ഓഹരിയുള്ള നടുക്കര അഗ്രോ പ്രോസസ്സിംഗ് കമ്പനിയിലെ ഉല്പന്നങ്ങൾക്ക് 12 ശതമാനം വാറ്റ് ഈടാക്കാനുള്ള തീരുമാനം പുന:പരിശോധിച്ച് 4 ശതമാനമായി കുറയ്ക്കണം. മതന്യൂനപക്ഷാവ കാശങ്ങൾ സംരക്ഷിക്കുന്നതിൽ എന്നും മുന്നിൽ നിന്നിട്ടുള്ള എൽ.ഡി.എഫ്. ഗവൺമെന്റ് അവരുടെ അവകാശങ്ങൾ കവർന്നെടുക്കുന്ന ഒരു സമീപനവും ഇതുവരെ സ്വീകരിച്ചിട്ടില്ല.

**<u>ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി</u>**: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമള്ള 2007-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. വൻകിടക്കാരെ സഹായിക്കുന്ന സമീപനം തിരുത്തി

പാവപ്പെട്ടവർക്കും ന്യൂനപക്ഷങ്ങൾക്കും വേണ്ടി ഗവൺമെന്റ് നിലകൊള്ളണം. ഈ ഗവൺമെന്റ് സ്വകാര്യ സ്വാശ്രയ ബിൽ അവതരിപ്പിച്ചപ്പോൾ 'അതർ ദാൻ മൈനോരിറ്റി' എന്ന ഒരു വാക്ക് എഴുതി ചേർത്തില്ലെങ്കിൽ അതു കോടതിയിൽ നിൽക്കില്ല എന്ന് പ്രതിപക്ഷം മുന്നറിയിപ്പ് നൽകിയിരുന്നതാണ്. വിദ്യാഭ്യാസ കച്ചവടം അവസാനിപ്പിക്കാൻ ഈ ബിൽ നിലനിൽക്കണം. എന്നാൽ ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ ഹനിക്കപ്പെടാൻ പാടില്ല. പാവപ്പെട്ട ജനവിഭാഗത്തിന് ഉന്നത വിദ്യാഭ്യാസം നിഷേധിക്കുകയും സ്വാശ്രയ മാനേജുമെന്റുകൾക്ക് കീഴടങ്ങുകയും ചെയ്യുന്ന ഒരു നിലപാടാണ് ഈ ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. വിദ്യാഭ്യാസത്തിന് കൂടുതൽ പണം വിനിയോഗിക്കണം.

**ശ്രീ. കെ.പി. മോഹനൻ** : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2007-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. നികുതി പിരിവ് കാര്യക്ഷമമാക്കാനും ധനചോർച്ചയുടെ പഴുതുകൾ അടച്ച് ധനകമ്മി കുറയ്ക്കാനും കാര്യക്ഷമമായ നടപടി സ്വീകരിച്ചു. കരാറുകാർക്ക് മുൻ സർക്കാർ വരുത്തിവച്ച കുടിശ്ശിക കൊടുത്തുതീർത്തു. പൊതുക്കടം കുറയ്ക്കാൻ സ്വീകരിച്ച നടപടി അഭിനന്ദനാർഹമാണ്. ലൈസൻസും രജിസ്ട്രേഷനുമില്ലാതെ പ്രവർത്തിക്കുന്ന വൻകിടക്കാരെ. നികുതി ശൃംഖലയ്ക്കുള്ളിൽ കൊണ്ടുവരാൻ നടപടി സ്വീകരിക്കണം. പാട്ടക്കുടിശ്ശികയിനത്തിൽ കുടിശ്ശികയുള്ള 100 കോടിയിലധികം രൂപ പിരിച്ചെടുക്കാനും പാട്ടക്കുടിശ്ശികയടയ്ക്കാത്തവരുടെ പാട്ട കരാർ റദ്ദ് ചെയ്യാനുമുള്ള നടപടി

സ്വീകരിക്കണം. ലക്ഷ്വറി ക്ളബുകൾക്ക് നികുതി ഏർപ്പെടുത്തിക്കൊണ്ട് കൂടുതൽ നികുതി പിരിക്കാനുള്ള സംരംഭമുണ്ടാക്കണം. . ഗ്രാമീണ റോഡ് നിർമ്മാണത്തിന് കൺവീനർമാർക്ക് കൊടുക്കാനുള്ള തുക കൊടുക്കാൻ നടപടി സ്വീകരിക്കണം. ജീവൻരക്ഷാ മരുന്നുകൾക്ക് ഏർപ്പെടുത്തിയിട്ടുള്ള നികുതി പിൻവലിക്കണം. സഹകരണ പ്രസ്ഥാനങ്ങൾ ലെവി നൽകണമെന്നുള്ള വ്യവസ്ഥ പുനപരിശോധിക്കണം. കെട്ടിട നിർമ്മാണ ചട്ടങ്ങൾ സംബന്ധിച്ചുള്ള കാര്യങ്ങൾ സാധാരണക്കാർക്ക് മനസ്സിലാകുന്ന രീതിയിലാക്കണം. ജനോപകാരപ്രദമായ നിലയിൽ നിയമങ്ങൾ നടപ്പിലാക്കണം.

**ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) :** ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞിട്ടുള്ളതിൽ നിന്നും ഒരുപാട് മാറ്റങ്ങൾ വിവിധ ഘട്ടങ്ങളിലായി ഈ ബില്ലിൽ വന്നിട്ടുണ്ട്. ഇവിടെ അവതരിപ്പിച്ച വിയോജനക്കുറിപ്പിൽ ഏഴ് പോയിന്റുകളാണ് ഉന്നയിച്ചിരിക്കുന്നത്. സ്റ്റാമ്പ് ആക്ടിലെ ഭേദഗതികൾ മൂന്ന് കാര്യങ്ങൾ ലക്ഷ്യം വച്ചുകൊണ്ടുള്ളതാണ്. ഡീ-മാറ്റ് ട്രാൻസാക്ഷനുമേൽ ഒരു പുതിയ നികുതി ഏർപ്പെടുത്തിയിരിക്കുകയാണ്. പവർ ഓഫ് അറ്റോർണിയുടെ മേൽ നികുതി കൊണ്ടുവന്നു. ഫ്ളാറ്റിനുമേൽ നികുതി വരുന്നു. വിയോജനക്കുറിപ്പിൽ ഡീ-മാറ്റ് ട്രാൻസാക്ഷനെക്കുറിച്ചാണ് കൂടുതൽ എതിർപ്പ് വന്നത്. ഇതുസംബന്ധിച്ച് ഗൗരവമായി ഗവൺമെന്റ് പരിശോധിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള നിയമം പാസ്സാക്കുന്നതിന് സംസ്ഥാനത്തിന് അധികാരമുണ്ട്. കാർഷിക ഉൽപ്പന്നങ്ങളുടെ ഫ്യൂച്ചർ ട്രേഡിനുമേൽ നികുതി വയ്ക്കരുതെന്നുള്ള ഒരു അഭിപ്രായം വന്നു. .ഫ്യൂച്ചർ ട്രേഡിന് നിയന്ത്രണം വേണമെന്നുള്ളത് കർഷക സംഘടനകളുടെ ആവശ്യമാണ്. സെയിൽസ്

ടാക്സുമായി ബന്ധപ്പെട്ട് പെന്റിംഗിലുള്ള 53,000 കേസുകളും ഫാസ്റ്റ് ട്രാക്ക് വഴി തീർക്കുന്നതാണ്.. പിന്നീട് ഏതെങ്കിലും പുതിയ തെളിവ് കിട്ടിയാൽ പരിശോധിക്കണമെന്നുണ്ടെങ്കിൽ അത് റീ ഓപ്പൺ ചെയ്യാനുള്ള അവകാശവും നിലനിർത്തിയിട്ടുണ്ട്. അടുത്തത് കല്യാണ മണ്ഡപങ്ങൾക്കുള്ള ലക്ഷ്വറി ടാക്സാണ്. ഇതിൽ നികുതി വർദ്ധനവ് വരുത്തിയിട്ടില്ല. നികുതി ഇളവേ കൊടുത്തിട്ടുള്ളു. ചിട്ടി ആക്ട് ഭേദഗതി സംബന്ധിച്ച് വിമർശനങ്ങളുണ്ടായി.. പന്ത്രണ്ടര ശതമാനം സർവ്വീസ് ചാർജ് കെ.എസ്.എഫ്.ഇ-യിൽ നിന്ന് കളക്ട് ചെയ്തിരുന്നു. അത് നിയമത്തിന്റെ ഭാഗമല്ല. ഈ ഒരൊറ്റ സ്ഥാപനത്തിനുവേണ്ടി ഒരു നിയമമുണ്ടാക്കാൻ പറ്റില്ല. അതുകൊണ്ടാണ് കെ.എസ്.എഫ്.ഇ-ക്ക് മാത്രമായി. സർവ്വീസ് ചാർജ്ജ് ഏർപ്പെടുത്തുന്നതിനുള്ള അവകാശം നോട്ടിഫിക്കേഷനിലൂടെ കൊണ്ടുവന്നത്. ഒരു സഹകരണ സ്ഥാപനത്തിനുമേലും ഈ സർവ്വീസ് ചാർജ് വരുന്നതല്ല. നോട്ടിഫിക്കേഷനിലൂടെ ഈ വ്യക്തത ഉറപ്പുവരുത്തുകയേ ചെയ്തിട്ടുള്ളു. മറ്റ് സംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ചിട്ടി കമ്പനികൾ ഇവിടെ ചിട്ടി നടത്തിക്കഴിഞ്ഞാൽ അവരുടെ കുറിയുടെ 20 ശതമാനത്തിലേറെ സംസ്ഥാനത്തുണ്ടെങ്കിൽ ഇവിടെ രജിസ്റ്റർ ചെയ്യണമെന്നുള്ള വ്യവസ്ഥ കൊണ്ടുവന്നു. ഭരണഘടനയുടെ 19-ാം വകുപ്പിന് വിരുദ്ധമാണെന്നു പറഞ്ഞ് ഹൈക്കോടതി അത് റദ്ദാക്കി. ഇപ്പോൾ സുപ്രീം കോടതിയുടെ പരിഗണനയിലാണ്. അതുകൊണ്ട് ഈ ഡിസന്റിൽ സൂചിപ്പിച്ചിട്ടുള്ളതുപോലെ നടപടി സ്വീകരിക്കാൻ കഴിയില്ല. ചിട്ടി നിയമം കെ.എസ്.എഫ്.ഇ യുടെ വിപുലീകരണവുമായി ബന്ധപ്പെടുത്തിക്കൊണ്ട് ഭേദഗതി ചെയ്യേണ്ടതുണ്ട്. അടുത്തത് മോട്ടോർ വെഹിക്കിൾ ആക്ടിന്റെ ഭേദഗതിയാണ്. 1998-ൽ നിശ്ചയിച്ചുട്ടുള്ള ടാക്സാണ് നിലവിലുള്ളത്.

അതിൽ ന്യായമായ വർദ്ധനവ് മാത്രമേ വരുത്തിയിട്ടുള്ളു.. ഗ്രാനൈറ്റ് മെറ്റൽ സംബന്ധിച്ച് പൊതുവെ വന്ന അഭിപ്രായം ചെറുകിടക്കാർക്ക് ആനുകൂല്യം കൊടുക്കണമെന്നതാണ്. ക്രഷറിന്റെ മൗത്തിന്റെ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിലാണ് ഇപ്പോൾ സ്ലാബുകൾ നിശ്ചയിച്ചിട്ടുള്ളത്. പത്ത് ലക്ഷംവരെ ടേൺ ഓവർ ഉള്ളവർക്ക് ഇളവുണ്ട്. ഒറ്റ മെഷീനുള്ള ചെറുകിടക്കാർ ഉപയോഗിക്കുന്നത് രണ്ട് കമ്പനികളുടെ മെഷീൻ ആണ്. ഒന്നിന്റെ മൗത്ത് 16:9 ഇഞ്ചിന്റേതാണ്. മറ്റൊരു കമ്പനിയുടേത് 16:10 ഇഞ്ചിന്റേതാണ്. ഇപ്പോൾ ഉള്ള സ്ലാബ് പ്രകാരം അതിൽ ഒരിഞ്ച് കൂടിയാൽ ടാക്സ് ഇരട്ടിയാകും. അതുകൊണ്ട് തൽക്കാലം ഈ രണ്ട് സ്ലാബുംകൂടി ഒന്നാക്കുകയാണ്. സ്ലാബ് വ്യത്യാസം വരുന്നതോടെ നിരക്ക് ഗണ്യമായി കുറയും. എം സാന്റിന്റെ നികുതി കുറയ്ക്കണമെന്ന് പറഞ്ഞത് പരിശോധിക്കണം. ലോട്ടറിയുടെ ടാക്സ് വർദ്ധിപ്പിക്കുന്നതിന് ചില പ്രശ്നങ്ങളുണ്ട്.. ടാക്സ് 5 മുതൽ 15 ശതമാനം വരെ വച്ചിരിക്കുന്നതിനെതിരെ ഹൈക്കോടതിയിൽ കേസ് നിലനിൽക്കുകയാണ്. പ്രൊഹിബിറ്റീവ് ടാക്സായതിനാൽ സ്ട്രക്ക് ഡൗൺ ചെയ്യണമെന്ന് ഹൈക്കോടതി അഭിപ്രായപ്പെടുകയുണ്ടായി. ഈ കേസ് വിധി പറയുന്നതിന് വച്ചിരിക്കുകയാണ്. താത്വികമായി ടാക്സ് കൂട്ടുന്നതിനോട് ആർക്കും തടസ്സമില്ല. ഇതാണ് യാഥാർത്ഥ്യം. നേരത്തേ ഹൻസ്‌രാജ് കേസ്സിൽ ലോട്ടറി ഒരു ചരക്കായി കരുതി അതിന്മേൽ ടാക്സ് ചുമത്തി പിരിക്കുമായിരുന്നു. യു.ഡി.എഫ്. ഭരണകാലത്ത് കോമ്പൗണ്ടിംഗ് റേറ്റിൽ ഈ നികുതി അസ്സസ്സ് ചെയ്ത് കൊടുത്തിരുന്നു. 2006-ൽ ലോട്ടറി ഒരു ചരക്കല്ലെന്നും അത് ഓാക്ഷണബിൾ ക്ലെയിം മാത്രമാണെന്നും അതിന്മേൽ വില്പന നികുതി ചുമത്താൻ പാടില്ലെന്നും സുപ്രീംകോടതി വിധിച്ചു. എന്നാൽ സംസ്ഥാനം

ഇത് പഴയ നികുതിയാണെന്നും പിരിക്കാമെന്നുമുള്ള രീതിയിൽ ഡിമാന്റ് നോട്ടീസ് കൊടുത്തു. പിരിച്ച തുക തിരികെ കൊടുക്കേണ്ടെന്നും ഇനി പിരിക്കാൻ പാടില്ലെന്നും സുപ്രീംകോടതി അഭിപ്രായപ്പെട്ടു. ഇതിന്റെ അടിസ്ഥാനത്തിൽ ഹൈക്കോടതി ഡിരീശേഒൗശീമഹ ആണെന്ന് അഭിപ്രായപ്പെട്ട് നികുതി പിരിക്കുന്നത് നിർത്തലാക്കി. കേരള സ്റ്റാമ്പ് ആക്ടിലെ സെക്ഷൻ 69-ൽ വ്യവസ്ഥയുള്ളതിനാൽ ഓരോന്നിലും □മൈ ാമ്യ യല ൃൂലര്യൈശയലറ□ എന്ന് ചേർക്കേണ്ടതില്ല എന്നാണ് നിയമവകുപ്പ് നിർദ്ദേശിച്ചിരിക്കുന്നത്. കെ.ജി.എസ്.ടി. സെക്ഷൻ 19 അനുസരിച്ച് 5 വർഷത്തിനുള്ളിൽ കേസ്സുകൾ റീ-ഓപ്പൺ ചെയ്യണം. അതിന് പ്രത്യേകം സമയപരിധി നിശ്ചയിച്ചിട്ടുണ്ട്. അതിനുശേഷം റീ-ഓപ്പൺ ചെയ്യാൻ സാധ്യമല്ല. വികലാംഗർക്ക് വാഹനം വാങ്ങുന്നതിന് എസ്.ആർ.ഒ. നോട്ടിഫിക്കേഷൻ 301/98 പ്രകാരം ഇളവ് അനുവദിച്ചിട്ടുണ്ട്. വാഹനം മോഡിഫൈ ചെയ്യുന്നതിനും ആമ്പുലൻസ് ആശുപത്രികളുടേതാണെങ്കിൽ നിലവിലുള്ള ഇളവ് തുടരുന്നതാണ്. കൂടുതൽ ഇളവുകൾ എന്തെങ്കിലും ആവശ്യമുണ്ടെങ്കിൽ അത് പരിശോധിക്കുന്നതാണ്. ബീഡി ഇലയ്ക്ക് 20 വർഷമായി 4 ശതമാനം ഇളവ് നിലനിൽക്കുകയാണ്. ഡീലർമാർ വാങ്ങി വിൽക്കുന്നതിനാണ് ഈ നികുതി ചുമത്തിയിരിക്കുന്നത്. ചെറുകിട വ്യവസായ സ്ഥാപനങ്ങൾക്ക് സി.എസ്.ടി. ഇളവുകൾ തുടരുന്നതാണ്. വാറ്റ് നടപ്പാക്കിയപ്പോൾ 2005 ഏപ്രിൽ മാസം ഒന്നാം തീയതി മുതൽ ഇളവുകൾ ഇല്ലാതായി. പുതിയ വ്യവസായ സ്ഥാപനങ്ങൾക്ക് അഞ്ചുവർഷത്തേയ്ക്ക് സി.എസ്.ടി. ഇളവുകൾ കൊടുത്തിട്ടുണ്ട്. അവയൊക്കെ പുന:സ്ഥാപിച്ചിട്ടുണ്ട്. പുതിയ ഇളവുകൾ അനുവദിക്കാൻ കഴിയില്ല. എം.എൽ.എ. ഫണ്ടിന് ഒരിക്കലും നികുതി ഇളവ് നൽകിയിട്ടില്ല.

നികുതി ഇളവ് നൽകാൻ സർക്കാരിന് അവകാശമില്ല. എം.എൽ.എ.ഫണ്ടിന്റെ നികുതി പോയാൽ അത്രയും നികുതി സർക്കാരിന് കുറയും. വഴിയോര കച്ചവടക്കാർക്ക് ഒരു കാരണവശാലും നികുതി ഏർപ്പെടുത്തുകയില്ല. പുറത്തുനിന്ന് വന്ന് വലിയ സ്റ്റാളുകൾകെട്ടി കച്ചവടം നടത്തുന്നവർക്ക് ഒരു നിയന്ത്രണം കൊണ്ടുവരുന്നതിനാണ് ഈ നികുതി ഈടാക്കുന്നത്. മരുന്നുകളുടെ കാര്യത്തിൽ കഴിഞ്ഞ ഒക്ടോബർമാസം മുതൽ ജമരസമഴലറ ഈ്ാീറശശേലെ അരേ പ്രകാരം എത്രയാണ് നിശ്ചയിച്ചിരിക്കുന്നത് ആ വിലയ്ക്ക് വിൽക്കണം. ഇന്ത്യയിൽ എല്ലാ മരുന്നുകൾക്കും ഏകീകൃത വില നിലവിൽവന്നു. ജീവൻരക്ഷാമരുന്നുകൾക്ക് പന്ത്രണ്ടര ശതമാനമടക്കമുള്ള വിലയാണ് ചുമത്തിയിരിക്കുന്നത്. ചില മരുന്നുകമ്പനികൾ നേരിട്ട് രോഗികൾക്ക് ജീവൻരക്ഷാമരുന്നുകൾ എത്തിച്ചുകൊടുക്കുന്നുണ്ട്. അത്തരക്കാർക്ക് നികുതി ഇളവ് അനുവദിക്കുന്നതാണ്. ഏകീകൃതമല്ലാതെ കൂടുതൽ വില വാങ്ങുന്ന കേസ്സുകൾ സംബന്ധിച്ച് സബ്ജക്ട് കമ്മിറ്റി ചർച്ചയിൽ ബോധ്യം വരുന്നകാര്യങ്ങളിൽ ഉചിതമായ മാറ്റം വരുത്തുന്നതാണ്. ബ്രാൻഡഡ് സോഡയ്ക്ക് 20 ശതമാനം ടാക്സ് ഒഴിവാക്കിയിരിക്കുന്നത് പരിശോധിച്ച് പറയാം. സംസ്ഥാനത്തെ പ്രതിശീർഷ നികുതി ഭാരം ദേശീയ ശരാശരിയേക്കാളും അന്യ സംസ്ഥാനങ്ങളെക്കാളും കുറവാണ്. സംസ്ഥാനത്തെ പഞ്ചായത്തുകൾക്ക് 2006-07-ൽ 2050 കോടി രൂപയാണ് നൽകിയിരുന്നതെങ്കിൽ 2007-08-ൽ 2255 കോടി രൂപയാണ് നൽകുന്നത്. ഇത് നേരത്തെ പഞ്ചായത്ത് ഡെവലപ്മെന്റ് ഹെഡ്ഡിലാണ് കൊടുത്തുകൊണ്ടിരുന്നത്. മൂന്നാം ധനകാര്യ കമ്മിഷന്റെ തീർപ്പുപ്രകാരം ഗ്രാന്റ്-ഇൻ-എയ്ഡായി കൊടുക്കുന്ന തുക മുഴുവൻ നോൺ പ്ലാൻ എക്സ്പെൻഡീച്ചറായി കൊടുക്കാൻ തീരുമാനിച്ചു.

ശമ്പള പരിഷ്ക്കരണം നടപ്പിലാക്കിയ പശ്ചാത്തലത്തിൽപ്പോലും സംസ്ഥാനത്ത് വികസനേതര ചെലവിന്റെ അനുപാതം പഴയ തോതിൽ നില നിറുത്താൻ കഴിഞ്ഞിട്ടുണ്ട്. സർക്കാരിന്റെ കാലാവധി അവസാനിക്കുന്നതിന് മുമ്പ് സംസ്ഥാനത്തെ വികസന ചെലവ് 50 ശതമാനത്തിലധികം എത്തിക്കാൻ സാധിക്കും. കുടിശ്ശിക നികുതി 3700 കോടി രൂപയാണുള്ളത്. അതിൽ 1700 കോടി രൂപ പബ്ളിക് സെക്ടറിന്റേതാണ് പബ്ളിക് സെക്ടറിന്റെ കുടിശ്ശിക പലതും എഴുതിത്തള്ളിക്കൊണ്ട് അവ പുനരുദ്ധരിച്ചുകൊണ്ടിരിക്കുകയാണ്. ബാക്കി കുടിശ്ശിക സംബന്ധിച്ച കേസുകൾ കോടതിയുടെ പരിഗണനയിലാണ്. കേസുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് അഞ്ച് സ്പെഷ്യൽ വക്കീലൻമാരെ വയ്ക്കുന്നതിന് കാബിനറ്റ് തീരുമാനിച്ചിരിക്കുകയാണ്. അദാലത്ത് വഴി അസസ്മെന്റ് പൂർത്തിയാക്കാനും തീരുമാനിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷം നികുതി കുടിശ്ശികപ്പിരിവ് 44 ശതമാനമായി ഉയർന്നിട്ടുണ്ട്. അത് ഈ വർഷം കൂടുതൽ മെച്ചപ്പെടും. ഈ ബില്ലിലെ വ്യവസ്ഥകൾ പ്രകാരം സഹകരണ മേഖലയക്ക് എന്തെങ്കിലും പ്രയാസങ്ങൾ അനുഭവപ്പെടുന്നുണ്ടെങ്കിൽ അതെല്ലാം നോട്ടിഫിക്കേഷനിൽക്കൂടി മാറ്റുന്നതാണ്. അതുകൊണ്ട് ഇത് പാസ്സാക്കിത്തരണമെന്നഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട ചെയ്തപ്രകാരമുള്ള 2007-ലെ കേരള ധനകാര്യ ബില്ലും 2007-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബില്ലും പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബില്ലുകൾ പരിഗണനയ്ക്കെടുത്തു.

**2-ാം വകുപ്പ്**

<u>**ശ്രീ. വി. ഡി. സതീശൻ**</u>: 105, 113, 125 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

<u>**ശ്രീ. എം. മുരളി**</u>: 112, 114, എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

<u>**ശ്രീ. ജോസഫ്. എം. പുതുശ്ശേരി**</u>: 117-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

<u>**ശ്രീ. എം. ഉമ്മർ**</u>: 127-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

**ധനകാര്യ വകുപ്പുമന്ത്രി (<u>ഡോ. തോമസ് ഐസക്</u>)**: ഭേദഗതികൾ സ്വീകാര്യമല്ല. നോട്ടിഫിക്കേഷനിൽക്കൂടി അഞ്ചു ലക്ഷം രൂപ വരെയുള്ള ഫ്ളാറ്റുകളെ നികുതിയിൽ നിന്നും ഒഴിവാക്കാനും വർക്സ് കോൺട്രാക്ടിന് പൂർണ്ണമായ സെറ്റ് ഓഫ് കൊടുക്കാനുമാണുദ്ദേശിക്കുന്നത്. സെറ്റ് ഓഫ് കിട്ടാൻ കാലതാമസമുണ്ടാകുമെന്ന ആശങ്കയുണ്ട്. അതുകൊണ്ട് വർക്സ് കോൺട്രാക്ടിൽ പണമൊടുക്കിക്കഴിഞ്ഞാൽ അതിന് ഉടനെ തന്നെ സർട്ടിഫിക്കറ്റ് നൽകും. ആ തുക pro-rata value അടിസ്ഥാനത്തിൽ കിഴിച്ച് വിൽപ്പനയ്ക്കുള്ള ഫ്ളാറ്റിന്റെ റേറ്റ് നൽകിയാൽ മതി. ഇതിനു പുറമേ കോർപ്പറേഷനിലും മുനിസിപ്പാലിറ്റിയിലും പഞ്ചായത്തിലും ഒന്നര ശതമാനവും കൂടി സ്റ്റാമ്പ് ഡ്യൂട്ടി കുറയ്ക്കുകയാണ്. അങ്ങനെ വരുമ്പോൾ 10 ശതമാനം കോർപ്പറേഷനിലും 9 ശതമാനം മുനിസിപ്പാലിറ്റിയിലും 6.5 ശതമാനം പഞ്ചായത്തിലും വരും.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>3-ാം വകുപ്പ്</u>

**<u>ശ്രീ. സി. ടി. അഹമ്മദ് അലി</u>**: 128-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

**<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>**: 135, 147 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

**<u>ശ്രീ. കെ. ബാബു</u>**: 136-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

**<u>ശ്രീ. എം. എ. വാഹീദ്</u>**: 137-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

**<u>ശ്രീ. എം. മുരളി</u>**: 138-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

**<u>ശ്രീ. ജോസഫ്. എം. പുതുശ്ശേരി</u>**: 142-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

**<u>ശ്രീ. വി. ഡി. സതീശൻ</u>**: 143-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

**<u>ശ്രീ. കെ. സി. വേണുഗോപാൽ</u>**: 146-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

**ധനകാര്യ വകുപ്പുമന്ത്രി (<u>ഡോ. തോമസ് ഐസക്</u>):** ശ്രീ. ബി. ബാബു പ്രസാദ് അവതരിപ്പിച്ച 141-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു. In the new section 17 D (3) of the KGST Act, 1963 proposed to be inserted by clause 3 (3) substitute the word ‘fast track’ for ‘fast tract’.

ശ്രീ. കെ. സി. വേണു ഗോപാൽ അവതരിപ്പിച്ച In the new Section 17 D(5) of the KGST Act, 1963 proposed to be inserted by clause 3 (3)

insert the words “within forty five days” after the words “fast track method shall lie” എന്ന 146-ാം നമ്പർ ഭേദഗതി സ്വീകാര്യമാണ്. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും ശ്രീ. കെ. സി. വേണുഗോപാൽ അവതരിപ്പിച്ച 146-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ഭേദഗതിചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതിചെയ്ത പ്രകാരമുള്ള 3-ാം വകപ്പ് ബില്ലിന്റെ ഭാഗമായി.

**4-ാം വകുപ്പ്**

**ശ്രീ. എ. പി. അനിൽകുമാർ**: 151-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. കെ. ബാബു: 152-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

**ശ്രീ. എം. എ. വാഹീദ്**: 154-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

**ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്)**: ഭേദഗതികൾ സ്വീകാര്യമല്ല.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**5-ാം വകുപ്പ്**

**ശ്രീ. എം. മുരളി**: 155, 172, 208, 228 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

**ശ്രീ. കെ. സി. വേണുഗോപാൽ**: 156, 168, 179, 180, 215 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

**ശ്രീ. കെ. കെ. ഷാജു**: 165-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

**ശ്രീ. എം. എ. വാഹീദ്**: 166, 169, 190, 199, 217 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

**ശ്രീ. വി. ഡി. സതീശൻ**: 167, 181, 200, 218 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

**ശ്രീ. എ. പി. അനിൽ കുമാർ**: 175, 182, 189, 216 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

**ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി**: 176, 194 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

**ശ്രീ. കെ. ബാബു**: 184, 186 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**: 185, 213 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

**ശ്രീ. ജോസഫ് എം. പുതുശ്ശേരി**: 196, 224 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

**ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്)**: ശ്രീ വി.ഡി. സതീശൻ അവതരിപ്പിച്ച 200-ാം നമ്പർ ഭേദഗതിയിലെ ആദ്യ ഭാഗമായ (1) For the words “round off” substitute “rounded off” എന്നത് സ്വീകാര്യമാണ്. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. കെ.സി. വേണുഗോപാൽ അവതരിപ്പിച്ച 156 ശ്രീ. കെ ബാബു അവതരിപ്പിച്ച 184 ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച 213 എന്നീ നമ്പർ ഭേദഗതികൾ 23-നെതിരെ 65 വോട്ടുകളോടെ സഭ നിരാകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 6-ാം വകുപ്പ്

**ശ്രീ. കെ.കെ. ഷാജു:** 229-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

**ശ്രീ. വി.ഡി. സതീശൻ:** 232 -ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

**ശ്രീ. എം.എ. വാഹീദ്:** 235 -ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

**ശ്രീ. കെ.സി. വേണുഗോപാൽ:** 236-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:** 239 -ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

**ശ്രീ. എം. ഉമ്മർ:** 240 -ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

**ശ്രീ. കെ. ബാബു:** 245 -ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

**ധനകാര്യ വകുപ്പുമന്ത്രി (<u>ഡോ. തോമസ് ഐസക്</u>):** ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. കെ.സി. വേണുഗോപാൽ അവതരിപ്പിച്ച 236, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച 239 എന്നീ നമ്പർ ഭേദഗതികൾ 24-നെതിരെ 64 വോട്ടുകളോടെ സഭ നിരാകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**<u>7-ാം വകുപ്പ്</u>**

**ധനകാര്യ വകുപ്പുമന്ത്രി (<u>ഡോ. തോമസ് ഐസക്</u>):** താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

For sub items (i), (ii) and (iii) of item (b) of sub-clause (2) of clause 7, the following shall be substituted namely:-

"(i) for item (i) the following items shall be substituted, namely:-

" (i) for each crushing machine of size not exceeding 30.48 cm x 22.86 cm = Rs. 50,000 per annum;";

(ii) for item (ii) the following item shall be substituted, namely:-

"(ii) for each crushing machine of size exceeding 30.48 cm x 22.86 cm. but not exceeding 40.64 cm x 25.40 cm = Rs.1,60,000 per annum";

(iii) for item (iii) the following item shall be substituted, namely:-

"(iii) for each crushing machine of size exceeding 40.64 cm x 25.40 cm = Rs. 3,20,000 per annum";

**ശ്രീ. കെ.കെ. ഷാജു**: 248-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

**ശ്രീ. എം. മുരളി**: 249, 276, 296 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

**ശ്രീ. എം.എ. വാഹീദ്**: 252, 255, 265 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

**ശ്രീ. എ.പി. അനിൽകുമാർ**: 254-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

**ശ്രീ. കെ. ബാബു**: 256, 267 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

**ശ്രീ. വി.ഡി. സതീശൻ**: 262, 268, 300 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**: 263 -ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

**ശ്രീ. ജി. കാർത്തികേയൻ**: 266 -ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

**ശ്രീ. സി.എഫ്. തോമസ്**: 269, 283 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

**ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്)**: ഒഫീഷ്യൽ അമെന്റ്മെന്റ് അംഗീകരിക്കണമെന്ന് അപേക്ഷിക്കുന്നു. മറ്റു ഭേദഗതികൾ സ്വീകാര്യമല്ല.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 7-ം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 7-ം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**8-ാം വകുപ്പ്**

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**1-ാം വകുപ്പും പീഠികയും പേരും**

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

**ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്):** 2007-ലെ കേരള ധനകാര്യ ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

**ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ.പ്രേമചന്ദ്രൻ):** പ്രമേയത്തെ പിന്താങ്ങുന്നു.

2007-ലെ കേരള ധനകാര്യ ബിൽ പാസ്സാക്കണമെന്ന പ്രമേയം 24-നെതിരെ 67 വോട്ടുകളോടെ സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

**സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2007-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ**

**2-ാം വകുപ്പ്**

**ശ്രീ. എം.എ. വാഹീദ്:** 104-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:** 107, 126 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

**<u>ശ്രീ.എം. മുരളി</u>:** 108, 116 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

**<u>ശ്രീ. ജോസഫ് എം. പുതുശ്ശേരി</u>:** 115-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

**<u>ശ്രീ.കെ. ബാബു</u>:** 121-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

**<u>ശ്രീ. വി.ഡി. സതീശൻ:</u>** 122-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

**ധനകാര്യ വകുപ്പുമന്ത്രി (<u>ഡോ. തോമസ് ഐസക്):</u>** ഭേദഗതികൾ സ്വീകാര്യമല്ല.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>1-ാം വകുപ്പും പീഠികയും പേരും</u>

**ധനകാര്യ വകുപ്പുമന്ത്രി (<u>ഡോ. തോമസ് ഐസക്</u>):** താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

(103) ഖണ്ഡം 1 ഉപഖണ്ഡം (2) ൽ "1-ാം തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്" എന്ന അക്കത്തിനും വാക്കുകൾക്കും പകരം "1-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ് " എന്ന അക്കവും വാക്കുകളും ചേർക്കേണ്ടതാണ്. ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

**ധനകാര്യ വകുപ്പുമന്ത്രി (<u>ഡോ. തോമസ് ഐസക്</u>):** 2007-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

**ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ</u>):** പ്രമേയത്തെ പിന്താങ്ങുന്നു.

2007-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം 25-നെതിരെ 67 വോട്ടുകളോടെ സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

## <u>2007-ലെ കേരള ഒഴിപ്പിക്കൽ നടപടികൾ താൽക്കാലിക നിർത്തിവയ്ക്കൽ ബിൽ</u>

**റവന്യൂ വകുപ്പുമന്ത്രി (<u>ശ്രീ. കെ.പി. രാജേന്ദ്രൻ</u>):** 2007-ലെ കേരള ഒഴിപ്പിക്കൽ നടപടികൾ താൽക്കാലിക നിർത്തിവയ്ക്കൽ ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള ചട്ടം 75 (1) പ്രകാരമുള്ള സ്റ്റേറ്റ്മെന്റ് മേശപ്പുറത്തു വയ്ക്കുന്നു.

ബിൽ ഭൂനികുതിയും വനവും മൽസ്യബന്ധനവും സംബന്ധിച്ച രണ്ടാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

**ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ)**: പ്രമേയത്തെ പിന്താങ്ങുന്നു.

**റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ)**: 2007-ലെ കേരള ഒഴിപ്പിക്കൽ നടപടി താൽക്കാലിക നിർത്തിവയ്ക്കൽ ബിൽ ഓർഡിനൻസ് 4 പ്രാവശ്യമായിട്ട് ഇറക്കിയതാണ്. ഒരു വർഷമാണ് ഇതിന് പ്രാബല്യമുള്ളത്. ഈ സാഹചര്യത്തിൽ ബിൽ സഭയിൽ അവതരിപ്പിച്ച് പാസ്സാക്കി നിയമമാക്കിയാൽ ഭൂരഹിതരായ കർഷകർക്ക് അത് ആശ്വാസകരമാകും. കൂടാതെ ഹൈക്കോടതിയിൽ ഇതു സംബന്ധിച്ച് നടക്കുന്ന കേസുകളിൽ ഗവൺമെന്റിന്റെ ഭാഗം ബോധ്യപ്പെടുത്താനും ഇത് സഹായകരമായിരിക്കും.

**ശ്രീ. കെ. സി. വേണുഗോപാൽ**: 2007-ലെ കേരള ഒഴിപ്പിക്കൽ നടപടികൾ താൽക്കാലിക നിർത്തിവയ്ക്കൽ ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. പ്രസക്തമായ ഒരു കാലഘട്ടത്തിലാണ് ഇത്തരത്തിലുള്ള ബിൽ സഭയിൽ വരുന്നത്. സി.ആർ.പി.എഫ്.-ന്റെ ഭൂമി കയ്യേറി കുടിയേറിയവർക്ക് ഭൂമി കൊടുക്കാനുള്ള സർക്കാരിന്റെ തീരുമാനം ഹൈക്കോടതി റദ്ദാക്കി. ആ ഭൂമി സി. ആർ.പി.എഫ്.-ന് തിരികെ നൽകണമെന്നു പറയുകയും ചെയ്തു. ഭൂമി ലഭിക്കാൻ അർഹരായ ധാരാളം ആളുകൾ ഉണ്ടാകും. അവർക്ക് ഭൂമി നൽകുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കണം. ഈ ബിൽ പ്രായോഗികമാകുമ്പോൾ മൂന്നാറിലും നടപടികളുണ്ടാകും. മൂന്നാറിലെ അനധികൃത കയ്യേറ്റം ഒഴിപ്പിക്കുന്നത് സംബന്ധിച്ച് എടുത്ത നടപടിയിൽ ദൗത്യ സംഘം നിലവിലുണ്ടോ, അവർ വർക്ക് ഉപേക്ഷിച്ച് പോയോ അവരുടെ ദൗത്യം അവസാനിപ്പിച്ചോ എന്നുള്ളത് സംബന്ധിച്ച് ജനങ്ങളുടെ സംശയം ദൂരീകരിക്കണം. സ്മാർട്ട് സിറ്റിയും മൂന്നാറിലെ അനധികൃത കയ്യേറ്റങ്ങൾ

ഒഴിപ്പിക്കലുമാണ് ഗവൺമെന്റിന്റെ ഏറ്റവും പ്രധാനപ്പെട്ട നേട്ടങ്ങളായി പറയുന്നത്. അനധികൃതമായി കയ്യേറിയ ഭൂമി ഏറ്റെടുക്കേണ്ടത് ഗവൺമെന്റിന്റെ ജോലിയാണ്. സർക്കാർ ഏറ്റെടുക്കുന്ന മിച്ചഭൂമി അർഹരായവർക്ക് മെറിറ്റടിസ്ഥാനത്തിൽ പതിച്ചുകൊടുക്കാനാ വശ്യമായ നടപടി സ്വീകരിക്കണം.

**ശ്രീ. ജോർജ് എം. തോമസ്**: ബില്ലിനെ അനുകൂലിക്കുന്നു. അമ്പായത്തോട് മിച്ചഭൂമിയിൽ താമസിക്കുന്നവരെ സംരക്ഷിക്കാൻ കൊണ്ടുവന്നതാണ് ഈ ബിൽ. അമ്പായത്തോടിലുള്ള ഭൂരഹിതരായ കർഷകർക്ക് മിച്ചഭൂമി വിതരണം ചെയ്യാനും അവരെ സംരക്ഷിക്കാനുമാവശ്യമായ നടപടി സ്വീകരിക്കണം. യു.ഡി.എഫ്. ഗവൺമെന്റ് സി.ആർ.പി.എഫിന് പരിശീലന സമുച്ചയം സ്ഥാപിക്കുന്നതിന് വിതരണം ചെയ്യാൻ തീരുമാനമെടുത്ത സ്ഥലമാണ് ഇത്. കോഴിക്കോടിലെയും താമരശ്ശേരിയിലെയും കർഷകത്തൊഴിലാളികളുടെ ചെറുത്തുനിൽപ്പിന്റെ ഫലമായി അത് പ്രാവർത്തികമായില്ല. 848 കുടുംബങ്ങൾ അവിടെ കുടിൽകെട്ടി താമസിക്കുകയാണ്. അവർക്ക് ഭൂമി നൽകിയശേഷം ബാക്കി ഭൂമി അർഹതപ്പെട്ട ഭൂരഹിതർക്ക് നൽകണം. അവിടെ താമസിച്ചുകൊണ്ടിരിക്കുന്നവർക്ക് വീട്ടുനമ്പരും റേഷൻകാർഡും വോട്ടവകാശവും വൈദ്യുതിയും വീട് വയ്ക്കുന്നതിന് ആവശ്യമായ സഹായവും നൽകുന്നതിനുള്ള നടപടി സ്വീകരിക്കണം.

**ശ്രീ. പള്ളിപ്രം ബാലൻ** : ബില്ലിനെ അനുകൂലിക്കുന്നു. കോഴിക്കോട് ജില്ലയിലെ രാരോത്ത് പ്രദേശത്തെ കുടിയേറ്റക്കാരായ ഭൂരഹിതർക്കും അർഹതപ്പെട്ടവർക്കും ഭൂമി പതിച്ചുനൽകാനാവശ്യമായ നടപടി സ്വീകരിക്കണം. അനധികൃത ഭൂമി കയ്യേറ്റക്കാരുടെ മേൽ എടുക്കുന്ന

നടപടികളുമായി മുന്നോട്ടുപോകണം. പിടിച്ചെടുക്കുന്ന ഭൂമി ഭൂരഹിതരായ പാവപ്പെട്ടവർക്ക് പതിച്ചുനൽകണം. അമ്പായത്തോടിൽ കൈവശക്കാർക്ക് ഭൂമി നൽകിയശേഷം ഭൂമിയില്ലാത്തവരിൽനിന്നും അപേക്ഷ സ്വീകരിച്ചുകൊണ്ട് അർഹരായവർക്ക് നൽകാനുള്ള നടപടി സ്വീകരിക്കണം.

**ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി:** ഇപ്പോൾ അമ്പായത്തോട് താമസിക്കുന്നവരിൽ വിദൂരദേശങ്ങളിൽനിന്നും വന്നവരും ഭൂമി ഉള്ളവരുമുണ്ട്. അർഹരായ കർഷകത്തൊഴിലാളികളുടെ ലിസ്റ്റിന് മുൻഗണന കൊടുത്തശേഷം മാത്രമേ മറ്റുള്ളവരെ പരിഗണിക്കാവൂ. അനർഹരായവരെ മാറ്റിനിർത്തി അർഹതപ്പെട്ടവർക്ക് ഭൂമി പതിച്ചുനൽകാനുള്ള സംവിധാനമുണ്ടാകണം. ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് ഇന്ന് നിലനിൽക്കുന്ന സംശയങ്ങൾ ദൂരീകരിക്കണം.

**ശ്രീ. എം. കെ. പ്രേംനാഥ്:** ബില്ലിനെ അനുകൂലിക്കുന്നു. സി.ആർ.പി.എഫ്. ക്യാമ്പിനുവേണ്ടി യു.ഡി.എഫ്.ഗവൺമെൻറ് നിശ്ചയിച്ചിരുന്ന സ്ഥലത്തെ താമസക്കാരായ ജനങ്ങളെ സംരക്ഷിക്കാനായി ഈ ബിൽ കൊണ്ടുവന്നത് ശ്ലാഘനീയമാണ്. അനേകം സമരങ്ങൾ അവിടെ നടന്നിട്ടുണ്ട്. അർഹരായവർക്ക് ഭൂമി പതിച്ച് നൽകണം. ഈ ബില്ലിനെ എല്ലാവരും സ്വാഗതം ചെയ്യുന്നുണ്ട്.

**ശ്രീ. മോൻസ് ജോസഫ്** : ബില്ലിനെ അനുകൂലിക്കുന്നു. അനധികൃത കയ്യേറ്റക്കാരെ ഒഴിപ്പിച്ചുകൊണ്ട് ഭൂരഹിതരായ കർഷകത്തൊഴിലാളികളെ സംരക്ഷിക്കാനുള്ള നടപടികളുമായി ഈ ഗവൺമെന്റ് മുന്നോട്ട് പോകുകയാണ്. പാവപ്പെട്ട ഭൂരഹിതരായ. കർഷകരെ സംരക്ഷിക്കുക എന്നത് സാമൂഹ്യ പ്രതിബദ്ധതയുള്ള ഒരു ഗവൺമെന്റിന്റെ കടമയാണ്.

അനധികൃത കയ്യേറ്റക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്ന ഗവൺമെന്റിന്റെ നയം സ്വാഗതാർഹമാണ്.

<u>**ശ്രീ. പി.എം.എ. സലാം**</u> : ബില്ലിനെ അനുകൂലിക്കുന്നു. കോഴിക്കോട് ജില്ലയിൽ രാരോത്ത് വില്ലേജിൽ 840-ലധികം വരുന്ന പാവപ്പെട്ട കർഷക കുടുംബങ്ങൾ 1992 മുതൽ അവിടെ താമസിച്ചുവരുകയാണ്. 1963-മുതൽ ഈ ഭൂമി മിച്ചഭൂമിയാണ്. ആ മിച്ചഭൂമി അവർക്കുതന്നെ പതിച്ചുകൊടുക്കേണ്ടതാണ്. അതിനുള്ള അപേക്ഷകൾ കോഴിക്കോട് കളക്ടർ പരിശോധിച്ചുവരികയാണ്. ഹൈക്കോടതിയുടെ വിധിന്യായം മറികടന്നുകൊണ്ടാണ് ഈ ബിൽ കൊണ്ടുവന്നിട്ടുള്ളത്. അവിടെ തൊഴിലാളികൾക്കെതിരായ സമരവും നടക്കുന്നുണ്ട്.

<u>**ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി**</u> : ബില്ലിനെ അനുകൂലിക്കുന്നു. മന്ത്രി സമഗ്രമായി റിപ്പോർട്ട് അവതരിപ്പിച്ചിട്ടുണ്ട്. ഈ ബില്ലിലൂടെ കുടികിടപ്പുകാർക്ക് ഭൂമി ലഭിക്കുന്നതിന് ശാശ്വത പരിഹാരം ആവശ്യമാണ്. ഇക്കാര്യത്തിലുള്ള ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ആത്മാർത്ഥമായ പരിശ്രമം കൊണ്ടാണ് ഈ ബില് കൊണ്ടുവരാൻ കഴിഞ്ഞത്. ഈ നിയമത്തിന്റെ വ്യവസ്ഥകൾ പ്രാവർത്തികമാക്കുന്ന സന്ദർഭത്തിൽ, മിച്ചഭൂമി പതിച്ചുനൽകുന്നതിൽ തിരിമറി ഉണ്ടാകാതെ ശ്രദ്ധിക്കണം. പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട പാവപ്പെട്ടവർക്ക് ലഭിക്കേണ്ട ഭൂമി അവർക്കുതന്നെ ലഭിക്കുന്നതിനു മറ്റ് പഴുതുകളടയ്ക്കണം. ഭൂ പരിഷ്ക്കരണ നിയമത്തിലൂടെ സംസ്ഥാനത്ത് നാമമാത്രമായ ചെറുകിട കർഷകർക്കാണ് മിച്ചഭൂമിയിൽ കൈവശാവകാശം ലഭിച്ചിരുന്നത്. ഈ നിയമത്തിന്റെ ആനുകൂല്യം എത്രയുംപെട്ടെന്ന് കർഷകർക്ക് ലഭ്യമാക്കാൻ നടപടി

സ്വീകരിക്കണം. ഈ ഭൂമിയിൽ ഇപ്പോൾ താമസിക്കുന്ന ഭൂ രഹിതരായ കർഷകർക്ക് അത് ലഭ്യമാക്കണം.

**<u>ശ്രീ. എ. പ്രദീപ് കുമാർ</u>:** ബില്ലിനെ അനുകൂലിക്കുന്നു. 1963-ലെ കേരള ഭൂ പരിഷ്ക്കരണ നിയമത്തിൽ 96-ാം വകുപ്പിൻ കീഴിൽ 842 കുടുംബങ്ങൾ ഈ പ്രദേശത്ത് താമസിക്കുകയാണ്. അവരിൽ എല്ലാ വിഭാഗക്കാരുമുണ്ട്. കഴിഞ്ഞ 15 വർഷമായിട്ട് അവർ അവിടെ താമസിക്കുകയാണ്. തുടർന്നും അവരെ അവിടെത്തന്നെ താമസിപ്പിക്കുന്നതിന് ഈ ബിൽ നിയമമായി മാറേണ്ടതുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അവരെ കുടിയൊഴിപ്പിക്കുന്നതിനുവേണ്ടിയുള്ള ക്രൂരമായ ശ്രമങ്ങളാണ് നടന്നത്. ഈ സ്ഥലം ബാണാസുര പ്ളാന്റേഷനുവേണ്ടിയും സി.ആർ.പി. എഫ്.-ന് പരിശീലന സമുച്ചയം ആരംഭിക്കുന്നതിനും അനുമതി കൊടുത്തപ്പോൾ അവിടുത്തെ ജനങ്ങളുടെ ശക്തമായ പ്രതിഷേധമുണ്ടായി. യാതൊരു നിവൃത്തിയുമില്ലാത്തവരാണ് അവിടെ താമസിക്കുന്നത്. മാനദണ്ഡം പരിഗണിച്ച് അവർക്ക് ഭൂമി പതിച്ചുനൽകണം. ഗ്ളോബൽ ഇൻവെസ്റ്റ്മെന്റ് മീറ്റിന്റെ തണലിൽ മൂന്നാർ, വേമ്പനാട്, വാഗമൺ തുടങ്ങിയ സ്ഥലങ്ങളിൽ നടന്ന കയ്യേറ്റം യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ഉണ്ടായതാണ്. ഈ ഗവൺമെന്റ് അനധികൃത കയ്യേറ്റങ്ങൾ പലതും ഒഴിപ്പിച്ച് ആയിരക്കണക്കിന് ഏക്കർ ഭൂമി പിടിച്ചെടുത്തുകൊണ്ടിരിക്കുകയാണ്.

**<u>ശ്രീ. ജോസഫ് എം. പുതുശ്ശേരി</u>:** അർഹതപ്പെട്ടവർക്ക് ഭൂമി ലഭിക്കുന്നതിന് യു.ഡി.എഫ്. എതിരല്ല. മൂന്നാർ ഭൂമി കയ്യേറ്റം ഒഴിപ്പിക്കുന്നതിൽ പ്രതിപക്ഷം കലവറയില്ലാത്ത പിൻതുണ നൽകിയിട്ടുണ്ട്.. അനധികൃത കയ്യേറ്റം അവകാശമായി മാറിക്കൂട. അർഹതപ്പെട്ടവർക്ക് മെരിറ്റ്

അടിസ്ഥാനത്തിൽ ഭൂമി പതിച്ചുനൽകാൻ നടപടി സ്വീകരിക്കണം. ഈ ബില്ലിൽ മൂന്നാർ ഒഴിപ്പിക്കൽ നടപടികൂടി ഉൾപ്പെടുത്തേണ്ടതാണ്. ഈ ഗവൺമെന്റ് മൂന്നാർ, വാഗമൺ തുടങ്ങി പല ഒഴിപ്പിക്കൽ നടപടികളിലും സുതാര്യത പുലർത്തിയിട്ടില്ല.

**റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ):** കോഴിക്കോട് താലൂക്കിൽ രാരോത്ത് വില്ലേജിൽ 126 ഏക്കർ സ്ഥലമാണ് മിച്ച ഭൂമിയായി ഡിക്ളയർ ചെയ്തിട്ടുള്ളത്. ഈ സ്ഥലത്തിൽ സി.ആർ.പി.എഫ്.-ന്റെ ആവശ്യത്തിനുവേണ്ടി 95 ഏക്കർ ഭൂമി കൊടുക്കുവാൻ മുൻ ഗവൺമെന്റിന്റെ കാലത്ത് തീരുമാനമെടുത്തെങ്കിലും അവർക്ക് ആവശ്യമില്ലായെന്ന് അറിയിച്ചതുകൊണ്ട് 1977-ൽ റദ്ദാക്കിയതാണ്. ഭൂപരിഷ്ക്കരണ നിയമ പ്രകാരം മിച്ച ഭൂമിയിൽ കുടികിടപ്പുകാരുണ്ടെങ്കിൽ അവർക്ക്. പ്രസ്തുത ഭൂമി ആ രീതിയിൽതന്നെ പതിച്ചുനൽകണം. ബാക്കി വരുന്ന മിച്ച ഭൂമി ഭൂരഹിതരായ കർഷകത്തൊഴിലാളികൾക്ക് കൊടുക്കണമെന്നതാണ്. അത്തരത്തിൽ മിച്ചഭൂമിയായി ഡിക്ളയർ ചെയ്ത പല ഭൂമികളും വിതരണം ചെയ്തിട്ടില്ല. ഗവൺമെന്റിന്റെ പല ഭൂമികളും സമ്പന്നന്മാർ കയ്യേറി വച്ചിരിക്കുകയാണ്. കോഴിക്കോട് ജില്ലയിലെ രാരോത്ത് വില്ലേജിലെ മിച്ചഭൂമിയുമായി ബന്ധപ്പെട്ട് നിരവധി കേസ്സുകൾ ഉണ്ടായിട്ടുണ്ട്. അവിടെ താമസിക്കുന്ന പാവപ്പെട്ടവർ പല രാഷ്ട്രീയ പാർട്ടികളിൽപ്പെട്ടവരും ജില്ലയുടെ പല ഭാഗങ്ങളിൽ നിന്നും വന്നു താമസിക്കുന്നവരുമാണ്. അവരെ ഒഴിപ്പിക്കണമെന്ന് കോടതി പറഞ്ഞിട്ട് സാമൂഹ്യ യാഥാർത്ഥ്യം കണക്കിലെടുത്ത് നിയമപരമായി അവരെ സംരക്ഷിക്കുന്നതിനുവേണ്ടിയാണ് ഓർഡിനൻസ് കൊണ്ടുവന്നത്. രാരോത്ത് വില്ലേജിലെ ഭൂമി വിതരണം ചെയ്യുന്നതിനായി കഴിഞ്ഞ ജൂലൈമാസം അപേക്ഷ സ്വീകരിക്കാൻ

കോഴിക്കോട് കളക്ടറേറ്റിൽ നടപടിയെടുക്കുകയും ലഭിച്ച അപേക്ഷകൾ പ്രോസസ് ചെയ്ത് മുന്നോട്ടുപോവുകയുമാണ്. മിച്ചഭൂമി അർഹതപ്പെട്ടവർക്ക് പതിച്ചുകൊടുത്താൽ മാത്രമേ പരിഹാരമുണ്ടാകൂ. അർഹതപ്പെട്ട പാവപ്പെട്ടവർക്ക് മാത്രമേ മിച്ച ഭൂമി പതിച്ചുനൽകൂ. ഭൂമിയുള്ള അനർഹർക്ക് ഇത് കൊടുക്കില്ല. അർഹത പരിശോധിച്ച് ഭൂമി പതിച്ചുകൊടുത്തശേഷം ബാക്കിയുള്ള ഭൂമി കോഴിക്കോട് ജില്ലയിൽ അർഹതപ്പെട്ടവർ വേറെയുണ്ടെങ്കിൽ അവർക്ക് കൊടുക്കും. 2100 ഏക്കർ ഭൂമിയാണ് മിച്ച ഭൂമിയായി ആകെ ലഭിച്ചിട്ടുള്ളത്. വടക്കേക്കളത്തിന്റെ കാര്യത്തിൽ തീരുമാനമായിട്ടുണ്ട്. പല ജില്ലകളിലും ഇത്തരം പ്രശ്നങ്ങൾ വരുന്നുണ്ട്. സമവായത്തിലൂടെ ഇത്തരം കാര്യങ്ങളിൽ യോജിപ്പുണ്ടാകണം. ഈ നിയമത്തിന്റെ കാര്യത്തിൽ ആവശ്യമായ ജാഗ്രതയും മുൻകരുതലും വേണം. ഇക്കാര്യത്തിൽ ഗവൺമെന്റിന് ഒരു നയമുണ്ട്; അതുമായി മുന്നോട്ടുപോവുകയാണ്. കേരളത്തിലെ കിടക്കാടമില്ലാത്ത പാവപ്പെട്ട എല്ലാവർക്കും ഭൂമി നൽകി വീട് നിർമ്മിച്ചുകൊടുക്കുമെന്ന മുഖ്യമന്ത്രിയുടെ പ്രഖ്യാപനം നടപ്പാക്കുന്നതിന് ഗവൺമെന്റ് ഇച്ഛാശക്തിയോടെയുള്ള നടപടിയാണ് സ്വീകരിക്കുന്നത്. മൂന്നാറിൽ നിയമവിരുദ്ധമായി ഭൂമി കയ്യേറ്റം നടത്തിയവരെ ഒഴിപ്പിക്കുന്നതിൽ നിന്ന് ഒരു കാരണവശാലും ഈ ഗവണ്മെന്റ് പിന്മാമാറുന്ന പ്രശ്നമില്ല. കഴിഞ്ഞ 5 വർഷക്കാലം ഭരിച്ചിട്ട് ഒരു തുണ്ടു ഭൂമി പോലും പിടിച്ചെടുക്കാൻ കഴിയാത്തവരാണ് ആയിരക്കണക്കിന് ഏക്കർ ഭൂമി പിടിച്ചെടുത്ത ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവണ്മെന്റിന്റെ നടപടിയെ വിമർശിക്കുന്നത്. കയ്യേറിയ ഭൂമി തിരിച്ചുപിടിച്ച് ഭൂരഹിതരായ കർഷകത്തൊഴിലാളികൾക്കും പാവപ്പെട്ടവർക്കും വിതരണം ചെയ്യുമെന്ന കാര്യത്തിൽ

തർക്കമില്ല. ഇത്തരം തീരുമാനങ്ങളെ പിൻതുണയ്ക്കാൻ പ്രതിപക്ഷം തയ്യാറാകണം.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

2007-ലെ കേരള ഒഴിപ്പിക്കൽ നടപടികൾ താൽക്കാലിക നിർത്തിവയ്ക്കൽ ബിൽ ഭൂ നികുതിയും, വനവും, മൽസ്യബന്ധനവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കണമെന്ന് പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയച്ചു.

## റൂളിംഗ്.

**മി. സ്പീക്കർ:** റൂൾ 304 പ്രകാരം സബ്മിഷൻ ഉന്നയിക്കുന്നതു സംബന്ധിച്ച് ചില തർക്കങ്ങൾ ഭരണ-പ്രതിപക്ഷ ഭാഗത്തു നിന്നും ഉയർന്നുവരികയുണ്ടായി. ഈ കാര്യം സംബന്ധിച്ച് ചെയർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ റൂളിംഗ് നൽകുകയാണ്. സംസ്ഥാനത്തെ ഒരു സംഗതി അത്യാവശ്യമായി സഭയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് നിയമസഭാ ചട്ടത്തിലെ റൂൾ 304. ഈ ചട്ടത്തിന്റെ അടിസ്ഥാനത്തിൽ തങ്ങളുടെ മണ്ഡലവുമായി ബന്ധപ്പെട്ടതും പൊതുപ്രാധാന്യമുള്ളതുമായ പല വിഷയങ്ങളും സഭയിൽ ഉന്നയിച്ചുവരുന്നു. എന്നാൽ സബ്മിഷന്റെ ഉദ്ദേശലക്ഷ്യങ്ങൾ ചോർത്തിക്കളയുന്ന ചില വിഷയങ്ങൾ റൂൾ 304 മുഖേന സഭയിൽ ഉന്നയിക്കുന്നതിന് അനുമതി തേടുകയും സഭയിൽ ഉന്നയിക്കുകയും ചെയ്തിട്ടുണ്ട്. പത്രവാർത്തകളുടെ അടിസ്ഥാനത്തിൽ വ്യക്തിപരമായ അഴിമതിയാരോപണങ്ങൾ ഉന്നയിക്കുന്നതും ഇത്തരത്തിൽപ്പെട്ട ഒന്നാണ്. ആ പ്രവണത നിരുൽസാഹപ്പെടുത്തേണ്ടതാണെന്ന് ചെയർ കരുതുന്നു. കണിച്ചു

കുളങ്ങര കൊലക്കേസ് ആക്ഷൻ കൗൺസിൽ നൽകിയ പരാതി സംബന്ധിച്ച് സഭയിൽ വിഷയം ഉന്നയിക്കുമ്പോൾ ആരോപണം പറയുന്നത് ഓർഡറിലാണോ എന്ന പ്രശ്നം ചില അംഗങ്ങൾ ഉന്നയിച്ചപ്പോൾ പരിശോധിക്കാമെന്ന് ചെയർ വ്യക്തമാക്കിയിരുന്നു. ഇത്തരം കാര്യങ്ങൾ ചെയർ ഗൗരവമായിട്ടാണ് കാണുന്നത്. ഈ കാര്യങ്ങളൊക്കെ വിശദമായി പരിശോധിച്ച് ആവശ്യമായ നടപടി കൈക്കൊള്ളാൻ ചെയർ തയ്യാറാകുന്നു. ഭരണ പ്രതിപക്ഷ വ്യത്യാസമില്ലാതെ ഉന്നയിക്കുന്ന ആരോപണ പ്രത്യാരോപണങ്ങൾ സഭയുടെ പൊതുവായ അന്തസ്സിനും പരസ്പര വിശ്വാസത്തിനും ബഹുമാനത്തിനും കോട്ടം തട്ടുന്നതാണ്. അതിനാൽ റൂൾ 304 പ്രകാരമുള്ള വിഷയങ്ങൾ ഉന്നയിക്കുമ്പോൾ അതിന്റെ അന്ത:സത്തയ്ക്ക് അനുസൃതമായിരിക്കണമെന്നും ഈ കാര്യത്തിൽ സഭയിൽ ഒരു സമവായം ഉണ്ടാകണമെന്നും അതിന് മുഴുവൻ അംഗങ്ങളുടെയും പിൻതുണ ഉണ്ടാകണമെന്നും ചെയർ അഭ്യർത്ഥിക്കുന്നു.

സഭ വൈകുന്നേരം 5.37-ന് പിരിഞ്ഞു.

****************